Reg. M. No. 2293

ഒററപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 മകരം 6—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 ജനുവരി 19 | ലക്കം 22

## തൊഴിൽകാര്യമദ്ധ്യസ്ഥനായ വൈദികൻ

(ഏ ജി. അഗസ്റ്റിൻ, ബി. ഏ. ബി. എൽ.)

അമേരിക്കയിലെ ഒട്ടുമിക്ക തുറമുഖനഗരങ്ങളിലും ഇടയ്ക്കിടയ്ക്കു പണിമുടക്കു ഉണ്ടാകാറുണ്ട്. അതുപോലെതന്നെ കളവുകളും അക്രമപ്രവൃത്തികളും അത്ര കുറവല്ല. എന്നാൽ അവിടത്തെ രണ്ടാമത്തെ ഏററവും വലിയ തുറമുഖപ്പട്ടണമായ ഫിലാഡെൽഫിയായിൽ അങ്ങനെയുള്ള കുഴപ്പങ്ങൾ യാതൊന്നും ഉണ്ടാകാറില്ലെന്നു പറയാം. ഇതിനുത്തരവാദി ഫാദർ ഡെന്നിസ് കോമി എന്ന ഒരു ജസ്വീററ് വൈദികനാണ്. 1951-ൽ അദ്ദേഹം തൊഴിൽകാര്യങ്ങളിൽ നേതൃത്വം ഏറെറടുത്തതിനുശേഷം അവിടെ യാതൊരു തൊഴിൽകുഴപ്പവും ഉണ്ടായിട്ടില്ലെന്നുള്ളതു് പ്രസ്താവ്യമാണ്. പ്രശസ്തനായ ഈ വൈദികനെപ്പററി ഒരമേരിക്കൻ മാസികയിൽ വായിച്ച ചില വിവരങ്ങൾ ചുവടെ ചേക്കുന്നതു് സംഗതമായിരിക്കുമല്ലോ.

കഴിഞ്ഞകൊല്ലം അനേകശതം കപ്പലുകൾ ഫിലഡെൽഫിയാ തുറമുഖത്തടുത്തു ചരക്കുകളിറക്കിയെങ്കിലും ഒരൊററ പ്രാവശ്യം പോലും പണിമുടക്കുണ്ടായില്ല. തന്മൂലം തൊഴിലാളികൾക്കു ഒരൊററ പൈയുടെ നഷ്ടവും ഉണ്ടായില്ലെന്നു തന്നെയല്ല, തുറമുഖത്തിനു വലിയ അഭിവൃദ്ധി ഉണ്ടാവുകയുംചെയ്തു. കഴിഞ്ഞകൊല്ലം ന്യൂയോക്ക് തുറമുഖത്താകട്ടെ 52 പ്രാവശ്യം പണിമുടക്കുണ്ടായി. മൻഹാട്ടനിൽ ഈയിടെ ഉണ്ടായ പണിമുടക്കുനിമിത്തം ന്യൂയോർക്കു തുറമുഖത്തു 40 കോടി പവന്റെ വ്യാപാരനഷ്ടവും തൊഴിലാളികൾക്കു അനേകലക്ഷം പവന്റെ കൂലിനഷ്ടവും നേരിട്ടു. ഫാദർ കോമിമാത്രമാണ് ഫിലാഡെൽഫിയായിലെ എല്ലാ തൊഴിൽതക്കങ്ങളിലും മദ്ധ്യസ്ഥത വഹിക്കുന്നതു്. അവിടെ തൊഴിൽരംഗത്തു് സമാധാനം പുലത്തിക്കൊണ്ടുപോകുന്നതിന്റെ രഹസ്യവും അതുതന്നെ. അദ്ദേഹത്തിന്റെ പദവി എന്തെന്നു തൊഴിലുടമകളുടേയും തൊഴിലാളികളുടേയും സംഘടനകൾ തമ്മിലുള്ള കരാറിൽ നിവ്വചിച്ചിട്ടുണ്ട്. ഫാദർ കോമിയുടെ തീരുമാനങ്ങളെപ്പററി തൊഴിലാളികൾക്കോ മുതലാളികൾക്കോ അപ്പീൽകൊടുക്കാൻ സാദ്ധ്യമല്ല. തൊഴിൽകാര്യങ്ങളിൽ പരമാധികാരത്തോടുകൂടിയാണ് അദ്ദേഹം വത്തിക്കുന്നതു്. അദ്ദേഹത്തിന്റെ സഹായം ആവശ്യപ്പെട്ടാലും ഇല്ലെങ്കിലും തൊഴിൽക്കുഴപ്പം ഉണ്ടാകുന്നിടത്തു് ആ വൈദികൻ പാഞ്ഞെത്താതിരിക്കുകയില്ല. കരാറിലെ ഏതെങ്കിലും വ്യവസ്ഥ ആരെങ്കിലും ലംഘിക്കുന്നപക്ഷം അതേപ്പററി അന്വേഷിച്ചു തീരുമാനിക്കുന്നതിനു അദ്ദേഹത്തിനു അധികാരമുണ്ട്. ആവശ്യമെന്നു തോന്നുന്ന ഏതൊരു നടപടിയും അദ്ദേഹത്തിനു സ്വീകരിക്കാവുന്നതാണ്. മുതലാളികളും തൊഴിലാളികളും ചെയ്ത ഏതെങ്കിലും കരാറു ദുർബലപ്പെടുത്താൻ അദ്ദേഹത്തിനു ഉത്തരവുനൽകാം. അദ്ദേഹത്തിന്റെ തീരുമാനങ്ങൾ ഇരുകൂട്ടർക്കും ബാധകമായിരിക്കും. തൊഴിലുടമകളും തൊഴിലാളികളുംകൂടി ഫാദർ കോമിക്കു സ്വമേധയാ നൽകിയിട്ടുള്ളിടത്തോളം അധികാരങ്ങൾ അമേരിക്കയിലെ മറെറാരു തൊഴിൽകാര്യമദ്ധ്യസ്ഥനും നൽകിയിട്ടില്ലതന്നെ.



വിശുദ്ധ സെബസ്ത്യാനോസെ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്ക.
തിരുനാൾ ജനുവരി 20

തുറമുഖത്തു ചരക്കുകൾ ഇറക്കുന്ന സ്ഥലത്തു തൊഴിലാളികളെക്കൊണ്ടു അധികനേരം പണിയെടുപ്പിക്കാൻവേണ്ടി തൊഴിലുടമകൾ യൂണിയൻ ഭാരവാഹികൾക്കു കൈക്കൂലികൊടുക്കുന്ന പതിവ് ഒട്ടുമിക്ക തുറമുഖനഗരങ്ങളിലുമുണ്ട്. എന്നാൽ ഫിലാഡെൽഫിയായിൽ ഏതെങ്കിലും യൂണിയൻ ഭാരവാഹി കൈക്കൂലി മേടിക്കുകയാണെങ്കിൽ ഫാദർ കോമി അയാളെ വേണ്ടവിധം ശിക്ഷിപ്പെടുത്തിക്കൊള്ളും. അദ്ദേഹം നല്ലൊരു സംഭാഷണചതുരനാണ്. ഇററാലിയൻ, ജമ്മൻ, ഫ്റെഞ്ച് എന്നീ ഭാഷകൾക്കു പുറമെ ഫിലാഡെൽഫിയാ തുറമുഖപ്രദേശത്തെ നാടോടിഭാഷയും അദ്ദേഹത്തിനു വശമാണ്. അദ്ദേഹം ആരേയും ഭയപ്പെടുന്ന കൂട്ടത്തിലല്ല. യൂണിയൻ ഭാരവാഹികളിൽനിന്നും തൊഴിലുടമകളിൽനിന്നുമെല്ലാം അദ്ദേഹം സത്യനിഷ്ഠമായ പെരുമാററമാണ് പ്രതീക്ഷിക്കുന്നതു്. നീതിവിരുദ്ധമായ പ്രവൃത്തികൾക്കു ഇരുകൂട്ടരേയും അദ്ദേഹം ഒരേതരത്തിൽ കുററപ്പെടുത്തുകതന്നെ ചെയ്യുന്നു.

ഔദ്യോഗിക തൊഴിൽകാര്യമദ്ധ്യസ്ഥൻ എന്ന നിലയിൽ അനുഷ്ഠിക്കുന്ന സേവനങ്ങൾക്കു ഫാദർ കോമി യാതൊരു ശമ്പളവും വാങ്ങുന്നില്ല. മുതലാളികളുടെ വ്യാപാരസംഘടനയും തൊഴിലാളിയൂണിയനും തമ്മിൽ ചെയ്ത കരാറനുസരിച്ച്, ഫാദർ കോമി ചെയ്യുന്ന ഓരോ മദ്ധ്യസ്ഥതീരുമാനത്തിനും അവർ സെൻറ് ജോസഫ്സ് കോളേജിലെ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഇൻഡസ്ട്രിയൽ റിലേഷൻസ് (Institute of Industrial Relations) എന്ന സ്ഥാപനത്തിനു 50 ഡോളർവീതം സംഭാവന ചെയ്യേണ്ടതാണ്. വ്യാപാരസംഘടന ഈ തുക കൃത്യമായി കൊടുക്കാറുണ്ട്. എന്നാൽ തൊഴിലാളിയൂണിയന്റെ ധനസ്ഥിതി അത്ര മെച്ചമല്ലാത്തതുകൊണ്ടു് അവർ അക്കാര്യത്തിൽ അല്പം അമാന്തം കാണിക്കാറുണ്ട്.

തന്റെ ജോലി സംബന്ധിച്ചു അനേകം മൈൽദൂരം ദിവസേന അദ്ദേഹത്തിനു യാത്രചെയ്യേണ്ടിവരുന്നുണ്ട്. ഒരു പഴഞ്ചൻ കാറിലാണ് ഈ യാത്രയെല്ലാം. ഒരു പുതിയ കാർ അദ്ദേഹത്തിനു സമ്മാനിക്കാൻ മുതലാളികളുടെ വ്യാപാരസംഘടന ഈയിടെ തീരുമാനിച്ചു. തൊഴിലാളിയൂണിയൻ പ്രവത്തകരും ഇതു് നല്ലൊരു കാര്യമാണെന്നു പറഞ്ഞു അനുകൂലിച്ചു. എന്നാൽ ഫാദർ കോമി അതിനു വഴിപ്പെട്ടില്ല. "തൊഴിലുടമസ്ഥന്മാർ എനിക്കു സമ്മാനിച്ച ഒരു കാറിൽ കയറി ഒരു തൊഴിൽതക്കം തീക്കാൻ പോയാൽ അതു എന്റെ നിഷ്പക്ഷതയെ ചോദ്യം ചെയ്യുകയില്ലേ" എന്നാണു അദ്ദേഹം ചോദിച്ചതു്.

തൊഴിലാളിപ്രശ്നങ്ങളിൽ ഫാദർ കോമി അത്യധികമായ താല്പര്യം പ്രദർശിപ്പിക്കുന്നുണ്ടെങ്കിലും "ഒരു തൊഴിലാളി വൈദികൻ" എന്നു അദ്ദേഹം സ്വയം കരുതുന്നില്ല. മുതലാളികൾക്കും തൊഴിലാളികൾക്കും നീതി ലഭിക്കണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ ലക്ഷ്യം. പലപ്പോഴും മുതലാളികൾക്കു അനുകൂലമായും മററു പലപ്പോഴും തൊഴിലാളികൾക്കു അനുകൂലമായും അദ്ദേഹം തീരുമാനങ്ങൾ നൽകിയിട്ടുണ്ട്. ഓരോ തക്കവും പ്രത്യേകംപ്രത്യേകം പരിശോധിച്ചാണ് അദ്ദേഹം തീരുമാനിക്കുന്നതു്. മുതലാളികൾക്കും തൊഴിലാളികൾക്കും തന്നെ ആവശ്യമില്ലെന്നു പറഞ്ഞാൽ ജോലി രാജിവച്ചുപോകാൻ ഫാദർ കോമി സന്നദ്ധനാണ്. എന്നാൽ അദ്ദേഹം രാജിവയ്ക്കുന്ന കാര്യം ഇരുകൂട്ടർക്കും സമ്മതമല്ല. അദ്ദേഹത്തിന്റെ സേവനംമൂലം ഫിലാഡെൽഫിയാ തുറമുഖം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കയാണ്. മുതലാളികൾക്കു നല്ല ലാഭവും തൊഴിലാളികൾക്കു നല്ല വേതനവും ജീവിതസൗകര്യങ്ങളും ലഭിക്കുന്നു. ഡോക്കുകളിൽ ദസ്ലാക്കു ചെയ്യുന്ന ചരക്കുകൾ മുമ്പൊക്കെ

(ശേഷം 3-ാംപേജിൽ)

ആഖ്യായിക

# ബാറബാസ്



## അദ്ധ്യായം 1

## എസ്രായുടെ പലായനം

(വി. സി. ജോർജ്ജ് ബി. എ. എൽ. റി.)

(തുടർച്ച)

ദ്രുബൻ അവജ്ഞാസൂചകമായി മൂണ്ടുകടിച്ചു "എസ്രാ, അയാളുടെ കാര്യം സംസാരിക്കരുതു് ബാറബാസ്! ആ പേര ഞാൻ കേട്ടിട്ടുണ്ടോയെന്നാണല്ലോ താൻ ചോദിച്ചതു് ആ പെരുങ്കള്ളനെക്കൊണ്ടു് എന്തുകാര്യം സാധിക്കാനാണു്?"

"പെരുങ്കള്ളൻ! പെരുങ്കള്ളൻ! ദ്രുബൻ, താനൊരു തിരുമണ്ടൻ തന്നെ. റോമന്മാർ മററുവല്ലവരുമാണോ? അവർ ആയിരങ്ങളും പതിനായിരങ്ങളും ചേന്ന സേനാസംഘങ്ങളും, കുന്തങ്ങളും, ഖഡ്ഗങ്ങളും, ബാണങ്ങളുമായി വരുന്നതുകൊണ്ടു് കള്ളന്മാരല്ലാ പോലും. ലോകം മുഴുവനും ഈ കൂട്ടർ കൊള്ളചെയ്തില്ലേ? എന്നാലും ബാറബാസിനാണു് പെരുങ്കള്ളനെന്ന പേർ. അയാളുടെ പ്രവൃത്തിയെന്താണെന്നറിയാമോ? അയാൾ ദരിദ്രരെയും അനാഥരെയും ആക്രമിക്കുന്നുണ്ടോ? ഇല്ലെന്നു മാത്രമല്ല അങ്ങനെയുള്ളവരെ സഹായിക്കുന്നുമുണ്ടു്. അയാൾക്കും അനുചരന്മാർക്കും ഉപജീവനത്തിനാവശ്യമായ വകകൾമാത്രം അയാൾ എടുക്കുന്നു."

"എടുക്കുന്നതു നീതിമാന്മാരിൽ നിന്നാണു്. ആട്ടുമാടുകളെ അപഹരിക്കുകമാത്രമല്ല, അവകളെ രക്ഷിക്കുവാൻ ശ്രമിക്കുന്ന മേയ്പ്പുകാരെ കൊന്നൊടുക്കുകയും ചെയ്യുന്നു."

"അങ്ങനെതന്നെ അയാൾ ചെയ്യുന്നു. രക്ഷിക്കുവാൻ അവർ ശ്രമിക്കുന്നതെന്തിനു്? നമ്മുടെ ജനത്തിന്റെ മോചനമോ ധനവന്മാരായ അവരുടെ യജമാനന്മാർക്കു വരാവുന്ന ഏതാനും മാടുകളുടെയും ആടുകളുടെയും നഷ്ടമോ ഏതാണു് അവർ കാര്യമാക്കേണ്ടതു്?"

"മോചനമോ! എസ്രാ, താൻ എന്താണു സംസാരിക്കുന്നതെന്നു തനിക്കുതന്നെ രൂപമില്ല."

"എനിക്കു നന്നായിട്ടറിയാം ഞാൻ എന്താണു പറയുന്നതെന്നു്. ഇപ്പോഴത്തെ ശപിക്കപ്പെട്ട അധീനതയിൽനിന്നു യൂദിയായെ മോചിപ്പിക്കുക എന്നതല്ലാതെ മററെന്തു ലക്ഷ്യമാണു ബാറബാസിനുള്ളതു്? ധൈര്യശാലികളായ ആളുകളെ ശേഖരിച്ചു് സ്വന്തം അനുചരവൃന്ദത്തെ വർദ്ധിപ്പിക്കുന്നതു് ശപിക്കപ്പെട്ട മൂഷകരായ പുറജാതിപ്പരിഷക്കെതിരായി അവരെ നയിക്കുവാനല്ലെങ്കിൽ പിന്നെന്തിനാണു്? ബാറബാസ് സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു, നിശ്ചയം. അയാൾ ഈ ധിക്കാരികളായ മ്ലേച്ഛരെ രാജ്യത്തിൽനിന്നു ഓടിച്ചു് ഇസ്രായേലിനെ പൂർവ്വകാലങ്ങളിലെപ്പോലെ മഹത്വവും സ്വാതന്ത്ര്യവുമുള്ളതാക്കിത്തീർക്കും."

എസ്രായുടെ കരിങ്കണ്ണുകൾ അങ്ങു വിദൂരത്തിൽ പതിച്ചിരുന്നു. അയാൾ മുഷ്ടികൾ തറയിലുറപ്പിച്ചു് ചാടിയെണീക്കാൻ ഒരുങ്ങിയപോലെ തോന്നി. ആ ദേഹചലനംമൂലം ബലിഷ്ഠങ്ങളായ കരങ്ങളെ ചക്കിന്റെ തുലാവുമായി ബന്ധിച്ചിരുന്ന ഇരുമ്പുചങ്ങല കിലുങ്ങി. എസ്രാ ശരീരം അയച്ചു; നിലംപതിച്ചു.

ദ്രുബൻ എന്നു് എസ്രാ അഭിസംബോധനംചെയ്ത ആ കൃശഗാത്രൻ സ്വല്പസമയം മൗനംഭജിച്ചു. അനന്തരം അയാൾ മൃദുസ്വരത്തിൽ ചോദിച്ചു: "ബാറബാസ് മിശിഹായാണെന്നാണോ തന്റെ വിശ്വാസം?"

എസ്രാ ഈർഷ്യാകുലനായി തലകുലുക്കി: "മിശിഹായോ! മതി, മതി, ഞാൻ ആ കഥ ധാരാളം കേട്ടിട്ടുണ്ടു്. എത്ര നൂററാണ്ടുകളായി ഇസ്രായേൽ മിശിഹായെ പ്രതീക്ഷിച്ചിരിക്കുന്നു. ജനങ്ങളെ സമാധാനപ്പെടുത്തുവാൻ പുരോഹിതന്മാർ കണ്ടുപിടിച്ച കട്ടിക്കഥയാണതു്. ഇസ്രായേലിൽ സംഗതികൾ താറുമാറാകുമ്പോൾ പുരോഹിതന്മാർ മിശിഹാവാഗ്ദാനംകൊണ്ടു് ജനങ്ങളെ സമാധാനപ്പെടുത്തും; മിശിഹാ വരികയുമില്ല. ജനങ്ങൾ സ്വന്തശക്തികൊണ്ടുതന്നെ മോചനം സമ്പാദിച്ചു. അപ്രകാരംതന്നെ ഇനിയും സംഭവിക്കും. ദ്രുബൻ, ശരിയായമാർഗ്ഗം അതുതന്നെയാണല്ലോ. നമ്മുടെ ശരണം മിശിഹായിലല്ല, ബാറബാസിലാണു വെക്കേണ്ടതു്."

എന്താണു് പ്രത്യുത്തരം നൽകേണ്ടതെന്നറിയാതെ ദ്രുബൻ തലതാഴ്ത്തി. നാലാളുകളുടെ ആ ചെറുഗണത്തിലെ നാലാമൻ ഈ പൊരുപൊരുപ്പൻ സംഭാഷണത്തിൽ പങ്കെടുത്തു. താരുണ്യം അതിലംഘിക്കാതിരുന്ന ഒരു സ്ഥൂലഗാത്രനായിരുന്നു ഈ ചലുത്ഥൻ. നീണ്ട താടിമീശയും ഈഷൽ ഇരുണ്ട മുഖത്തിൽ പ്രതിഷ്ഠിച്ച പ്രശാന്തനയനങ്ങളും അയാൾക്കുണ്ടു്. "ഛെ, ദൂഷകം. മിശിഹായെപ്പററി ഇത്ര അനാദരവായി സംസാരിക്കരുതു്. ശതാബ്ദങ്ങൾ പലതുകഴിഞ്ഞു നമ്മുടെ പൂർവ്വികന്മാർ വാഗ്ദത്തനായ മിശിഹായിൽ വിശ്വസിച്ചുതുടങ്ങിയിട്ടു്. ആവശ്യം ഗുരുതരമാകുമ്പോൾ അവിടുന്നു വരികതന്നെ ചെയ്യും. സമയം വേഗത്തിൽ സമാഗതമാകുമെന്നു ശാസ്ത്രികളിൽ ചിലർ പറഞ്ഞതു താനറിഞ്ഞില്ലേ?

"ശിമയോൻ, ശാസ്ത്രികൾ പറയുന്നതു് പരിഗണിക്കുകയെന്റെ പതിവല്ല. നല്ല വാക്കുകൾകേട്ടു് വയറുനിറയ്ക്കുകയും വേദവാക്യങ്ങൾകൊണ്ടു് [illegible]ക്കുകയും ചെയ്യുന്ന ഭക്തരായ അക്കൂട്ടത്തിൽ പെട്ടവനല്ല ഞാൻ. ആ ജീവിതം കൊണ്ടു പ്രയോജനമില്ലെന്നാണെന്റെ അനുഭവം. നമുക്കു വാക്കുകളല്ലാ, പ്രവൃത്തികളാണാവശ്യം."

മേൽവിചാരിപ്പുകാരുടെ ശ്രദ്ധ ആകർഷിക്കത്തക്കവണ്ണം ഉച്ചത്തിൽ ആവേശപൂർവ്വം സംസാരിച്ച എസ്രായെ ശാന്തനാക്കണമെന്നുള്ള പ്രധാന ഉദ്ദേശ്യത്തോടുകൂടി ദ്രുബൻ ഇടയ്ക്കുപറഞ്ഞു: "ഒരുപക്ഷെ, അവസാനകൈയായി ബാറബാസായിരിക്കാം മിശിഹാ."

ശിമയോൻ ധൃതിയിൽ അയാളെ കുററപ്പെടുത്തി: "ദ്രുബൻ, ഭോഷത്വം, മഹാഭോഷത്വം. നമ്മുടെ പൂർവ്വികൻ ദാവീദിന്റെ ഭവനത്തിൽനിന്നു മിശിഹാ ആവിർഭവിക്കുമെന്നു എഴുതിയിരിക്കുന്നതു താൻ ഓർമ്മിക്കുന്നില്ലേ? ബാറബാസ് ഒരു കുചാലൻ മാത്രമാണു്. അയാളുടെ മാതാവു് ഒരു ശമറായക്കാരിയെന്നും പറയപ്പെടുന്നു."

എസ്രാ പറഞ്ഞു: "അയാൾ മിശിഹാ ആകുമോ അല്ലയോ എന്നുള്ളതു് എന്നെ സംബന്ധിച്ചിടത്തോളം നിസ്സാരമാണു്. ബാറബാസ്, മക്കാബ്യൻ യൂദാസിനെപ്പോലെ ഒരു വീര്യശാലിയത്രെ. അയാൾ ഇസ്രായേലിനെ നിശ്ചയമായുംവിമോചിപ്പിക്കും."

"മക്കാബ്യൻ ഒരു തസ്കരനായിരുന്നുവെന്നു് ആരും പറഞ്ഞിട്ടില്ല. ബാറബാസ് ഒരു തസ്കരപ്രമാണിയാണല്ലോ. പുരോഹിതന്മാർ പറയുന്നതു്......" ശിമയോൻ ഈ സമാധാനം നൽകുന്നതിനിടയിൽ എസ്രാ തടഞ്ഞു പറഞ്ഞു.

"പുരോഹിതന്മാർ പറയുന്നതെന്താണെന്നു എനിക്കു കേൾക്കേണ്ട. നമ്മെപ്പററി അവർക്കെന്തറിയാം? നമ്മുടെ കഷ്ടാരിഷ്ടതകൾ എത്രമാത്രമെന്നു അവർ ധരിക്കുന്നുണ്ടോ? അവർ പുറജാതിക്കാരൊന്നിച്ചു് ഭക്ഷിക്കുന്നു, പേക്കൂത്താടുന്നു......"

"അതു സത്യമല്ല."

"സത്യമല്ലന്നോ? പ്രധാനാചാര്യൻ അന്നാസ്, പുറജാതിക്കാരൻ, പുറജാതിക്കാരിൽ സർവ്വപ്രധാനൻ ആയ പ്രൊക്കുറേറററോടുകൂടിയല്ലേ എല്ലായ്പോഴും?"

"അവിടെവച്ചു് അദ്ദേഹം അശുദ്ധഭക്ഷണം കഴിക്കുന്നുവെന്നാണോ തന്റെ വിശ്വാസം?"

"അതാണോ കാര്യം. അദ്ദേഹം ഈ പട്ടികളിൽ പ്രമാണിയെന്നോർച്ചു് ഇരുന്നാൽ പോരെ? അതുതന്നെ ഇസ്രായേലിനെതിരായ മഹാപാതകമാണു്. അശുദ്ധഭക്ഷണം! ആവൂ, നമുക്കിവിടെ കിട്ടുന്ന ഭക്ഷണം ശുദ്ധമാണോ? നിയമം അനുസരിച്ചു് പാകപ്പെടുത്തുന്നതാണോ അതു? എന്തു സംബന്ധം!"

"താൻ ഒരു സദ്ദൂസിയനാണോ?"

"ആണെങ്കിൽ എന്തു്? ഞാൻ നിയമശാസനം ആലോചിച്ചു തലപുകയ്ക്കാറില്ലെന്നു നിശ്ചയം. ഇസ്രായേലിന്റെ വിമോചനത്തിനുള്ള ഉദ്യമത്തിലാണു് എന്റെ ശ്രദ്ധ. പുരോഹിതന്മാർ യുദ്ധംചെയ്യുമോ? പുറജാതിപ്പട്ടികളുമായി അടുത്ത ബന്ധത്തിൽ കഴിയുന്ന ശാസ്ത്രികൾ യുദ്ധംചെയ്യുമോ? ഇല്ല, ഇല്ല ഒരിക്കലുമില്ല എന്നാൽ ബാറബാസ് സമരം ചെയ്തുകൊണ്ടിരിക്കുന്നു. അയാൾ നമുക്കു സ്വാതന്ത്ര്യം നൽകുകതന്നെ ചെയ്യും."

"അനുചരന്മാരായ ഏതാനും ഗൂഢചാരികളോടുകൂടി—"

"ഇന്നു്, നിങ്ങൾ പറയുന്നതുപോലെ അനുചരന്മാർ ഏതാനും വിംശതി മാത്രമായിരിക്കാം. നാളെ അവർ ആയിരങ്ങളായി വർദ്ധിക്കും. കുറെ കഴിയുമ്പോൾ എന്തിനും ശക്തമായ ഒരു മഹാസൈന്യമാകുകയും ചെയ്യും."

എസ്രായുടെ അടുത്തുണ്ടായിരുന്ന യുവാവു് പറഞ്ഞു: "വാളെടുക്കുന്നവൻ വാളാലെ നശിക്കും."

"അങ്ങനെ എവിടെ 'എഴുതിയിരിക്കുന്നു?"

"ഗലീലിയിൽ താമസിക്കുന്ന ഒരാളിൽനിന്നു്—ആ നസ്രായനിൽനിന്നു്—ഞാൻ കേട്ടതാണു്. അയാൾ ജനസംഘങ്ങളോടു പ്രസംഗിക്കുക പതിവാണു്. ദരിദ്രരുടെയിടയിൽനിന്നു വന്ന ഒരു അനുയായിവർഗ്ഗത്തെ അയാൾക്കു് ലഭിച്ചിട്ടുണ്ടു്.",

"ങു്ഹാ, നസ്രത്തിലെ യേശുവിന്റെ കാര്യമാണു് നീ പറയുന്നതു്. നമുക്കു പററിയ ആൾ തന്നെ സംശയമില്ല. അയാൾ യരുശലേമിൽ പ്രസംഗിക്കുന്നതു് ഞാൻ കേട്ടു സമാധാനപ്രേമികളായിരിക്കുവിൻ, ക്ഷമാപൂർവ്വം സഹിക്കുവിൻ, നന്മചെയ്യുവിൻ, ശത്രുക്കളെപ്പോലും സ്നേഹിക്കുവിൻ, ഇങ്ങനെ പോകുന്നു രീതി. അയാളുടെ സമാധാനതല്പരത അയാളെ അതിദൂരം പുരോഗമിപ്പിക്കുകതന്നെ ചെയ്യും."

"അദ്ദേഹം ഒരു പരിശുദ്ധനെപ്പോലെയാണു്. അദ്ദേഹത്തെ ഒരു പ്രവാചകനായി ഒട്ടുവളരെപ്പേർ കരുതുന്നു", യോനാ പറഞ്ഞു.

"മിശിഹായാണെന്നു വളരെപ്പേർ വിശ്വസിക്കുന്നു", ശിമയോൻ പ്രസ്താവിച്ചു.

എസ്രാ നിന്ദാപൂർവ്വം മെല്ലെ ചിരിച്ചു "ആ ആളോ, മിശിഹാ! അയാൾ ഇസ്രായേലിനെ വിമോചിക്കുമെന്നു സ്ഥിരബുദ്ധിയുള്ളവർക്കെങ്ങനെ പറയുവാൻ സാധിക്കും. അയാൾക്കനുകൂലമായി ഒരു കാര്യം പറയാനുണ്ടു്, ശാസ്ത്രികളും ഫരിസേയരും വല്ലപ്പോഴുമൊക്കെ ചില വസ്തുതകൾ ഗ്രഹിക്കുവാൻ അയാൾ അവസരം നൽകുന്നുണ്ടു്. എന്നാൽ അയാൾ ഇസ്രായേലിനുപദ്രവകാരിയാണു്. ബാറബാസിനും ഈ അഭിപ്രായമാണുള്ളതു്. ഈ ബാധ അയാൾവിളംബംവിനാ ഒഴിക്കുകയും ചെയ്യും" എസ്രാ ഈ അഭിപ്രായം പ്രകടിപ്പിച്ചുകഴിഞ്ഞയുടൻ ദ്രുബൻ അയാളെ അപാംഗവീക്ഷണം ചെയ്തു ചോദിച്ചു, "ബാറബാസിനെപ്പററി തനിക്കു വല്ലതും കൂടുതൽ അറിയാമോ?"

"ഉവ്വ്. എനിക്കാരെക്കാളധികം അറിയാം. ഞാൻ അവരുടെ കൂടെയായിരുന്നു. ഇവിടെനിന്നു് രക്ഷപെട്ടാൽ വീണ്ടും കൂടെ ചെന്നു ചേരുകയും ചെയ്യും. രക്ഷനേടുവാൻ അങ്ങേക്കേ സാധിക്കുകയൊള്ളു. ഇവിടെ കുറെപ്പേർ...." വാക്യം പൂർത്തീകരിക്കുവാൻ എസ്രായ്ക്കു് സാധിച്ചില്ല. മേൽവിചാരക്കാരിൽ ഒരുവൻ ശബ്ദം കേട്ടു് അതിശീഘ്രം അവരുടെ സമീപത്തെത്തി. ഒററവാക്കുപോലും ശബ്ദിക്കാതെ അയാളുടെ ഘനമേറിയ കൊരടാവു് പലപ്രാവശ്യം എസ്രായുടെ സ്കന്ധസ്ഥാനത്തു പ്രയോഗിച്ചു യോനാ, ദ്രുബൻ, ശിമയോൻ എന്നിവരെയും അയാൾ ഏറെക്കുറെ പ്രഹരിച്ചുശേഷം അവിടെ എത്തിയ വേഗത്തിൽതന്നെ മടങ്ങിപ്പോകുകയും ചെയ്തു. മേൽവിചാരക്കാരും തടവുകാരും തമ്മിൽ ഉണ്ടായിക്കൊണ്ടിരുന്ന വർത്തനത്തിന്റെ സാമാന്യരീതി ഇതായിരുന്നു. സംസാരത്തിന്റെ സ്ഥാനം കൊരടാവു് കരസ്ഥമാക്കി.

ഈ സംഭവം മററു തടവുകാർ ഗൗനിച്ചതേയില്ല. താഡനം അവരുടെ പ്രതിദിനാനുഭവത്തിൽ പെട്ടു. അവരിൽ മിക്കവരും അവശതയുടെ നിദ്രയിൽ നിമഗ്നരായിരുന്നതാനും. അപ്പോൾ താഡനമേററ നാലു കുററപ്പുള്ളികളിൽ ശക്തിഹീനനായ ദ്രുബൻമാത്രം വേദനമൂലം പൊട്ടിക്കരഞ്ഞു. സ്വയരക്ഷാർത്ഥം ഉയർത്തിയ എല്ലൻകൈയിൽകൊണ്ട അടികൾനിമിത്തം അയാൾ മോങ്ങുകയും മൂളുകയും ഇളകുകയും ഇഴയുകയുമായി കുറെനേരം കഴിച്ചു എസ്രാ പല്ലിറുമ്മി. ദന്തങ്ങൾ തമ്മിൽ ഉരസിയ ശബ്ദം പുറപ്പെട്ടു വിചാരകൻ കുറെ അകന്നപ്പോൾ "പട്ടികളേ, നിങ്ങൾ ഇതിനു അയിരമിരട്ടിയായി കടം വീട്ടേണ്ടിവരും" എന്ന ശാപവാക്യം ഉച്ചരിക്കുകയും ചെയ്തു.

വിചാരിപ്പുകാരൻ ഉദ്ദേശിച്ചതുസന്ധിച്ചു സംഭാഷണത്തിനു വിരാമം വന്നു. നാലുപേരും മററുള്ള തടവുകാരോടൊപ്പം, മദ്ധ്യാഹ്നസൂര്യന്റെ ക്ഷീണദായകമായ ചൂടേററു അനാസ്ഥാപൂർവ്വം ഇരിക്കുകയോ കിടക്കുകയോ ചെയ്തു. ഈ അവസ്ഥയിൽ ഒരു കുഴൽ ഊതി; വേദനയോടുകൂടിയ ആ വിശ്രമാവസരം കഴിഞ്ഞു എന്നറിയിപ്പാനായിരുന്നു അതു്.

ചങ്ങലയ്ക്കു ബന്ധിക്കപ്പെട്ട പണിക്കാർ ദുസ്സഹമായ തങ്ങളുടെ ജോലി തുടരുവാൻ ഭാരംകൂടിയ, വിറയ്ക്കുന്ന, അവയവങ്ങളുമായി എണീററു. ചക്കുകല്ലു തിരിക്കുവാൻ രണ്ടുപേർ മുമ്പോട്ടു തള്ളിയും രണ്ടുപേർ അഭിമുഖമായിനിന്നു വലിച്ചും ജോലിചെയ്യേണ്ടിയിരുന്നു. ഇങ്ങനെ അവർ ഭീകരദുരിതസമ്പൂർണ്ണമായ വൃത്തത്തിൽ കറങ്ങിക്കൊണ്ടിരിക്കുമ്പോൾ വിശ്രമാനന്തരം കൂടുതൽ ഉന്മേഷവന്മാരായിത്തീർന്ന വിചാരിപ്പുകാരുടെ കൊരടാവു് അവരുടെ നടനത്തിനു താളം കൊട്ടിക്കൊണ്ടുമിരുന്നു.

ഒമ്പതാംമണിക്കൂറുമുതൽ പന്ത്രണ്ടാമത്തേതുവരെയും, വീണ്ടും സൂര്യാസ്തമനംവരെയും ദുർഭഗരായ തടവുകാർ കടുത്ത ഭാരം തള്ളിക്കൊണ്ടു് കുടുസ്സായ വൃത്തത്തിൽ തന്നെ കറങ്ങി. കലാശം ആകുമ്പോൾ അവരുടെ മാംസപേശികൾക്കു അത്യായാസംകൊണ്ടു് ചേതന നശിക്കുകയും ഒരു നേരിയ വേദനമാത്രം അവർക്കു തോന്നുകയും ചെയ്യുന്നു. നഗ്നമായ മുതുകത്തു് ചുവന്ന അടിപ്പാടുകളിൽ ക്രൂരവിയർപ്പുതുള്ളികൾ ഒലിച്ചു തല തോളുകൾക്കിടയിൽ കുമ്പിട്ടു കാണപ്പെട്ടു കണ്ണുകൾ പകുതി അടച്ചുമിരുന്നു. മനുഷ്യോചിതമായ ഒന്നുംതന്നെ അവരിൽ അവശേഷിച്ചില്ല അവരിൽ ഒരു ഭാഗം നിലംപതിച്ചു. എത്ര വീറോടുകൂടി കൊരടാവു് പ്രയോഗിച്ചിട്ടും അവർ എഴുന്നേൽക്കുകയുണ്ടായില്ല അവർ കാലധർമ്മം പ്രാപിച്ചുകഴിഞ്ഞിരുന്നു. ചങ്ങലയഴിച്ചു അവരെ ശ്മശാനത്തിലേക്കു് ഉടൻതന്നെ കൊണ്ടുപോകുന്നതിൽ അധികാരികൾ ദത്തശ്രദ്ധരാകുകയും ചെയ്തു. ഒരാൾ ചരമമടഞ്ഞാൽ അയാളുടെ ജോലികൂടി ബാക്കി മൂന്നുപേർ ചെയ്തുതീർക്കുകയായിരുന്നു മുറ.

കൊമ്പു് ഊതി അന്നത്തെ ജോലി അവസാനിച്ചു എന്നു് അറിയിക്കുന്നതിനുമുമ്പായിത്തന്നെ അരുണൻ മലകൾക്കപ്പുറം മറഞ്ഞുകഴിയും. ബന്ധിതരുടെ ഗതിവേഗംകുറഞ്ഞു ചക്കു ചലിക്കും

(ശേഷം 11-ാംപേജിൽ)

തൈക്കാട്ടു് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ചു്:– ആലുവാ റെയിൽവേസ്റ്റേഷനു സമീപം

എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണു്

(1-ാംപേജ് തുടർച്ച)

പലപ്പോഴും അതേപടി കളവു പോവുക പതിവായിരുന്നു. അതെല്ലാം ഇപ്പോൾ പാടെ നിന്നു പോയിരിക്കുന്നു. ന്യൂയോർക്കു കഴിഞ്ഞാൽ പിന്നത്തെ ഏററവും മുഖ്യതുറമുഖനഗരം ഫിലാഡെൽഫിയായായിത്തീർന്നിരിക്കുകയാണ്. 100 മൈൽ വിസ്താരമുള്ള ഈ തുറമുഖപ്രദേശത്തെ തൻെറ ഇടവകയായിട്ടാണ് ഫാദർ കോമി കരുതുന്നത്. ഒരു ഇടവകവികാരിയെന്ന നിലയിലാണ് അദ്ദേഹം അവിടെ വ്യവഹരിക്കുന്നത്. തൊഴിലാളികൾക്കു അദ്ദേഹത്തെപ്പററി അതിവ ഭക്തിബഹുമാനമാണുള്ളത്. കത്തോലിക്കർ 40 ശതമാനത്തിൽ കുറവേയുള്ളവെങ്കിലും മതവ്യത്യാസം കൂടാതെ എല്ലാ തൊഴിലാളികളും അദ്ദേഹത്തെ ആദരപൂർവ്വം തങ്ങളുടെ അച്ചൻ എന്നവിധം കരുതുകയും അദ്ദേഹത്തിൻെറ കല്പനകളെയെല്ലാം അനുസരിക്കുകയും ചെയ്യുന്നു. അംഗരക്ഷകന്മാരുടെ സഹായമൊന്നും കൂടാതെ തുറമുഖപ്രദേശത്തു എവിടേയും ഏതുസമയത്തും ഓടിനടക്കുന്നതിനു ഫാദർ കോമിക്കു യാതൊരു പേടിയുമില്ല. അവിടെ എവിടെയെങ്കി

മർ യൗസേപ്പ് പുണ്യപിതാവിൻെറ മാദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിനും മേലിൽ സാധിക്കുന്നതിനും ഉപകാരസ്മരണ.


Thommey Dominic
കൊടിമരത്തുംമൂട്ടിൽ

ലും കുഴപ്പം ഉണ്ടായിയെന്നു കേട്ടാൽ അദ്ദേഹം അവിടേക്കു പാഞ്ഞെത്തുകയായി. അദ്ദേഹത്തിൻെറ നീതിബോധത്തിലും സത്യസന്ധതയിലും തൊഴിലാളികൾക്കു വലിയ വിശ്വാസമാണുള്ളത്. അനാവശ്യമായി പണിമുടക്കു നടത്തി കുഴപ്പം സൃഷ്ടിക്കുന്നവരെ ശകാരിക്കാനും അദ്ദേഹം മടിക്കുകയില്ല.

ഫാദർ കോമിക്കു തൊഴിലാളിസേവനത്തിൽ ജന്മനാതന്നെ വലിയ താല്പര്യമാണുള്ളത്. അദ്ദേഹത്തിൻെറ പിതാവു ഒരു തൊഴിലാളിയും യൂണിയൻ പ്രവർത്തനങ്ങളോടു അനുഭാവമുള്ള ആളുമായിരുന്നു. പിതാവിൻെറ 13 സന്താനങ്ങളിൽ മൂത്തപുത്രനാണ് ഫാദർ കോമി. 1911-ൽ ഫിലാഡെൽഫിയായിൽ നടന്ന മോട്ടോർകാർ തൊഴിലാളികളുടെ ഒരു വലിയ പണിമുടക്കിൽ പണിമുടക്കുകാരോടു അനുഭാവം കാണിച്ചുവെന്ന കാരണത്തിന്മേൽ ഒരു ബോയ്‌ലർ ജോലിക്കാരനായിരുന്ന പിതാവിനെ ജോലിയിൽനിന്നു പിരിച്ചുവിടുകയാണുണ്ടായത്. പക്ഷെ അദ്ദേഹത്തിനു പിന്നീടു ന്യൂയോർക്കു കപ്പൽനിർമ്മാണകമ്പനിയിൽ ഒരു നല്ല ജോലി കിട്ടി. അതോടെ ആ കുടുംബത്തിൻെറ സ്ഥിതി നന്നാവുകയും മൂത്തപുത്രനെ സെൻറ് ജോസഫ്സ് കോളേജിൽ വിദ്യാഭ്യാസം ചെയ്യിക്കുകയും ചെയ്തു. ഫാദർ കോമിയുടെ മാതാപിതാക്കന്മാർ ഇന്നും ജീവിച്ചിരിപ്പുണ്ട്. സെൻറ് ജോസഫ്സ് കോളേജിലെ വിദ്യാഭ്യാസത്തിനുശേഷം ഡെനിസ് ഈശോസഭയിൽ ചേർന്നു. പിന്നീടു ബോസ്റ്റണിൽ ഹൈസ്കൂൾ വിദ്യാർത്ഥികളേയും വാഷിങ്ങ്ടണിൽ ജോർജ് ടൗൺ സർവ്വകലാശാലയിലെ വിദ്യാർത്ഥികളേയും അദ്ദേഹം പഠിപ്പിക്കുകയുണ്ടായി. 1928-ൽ വൈദികപട്ടം സ്വീകരിച്ചശേഷം യൂറോപ്പിലേക്കുപോയി വെയ്‌ത്സിലെ സെൻറ് ബ്യൂനോസ് കോളേജിൽ ഒരു കൊല്ലവും റോമയിലെ ഗ്രിഗോറിയൻ സർവ്വക



“ജബ്കോ”
5-ാംനമ്പ്ര് തൂക്കുവിളക്ക്
ഗുണത്തിൽ
എതിരാളിയില്ലാത്തതു്-
“ജബ്കോ ബഡ്‌റൂം” വിളക്കും
അങ്ങിനെതന്നെ
ജയ ഭാരതം കമ്പനി
എറണാകുളം—1



പരേതനായ
റവ. ഫാദർ പീററർ തോമസ്
ടി. ഒ. സി ഡി.
ബി എ എൽ. റ്റി.
(ചരമവാർത്ത ജനുവരി 5-ാംനു-യിലെ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു)

ലാശാലയിൽ ദൈവശാസ്ത്രവിഷയത്തിൽ രണ്ടുകൊല്ലക്കാലവും ഉപരിവിദ്യാഭ്യാസം നടത്തി. പിന്നീടു മേരിലൻറിലെ ജെസ്വീററു സെമ്മിനാരിയിൽ ഫാദർ കോമി അഞ്ചുകൊല്ലം ദൈവശാസ്ത്രം പഠിപ്പിച്ചു. 1937 മുതൽ 1943 വരെ അദ്ദേഹം ജേഴ്സി നഗരത്തിലെ സെൻറു പീറേറഴ്സ് കോളേജിൻെറ പ്രസിഡണ്ടായിരുന്നു.

29 കൊല്ലക്കാലം മററു പല സ്ഥലങ്ങളിലായി കഴിച്ചുകൂട്ടിയശേഷം 1943-ൽ ഫാദർ കോമി തൻെറ മാതൃനഗരമായ ഫിലാഡെൽഫിയായിലേക്കു തിരിച്ചുവന്നു തൻെറ പൂർവ്വവിദ്യാലയമായ സെൻറ് ജോസഫ്സ് കോളേജിൽ “ഇൻസ്റ്റിററ്യൂട്ട് ഓഫ് ഇൻഡസ്ട്രിയൽ റിലേഷൻസ്” സ്ഥാപിച്ചു. തൊഴിലാളികളും മുതലാളികളും അനുവർത്തിക്കേണ്ട ജീവിതക്രമത്തെ ഊന്നിപ്പറഞ്ഞുകൊണ്ടു തൊഴിൽപ്രശ്നങ്ങളെപ്പററി സൗജന്യമായി പഠിപ്പിക്കുന്ന ഒരു രാത്രികാലവിദ്യാലയമാണിതു്. ഇതു് ആരംഭിച്ച കാലത്തു 26 വിദ്യാർത്ഥികൾമാത്രമേ ഉണ്ടായിരുന്നുള്ളു. ആകെ നാലു കോഴ്സുകളും ഉണ്ടായിരുന്നു. ഇന്നാകട്ടെ 51 കോഴ്സുകളിലായി 325 വിദ്യാർത്ഥികൾ അദ്ധ്യയനം ചെയ്തുകൊണ്ടിരിക്കുന്നു. തൊഴിലുടമസ്ഥന്മാരിലും തൊഴിലാളി നേതാക്കന്മാരിലും തൊഴിൽപ്രശ്നങ്ങളിൽ വൈദഗ്ദ്ധ്യം നേടിയിട്ടുള്ളവരാണ് ആ സ്ഥാപനത്തിൽ പഠിപ്പിക്കുന്നതു്. തൊഴിലുടമസ്ഥന്മാരുടേയും തൊഴിലാളികളുടേയും സംഘടനകളിൽനിന്നുള്ള സംഭാവനകളും ഫാദർ കോമിക്കു പ്രസംഗങ്ങൾക്കും മററും കിട്ടുന്ന തുകകളുംകൊണ്ടാണ് പ്രസ്തുത സ്ഥാപനം നടത്തിക്കൊണ്ടു പോകുന്നതു്. വിദേശരാജ്യങ്ങളിൽ ആ വിദ്യാലയത്തെപ്പററി വലിയ താല്പര്യവും മതിപ്പുമുണ്ടു്. ജപ്പാൻ, കാനഡ, അയർലണ്ടു്, ഡെന്മാർക്ക്, ഈജിപ്റ്റ്, തുടങ്ങിയ വിദേശരാജ്യങ്ങളിൽനിന്നുള്ള പ്രതിനിധിസംഘങ്ങൾ പലപ്പോഴും ഈ സ്ഥാപനം സന്ദർശിക്കുന്നതിനു വരാറുണ്ടു്.

അററ്ലാൻറിക്കു തീരപ്രദേശത്തെ ഡോക്കുതൊഴിലാളികൾ പണിമുടക്കിയതിൻെറ കാരണങ്ങളെപ്പററി അന്വേഷിച്ചറിയാൻ പ്രസിഡണ്ടു് ഐസൻഹോവർ നിയമിച്ച കമ്മിററിയിൽ ഫാദർ കോമിയും അംഗമായിരുന്നു. മിഡ്‌വേൽ സ്റ്റീലിലെ സ്ഥിരമദ്ധ്യസ്ഥകമ്മിററിയിലേയും അമ്പ്രോൾസ്റ്റർ ഇൻറർനാഷനൽ യൂണിയൻ ഏർപ്പെടുത്തിയ അപ്പീൽബോർഡിലേയും അംഗമാണ് അദ്ദേഹം. 1951-ലാണ് അദ്ദേഹം ഡോക്കു തൊഴിലാളികളുടെയിടയിലുണ്ടായ തർക്കങ്ങളെപ്പററി മദ്ധ്യസ്ഥത വഹിച്ചുതുടങ്ങിയതു്. അന്നു തൊഴിലാളികളുടെയിടയിൽ അസംതൃപ്തിയും പണിമുടക്കുബഹളങ്ങളും സർവ്വസാധാരണമായിരുന്നു. അവയ്ക്കു പരിഹാരം വരുത്തി സമാധാനവും നീതിയും പുലർത്തുന്നതിനു ഫാദർ കോമിക്കു വിജയകരമായി സാധിച്ചു. 1951-ാമാണ്ടു അന്ത്യത്തോടുകൂടി എല്ലാവിധ തൊഴിൽതർക്കങ്ങളും പറഞ്ഞുതീർക്കുന്നതിനുള്ള അനിയന്ത്രിതമായ അധികാരം തൊഴിലുടമസ്ഥന്മാരും തൊഴിലാളികളുംകൂടി ഫാദർ കോമിക്കു രേഖാമൂലം നൽകുകയുണ്ടായി.

തൊഴിലാളികളുടെ കുടുംബജീവിതക്രമം ഉയർത്തുന്നതിനും ഫാദർ കോമി അശ്രാന്തമായി പരിശ്രമിക്കുന്നുണ്ടു്. മദ്യപിച്ചു ധൂർത്തടിക്കുന്ന തൊഴിലാളികളെപ്പററി അവരുടെ ഭാര്യമാർ അദ്ദേഹത്തോടു പരാതി പറയും. അദ്ദേഹം ഉടനെ അവരെ വിളിച്ചു വേണ്ട ഉപദേശം നൽകി നേരായമാർഗ്ഗത്തിലാക്കിക്കൊള്ളും. തൊഴിലാളിലോകത്തിൽ അദ്ദേഹത്തിനു അത്ര അസാധാരണമായ സ്വാധീനശക്തിയാണുള്ളതു്.

## ഏജൻസി അറിയിപ്പ്

ടി. ടി. വറുഗീസ്, തോണിപ്പുരക്കൽ അവർകളെ മുട്ടിൽ സത്യദീപം ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം


ആലങ്ങാട്ടുകുന്നിൽ
ദിവ്യഉണ്ണിഈശോയുടെ തിരുനാൾ
1955 ഫെബ്രുവരി 3-ാംതീയതി
വ്യാഴാഴ്ച
(എട്ടാമിടവും ഉണ്ടായിരിക്കും)
വികാരി




# വാർത്തകൾ

(പി. ജോസഫ്, റോം)

## റോമിലെ പ്രൊപ്പഗാന്താ കോളേജ്

### ആദ്ധ്യാത്മിക യു. എൻ. ഒ.

മിശിഹാ സ്ഥാപിച്ച സത്യസഭയുടെ നാലു പ്രധാന ലക്ഷണങ്ങളിൽ ഒന്നാണല്ലോ സാർവ്വത്രികത. സാർവ്വത്രികതയും പരിപൂർണ്ണമായ ഏകത്വവും മററു രണ്ടു ലക്ഷണങ്ങളും ഇത്ര ഭംഗിയായി സമ്മേളിക്കുന്ന യാതൊരു സ്ഥാപനമോ സമുദായമോ ലോകത്തിലില്ല— കാരണം മനുഷ്യൻെറ പ്രവൃത്തികൾ ദൈവം നേരിട്ടു നടത്തുന്നവയോടു പ്രാർത്ഥിക്കുന്നതു കാണാം.

ലൗകികങ്ങളായ ഏറക്കുറവുകൾ ഒരു യഥാർത്ഥ കത്തോലിക്കനെ നിരാശനാക്കുകയോ, അഹങ്കാരിയാക്കുകയോ ചെയ്യുന്നില്ല. ഉദാഹരണമായി അപ്പസ്തോലപ്രമുഖൻെറ ശവകുടീരത്തിനു സമീപം മുട്ടുകുത്തിയിരിക്കുന്നവരിൽ കുറേപ്പേർ ജനാധിപത്യഗവർമ്മെൻറുകളുടെ ഫലമനുഭവിക്കുന്നവരായിരിക്കാം—മററു ചിലർ ഇപ്പോഴും കൊളോണിയലിസ



കോളേജു മുററത്തുനിന്നാൽ കാണാവുന്ന
വി. പത്രോസിൻെറ ബസ്സിലിക്കായുടെ ഭാഗങ്ങൾ

കീടപിടിക്കുവാൻ യോഗ്യങ്ങളല്ല എന്നതുതന്നെ. കത്തോലിക്കാസഭയിൽ ഇന്നും എന്നും തിളങ്ങിക്കൊണ്ടിരിക്കുന്ന വിശുദ്ധി, ഏകത്വം, സാർവ്വദേശീയത്വം, അപ്പസ്തോലികത്വം എന്നീ നാലു ലക്ഷണങ്ങൾ കൂട്ടക്കൊലയുടേയോ, ഏകാധിപത്യത്തിൻേറയോ, രഹസ്യപ്പോലീസിൻേറയോ, പട്ടാളഭരണത്തിൻേറയോ ഫലങ്ങളല്ല. പിന്നെയോ ദൈവപുത്രനായ ക്രിസ്തു പഠിപ്പിച്ച സ്നേഹത്തിൻെറ പ്രമാണങ്ങളുടെ ഫലമാണ്—“എല്ലാ വസ്തുക്കളേക്കാൾ സ്രഷ്ടാവായ ദൈവത്തെ സ്നേഹിക്കുക; തന്നെത്താൻ സ്നേഹിക്കുന്നതുപോലെ മററെല്ലാവരേയും സ്നേഹിക്കുക.”

ത്തിനടിമകളാണെന്നു വരാം— മററു ചിലർ കമ്മ്യൂണിസ്റ്റുകാരുടെ ആക്രമണങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നവരായിരിക്കാം — ഭൂരിപക്ഷവും ദരിദ്രരായിരിക്കാം— എന്നാൽ ഈ വ്യത്യാസങ്ങൾ ഒന്നും ദൈവത്തിൻെറ പക്കലേക്കു ഹൃദയമുയർത്തി പ്രാർത്ഥിക്കാൻ ആർക്കും തടസ്സം വരുത്തുന്നില്ല. കാരണം, ഒരുത്തമകത്തോലിക്കനറിയാം ഈ ലോകജീവിതം പരലോകത്തിലേക്കുള്ള ഒരു ഒരുക്കം മാത്രമാണെന്നു്. വിശേഷബുദ്ധിയുള്ള മനുഷ്യനും വെറും മൃഗവും തമ്മിൽ കാര്യമായ യാതൊരു വ്യത്യാസവുമില്ലെന്നു ഭൗതികവാദികൾ നടത്തുന്ന പ്രസ്താവനയിൽ വിശ്വസിക്കാൻമാത്രം അവൻ മന്ദനല്ല. ശാസ്ത്രീയജ്ഞാനമില്ലാത്ത ഒരുത്തനു് ആത്മാവിൻെറ അനശ്വരത തെളിയിക്കാൻ ശാസ്ത്രം നിഷ്കർഷിക്കുന്ന പരീക്ഷണങ്ങൾ നടത്താൻ കഴിവില്ലായിരിക്കാം എന്നാൽ അവൻെറ ഉള്ളിലും മററുള്ളവരിലും നടന്നുകൊണ്ടിരിക്കുന്ന മഹാ പ്രവർത്തനങ്ങൾ വെറും (matter) പദാർത്ഥങ്ങൾതമ്മിലുള്ള സമ്പർക്കംകൊണ്ടുണ്ടാകുന്നവയല്ല, പിന്നെയോ അഭൗതികമായ (Spiritual) ഒരാത്മാവിൻെറ പ്രവർത്തനഫലമാണെന്നു് അനുമാനിക്കാനുള്ള കഴിവു ഏതൊരു മനുഷ്യനുമുണ്ടു്.




ഇൻറർനൺസിയോ മർട്ടിൻ ലൂക്കാസ് തിരുമേനി
1952-ലെ ഇൻഡ്യൻ നവവൈദികരുടെ മദ്ധ്യത്തിൽ.

തിരുസഭയുടെ കാണപ്പെടുന്ന തലവൻെറ വാസസ്ഥലമായ റോമാപുരിയിൽ സാർവ്വത്രികത അതിസ്വാഭാവികാർത്ഥത്തിൽ മാത്രമല്ല സ്വാഭാവികാർത്ഥത്തിലും നിറവേറിയിരിക്കുന്നതായി കാണാം. വി. പത്രോസിൻെറകുഴിമാടത്തുങ്കലേക്കു നോക്കിയാൽ കാണുന്ന കാഴ്ച അരക്രൈസ്തവരെ അമ്പരപ്പിക്കുവാൻ പോരുന്നതുതന്നെ. നിറം, ഭാഷ, വേഷം, ആചാരം എന്നിവയിൽ വിവിധരായ വിശ്വാസികൾ ഒരേ വിശ്വാസപ്രമാണം തങ്ങളുടെ സ്വന്തം ഭാഷയിൽ ചൊല്ലിവി. പത്രോസിനോടു


സാന്ത്വനപ്രാപ്തിക്കുവേണ്ടി പരിശ്രമിക്കുന്ന ഒരുത്തനെ ഈ ലോകത്തിലെ വഞ്ചനകൾ നിരാശയുടെ അടിത്തട്ടിലെത്തിക്കുകയോ, ലൗകികനന്മകൾ പരിപൂർണ്ണസൗഭാഗ്യത്തിലെത്തിക്കുകയോ ചെയ്യുന്നില്ല. കാരണം ക്രിസ്തുവിൻെറ സ്നേഹവും വരപ്രസാദവും അവനെ സ്വാഭാവികതയിൽനിന്നു് അതിസ്വാഭാവികതയിലേക്കുയർത്തിക്കൊണ്ടിരിക്കുന്നു.

റോമിൽ വരുന്ന ഒരു കത്തോലിക്കനെ സന്തോഷപൂർണ്ണനാക്കു



റവ. ഫാദർ ജോസഫ് കോയിക്കാക്കുടി (എറണാകുളം) വി. പത്രോസിൻെറ കല്ലറയുടെ മുകളിലുള്ള അൾത്താരയിൽ ആദ്യബലി അർപ്പിക്കുന്നു

ന്നതും ഒരജ്ഞാനിയെ അത്ഭുതംകൊള്ളിക്കുന്നതുമായ വേറൊരു സ്ഥലമുണ്ടു്. ആ സ്ഥലം 45-ൽപരം രാജ്യങ്ങളിൽനിന്നു് വിദ്യാർത്ഥികൾ പഠിച്ചുകൊണ്ടിരിക്കുന്ന പ്രൊപ്പഗാന്താ കോളേജുതന്നെ. കുറെ നാളുകൾക്കുമുമ്പു് സിലോൺ അംബാസിഡർ ഈ സ്ഥാപനം സന്ദർശിച്ചപ്പോൾ പറഞ്ഞു, ഇതു് ഒരാദ്ധ്യാത്മിക യു. എൻ. ഒ. തന്നെയാണെന്നു്. മുൻകൊല്ലങ്ങളിൽ ഏററം കൂടുതൽ വിദ്യാർത്ഥികൾ വന്നിരുന്നതു ചൈനയിൽനിന്നാണു്. നിർഭാഗ്യത്താൽ ഇപ്പോൾ ചൈനയിൽനിന്നു പുതിയ വിദ്യാർത്ഥികൾക്കു വരാൻ നിവൃത്തിയില്ല. ഇപ്പോൾ ഏററ




ലിജിയൻ ഓഫ് മേരിയുടെ സ്ഥാപകനെ കോളേജധികാരികൾ സ്വീകരിക്കുന്നു

വും കൂടുതൽ ഇൻഡ്യാക്കാരാണു്. ഇൻഡ്യാക്കാർ ആകെ 42 പേരുണ്ടു്.

ഈ കോളേജ് 1627-ൽ ഉർബൻ എട്ടാമൻ എന്ന പാപ്പായാൽ സ്ഥാപിക്കപ്പെട്ടു. പിൽക്കാലങ്ങളിലെ മാർപ്പാപ്പാമാരുടെ പ്രത്യേക മേൽനോട്ടത്തിലാണു് കോളേജ് നടത്തിവരുന്നതു്. മിഷൻ രാജ്യങ്ങളുടെ പാപ്പായെന്നു പ്രസിദ്ധനായ 11-ാം പീയൂസു് തിരുമേനി ഈ സ്ഥാപനത്തെ അത്യധികം സ്നേഹിച്ചിരുന്നു. ആ സ്നേഹത്തിൻെറ ഫലമായിട്ടായിരിക്കണം പുതിയ കോളേജുകെട്ടിടങ്ങൾ വെഞ്ചരിക്കുവാൻ തൻെറ സെക്രട്ടറിയായിരുന്ന ഇപ്പോഴത്തെ പാപ്പായായ കർദ്ദിനാൾ പച്ചെല്ലിയുമൊന്നിച്ചു് സ്ഥലത്താഗതനായിരുന്നതു്. ഇന്നും വത്തിക്കാൻസിററിയിലെ ചില പ്രധാനസ്ഥാപനങ്ങളിലും കാഴ്ചബംഗ്ലാവിലും പ്രവേശിക്കുന്നതിനു് പ്രൊപ്പഗാന്താ വിദ്യാർത്ഥികൾക്കു ടിക്കററോ മററു പ്രവേശനാധികാരപത്രങ്ങളോ ആവശ്യമില്ല. സ്ഥാപനങ്ങളുടെ മുമ്പിൽ നില്ക്കുന്ന വത്തിക്കാൻ പോലീസുകാർ പ്രത്യേക വേഷധാരികളായ വിദ്യാർത്ഥികൾക്കു് ഉടനെ പ്രവേശനമാർഗ്ഗം തുറന്നുകൊടുക്കുന്നു.

"നിങ്ങൾ പോയി എല്ലാജാതി ജനങ്ങളേയും പഠിപ്പിക്കുവിൻ" എന്ന ദിവ്യഗുരുവിൻെറ വാക്കുകളാണു് കോളേജിൻെറ മുദ്രാവാക്യം. ഇതുവരെ കൊല്ലങ്ങൾക്കിടയിൽ 7000 ൽപ്പരം വൈദികരേയും 360 മെത്രാന്മാരേയും 5 കർദ്ദിനാളന്മാരേയും ലോകത്തിൻെറ എല്ലാ ഭാഗങ്ങൾക്കുമായി കോളേജു പ്രദാനം ചെയ്തിട്ടുണ്ടു്. ഇന്നു ജീവിച്ചിരിക്കുന്നവരിൽ കർദ്ദിനാൾ അഗാജിനിയനും, കർദ്ദിനാൾ തിൻഭായിയും, മലബാറിൽ വരാപ്പുഴ മെത്രാപ്പോലീത്താ ഡോ. അട്ടിപ്പേററിയും തങ്കമേനിയും, മാർ തോമസു് തറയിൽ, മാർ ജോർജ് ആലപ്പാട്ട് എന്നീ തിരുമേനിമാരും ഈ കോളേജ്



വിദ്യാർത്ഥികൾ വി. പത്രോസിൻെറ ദേവാലയാങ്കണമദ്ധ്യത്തിലുള്ള വൻതൂണിൻെറ സമീപം നില്ക്കുന്നു

വിദ്യാർത്ഥികളായിരുന്നു. കർദ്ദിനാൾ ന്യൂമാൻ പഠിച്ചു് ആദ്യകുർബാന ചൊല്ലിയതു ഈ കോളേജിൽതന്നെ.

ക്രിസ്തുവിൻവേണ്ടി നടത്തിയ സമരത്തിൽ വിരമുദ്രകൾ ആർജ്ജിച്ചിട്ടുള്ളവരും ചുരുക്കമല്ല. 1643-ൽ ബെൽജിയത്തിൽ മതപാഷണ്ഡതക്കെതിരായി പോരാടിയ ജയിംസ് ഫാളെസ്സു് ശത്രുക്കളാൽ വധിക്കപ്പെട്ടു. 1680-ൽ പേർഷ്യയിൽ വിശ്വാസത്തിനുവേണ്ടി കല്ലേററു മരിച്ച ദേഹമാണു് പീററർ പെഡിൻസി. കർദ്ദിനാൾ ന്യൂമാൻ പ്രൊട്ടസ്റ്റണ്ടുകാരുടെ മാനസാന്തരത്തിനുവേണ്ടി നടത്തിയിട്ടുള്ള ശ്രമങ്ങൾ സുപ്രസിദ്ധങ്ങളാണല്ലോ. ഇവരുടെ നാമകരണത്തിനുള്ള പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കയാണു്.

ക്രിസ്തീയസ്നേഹമാണു് വിവിധ രാജ്യക്കാരും ആചാരമുറകളുള്ളവരുമായ വിദ്യാർത്ഥികളെ കോർത്തിണക്കുന്ന ചരടു്. എല്ലാവരും ഒരേ ലക്ഷ്യത്തെ മുമ്പിൽവച്ചുകൊണ്ടു പ്രവർത്തിക്കുന്നു. അതു ക്രിസ്തുവിൻെറ പൗരോഹിത്യ



വിദ്യാർത്ഥികൾ ഒരു ഡോമിനിക്കൻ പ്രൊഫസറുമായി കുശലപ്രശ്നം ചെയ്യുന്നു

ത്തിലുള്ള പങ്കുപാററൽതന്നെ. ഈയാണ്ടിൽ പൗരോഹിത്യപട്ടസ്വീകരണം ഡിസമ്പർ 7-ാം തീയതിയായിരുന്നു. പുതിയ 41 പേർ വൈദികപദവി സ്വീകരിച്ചു. ഇൻഡ്യാക്കാരിൽ 9 പേർ അഭിഷേകം ചെയ്യപ്പെട്ടു. അവരിൽ മലയാളികൾ ഫാദർ ജോസഫ് കോയിക്കാക്കുടി (എറണാകുളം) ജോസഫ് റിബെയ്റോ (വരാപ്പുഴ) ജോർജ് പാലത്തുംപാട്ട് (തിരുവനന്തപുരം അതിരൂപത) ഐസക്ക് കൂട്ടപ്ലാക്കൽ (തിരുവല്ല) മത്യൂ നടവിലപ്പറമ്പിൽ (കോട്ടയം) ജോസഫ് വിളങ്ങാടൻ (തൃശ്ശൂർ) മത്തിയാസ് കാപ്പിൽ (കൊല്ലം) എന്നിവരാണു്. ഇവരെല്ലാം ആദ്യകുർബാന ചൊല്ലിയതു് വി. പത്രോസിൻെറ ബസ്സിലിക്കായിലാണു്. അന്നുതന്നെ വത്തിക്കാൻ റേഡിയോവഴി ഓരോരുത്തരും കുറേ മിനിട്ടുനേരത്തേക്കു സംസാരിക്കുകയും മാതാപിതാക്കന്മാരേയും ഉപകാരികളേയും ആശീർവ്വദിക്കുകയുമുണ്ടായി.

പ്രൊപ്പഗാന്താ കോളേജിനുള്ള വേറൊരു പ്രത്യേകത ലോകപ്രസിദ്ധരായ കർദ്ദിനാളന്മാരും മെത്രാന്മാരും, രാജാക്കന്മാരും, മന്ത്രിമാരും റോമിൽ വരുമ്പോൾ കോളേജു സന്ദർശിക്കാതെ പോകുക പതിവില്ലെന്നുള്ളതാണു്. സന്ദർശകരുടെ ഡയറി പരിശോധിച്ചാൽ കാണാം ഈ മഹാവ്യക്തികൾ കോളേജിനെപ്പററി രേഖപ്പെടുത്തിയിരിക്കുന്ന അഭിപ്രായങ്ങൾ. രണ്ടു വർഷങ്ങൾക്കുമുമ്പു് ആഫ്രിക്കയിലെ രാജാവു് കോളേജ് സന്ദർശിച്ചു. കഴിഞ്ഞവർഷം വിയററ്നാം രാജ്ഞി ഇവിടെ വന്നിരുന്ന കാര്യം സത്യദീപത്തിൽ എഴുതിയിരുന്നതു വായനക്കാർ സ്മരിക്കുമല്ലോ? ബിഷപ്പ് ഷീൻ, ലോൺ കാർഡയിൻ, ലിജിയൻ ഓഫ് മേരിയുടെ സ്ഥാപകൻ ഇവർ പല പ്രാവശ്യം കോളേജ് സന്ദർശിച്ചിട്ടുണ്ടു്. ഇൻഡ്യയിൽനിന്നു മന്ത്രിമാരും അമ്പാസിഡാന്മാരും ഉൾപ്പെട്ട പലരും ഇവിടത്തെ അതിഥികളായിരുന്നു. ഇൻഡ്യൻ സമാജത്തിൻെറ ഡയറിയിൽ 1933 ഡിസമ്പർ 31-ാം തീയതി സുബാഷ് ചന്ദ്രബോസ് എഴുതിയിരിക്കുന്ന വാക്കുകൾ ഏതൊരു ഭാരതീയനെയാണാകർഷിച്ചിരിക്കാത്തതു്?

"റോമയിലെ ഈ പ്രൊപ്പഗാന്താ കോളേജിൽ എൻെറ രാജ്യക്കാരിൽ ഇത്രയേറെപ്പേരെ കാണാൻ സാധിച്ചതു എനിക്കു ആനന്ദദായകമായ ഒരാശ്ചര്യസംഭവമാണു്. അവരോടൊത്തു ഒരു പരഹ്നം കഴിച്ചുകൂട്ടുവാൻ കഴിഞ്ഞതുകൊണ്ടു് എനിക്കു സ്വരാജ്യത്തെപ്പററി സ്മരിക്കുന്നതിനും അത്യാനന്ദം അനുഭവിക്കുന്നതിനും സാധിച്ചു. ഭാരതത്തിൻെറ സന്താനങ്ങൾ എവിടെയായിരുന്നാലും അവർ തന്നെയും അവരുടെ മഹത്തായ മാതൃരാജ്യത്തിനും അഭിമാനം അർഹിക്കത്തക്കവിധത്തിൽ ജീവിച്ചുകാണുന്നതിനാണു് ഭാരതമാതാവിൻെറ ഒരു സേവകനെന്നുള്ള നിലയിൽ ഞാൻ അത്യധികം അഭിലഷിക്കുന്നതും പ്രത്യാശിക്കുന്നതും. എല്ലാവരോടും സഹിഷ്ണുത, എല്ലാവരോടും മൈത്രി—ഇതാണു് ഭാരതരാഷ്ട്രത്തിൻെറ അസ്തിവാരമാകുവാൻ പോകുന്നതു്.......

ഇന്നു നമ്മെ ആവരണംചെയ്യുന്ന കുഴപ്പങ്ങൾക്കും കാർമേഘങ്ങൾക്കും അപ്പുറത്തായി നമ്മുടെ രാജ്യത്തിനു ഭാസുരമായ ഒരു ഭാവിയെ സുവിശദമായി ഞാൻ ദർശിക്കുന്നു. ആ ഭാവിയെ സാക്ഷാൽക്കരിക്കുന്നതിനു നമുക്കെല്ലാവർക്കും ഓരോ പങ്കുവഹിക്കേണ്ടതുണ്ടു്. റോമിലെ ഈ പ്രൊപ്പഗാന്താ കോളേജിൽ പഠിക്കുന്ന എൻെറ നാട്ടുകാർ ഭാരതത്തേയും മാനവവംശത്തേയും ശുശ്രൂഷിക്കുന്നതിനുള്ള മഹത്തായ കർത്തവ്യത്തെ നിർവ്വഹിക്കത്തക്കവണ്ണം സുശിക്ഷിതരായി മടങ്ങുമെന്നുള്ളതിൽ എനിക്കു സംശയലേശമില്ല. മാനവവംശത്തെ സേവിക്കുക എന്നതു ദൈവത്തെത്തന്നെ സേവിക്കുകയാണു് എന്നത്രെ എൻെറ വ്യക്തിപരമായ വിശ്വാസം.

(Sd)

സുബാസ് സി. ബോസ്

റോം (കല്ക്കട്ടാ, ഇന്ത്യ)

31-12-1933

നമ്മുടെ ഇന്നത്തെ യു. എൻ. അസംബ്ളി ഈ ആദ്ധ്യാത്മിക യു. എൻ. ഒ. യുടെ യോജിപ്പിൻേറയും സ്നേഹത്തിൻേറയും മാതൃക സ്വീകരിച്ചിരുന്നെങ്കിൽ!

കുടുംബപംക്തി

# വൈവാഹികജീവിതം

(ഫാദർ ജോൺ മാത്തയ്യൻ)

V

## അവളുടെ വില

വിവാഹജീവിതത്തിൽ പ്രവേശിക്കാനുള്ള ഒരു യുവാവു് തൻെറ ജോലിത്തിരക്കിനിടയിൽ പലപ്പോഴും ചിന്തിച്ചെന്നു വന്നേക്കാം തൻെറ ഭാവിഭാര്യയെപ്പററി. ഈ ഭാവിഭാര്യ ചിലപ്പോൾ വെറുമൊരു സാങ്കല്പികയുവതി മാത്രമായിരിക്കാം. എന്തുകൊണ്ടാണു് അവൾ സാങ്കല്പികമായി കണക്കാക്കപ്പെടുന്നതു്. അവൾ ജീവിച്ചിരിപ്പില്ലെ? ഉണ്ടായിരിക്കാം പക്ഷെ ആ യുവാവു് ആരെ വിവാഹം ചെയ്യണമെന്നു നിശ്ചയിച്ചിട്ടില്ല. അതിനു മുമ്പങ്ങനെ സങ്കല്പലോകത്തിലേക്കു കടന്നിട്ടു് അയാൾ ചിന്തിക്കയാണു്, അവളുടെ പ്രകൃതിയെപ്പററി, ശരീരഘടനയെപ്പററി, ലഭിക്കാവുന്ന ധനത്തെപ്പററി. എന്നാൽ സാധാരണ അവൻ ചിന്തിക്കാറില്ല, അവൾ ഉത്തമക്രൈസ്തവജീവിതം നയിക്കുന്നവളാണോ എന്നു്. ഉത്തമകത്തോലിക്കാജീവിതം നയിക്കുന്ന ഒരു യുവതി—അവളുടെ വില നിർണ്ണയിക്കുന്നതിനു് ആരാലും സാദ്ധ്യമല്ല. അവളുമായുള്ള വിവാഹത്തിൻെറ വിലയും അവാച്യമാണു്. തന്മൂലം അങ്ങനെയുള്ള ഒരു യുവതിയും അവളുമായുള്ള വിവാഹവും അത്ര എളുപ്പമല്ല. അതിനു വലിയ വിലതന്നെ കൊടുക്കണം യുവാക്കന്മാർ. തുല്യവിലകൊടുക്കാതെ ആദായത്തിനു് ഈ കച്ചവടം ആരെങ്കിലും നടത്തിയാൽ വിവാഹാനന്തരം അവർ അതിൻെറ വിലകൊടുത്തേ മതിയാകൂ. ഈ യാഥാർത്ഥ്യം മനസ്സിലാക്കിവേണം യുവാക്കന്മാർ ഇറങ്ങിത്തിരിക്കുവാൻ. വിവാഹജീവിതത്തിൽ പ്രവേശിക്കുവാൻ നിശ്ചയിച്ച ഒരു യുവാവു് താൻ തെരഞ്ഞെടുത്ത യുവതിയെപ്പററി ഒരിക്കൽ തൻെറ ആദ്ധ്യാത്മികപിതാവിനോടു് അഭിപ്രായം ചോദിക്കുകയാണു്: "അച്ചാ, അവൾക്കു് സ്ത്രീധനമൊന്നുമില്ല." ആ പുരോഹിതൻ ഒരു കഷണം കടലാസെടുത്തു് അതിന്മേൽ ഒരു പൂജ്യം രേഖപ്പെടുത്തി. യുവാവു് തുടർന്നു, "അവൾ നന്നായി പാടും." അദ്ദേഹം വീണ്ടും ഒരു പൂജ്യം ആദ്യത്തേതിനോടു തുടർച്ചയായി എഴുതി. വീണ്ടും യുവാവു്, "അവൾ നല്ല സൗന്ദര്യവതിയാണു്." പുരോഹിതൻ മൂന്നാമത്തെ പൂജ്യംകൂട്ടിച്ചേർത്തു. യുവാവു്, "അവൾ ബുദ്ധിമതിയാണു്." അദ്ദേഹം വീണ്ടുമൊരു പൂജ്യംകൂടെ എഴുതി. യുവാവു തുടർന്നു, "അവൾക്കു ബി.എ. ബിരുദം ലഭിച്ചിട്ടുണ്ടു്." പുരോഹിതൻ വിനതയോടെ അഞ്ചാമത്തെ പൂജ്യവും എഴുതി. യുവാവു്, "അവളുടെ കുടുംബം വളരെ പുരാതീനമായിട്ടുള്ള ഒന്നാണു്." ഒട്ടും വൈകാതെ ആറാമത്തെ പൂജ്യവും രേഖപ്പെടുത്തപ്പെട്ടു. അവസാനമായി യുവാവു പറഞ്ഞു, "അവൾ ഒരുത്തമകത്തോലിക്കാജീവിതം നയിക്കുന്നവളാണു്." പുരോഹിതൻെറ മുഖം പ്രസാദിച്ചു. അദ്ദേഹം നിരന്നുകിടക്കുന്ന പൂജ്യങ്ങളുടെ ഇടതുവശത്തു ഒന്നു് എന്ന അക്കം രേഖപ്പെടുത്തി. എന്നിട്ടു് ആ സംഖ്യ അദ്ദേഹം വായിച്ചു "1000000—അതെ അവളുടെ വില പത്തുലക്ഷമാണു്. നീ അവളെത്തന്നെ വിവാഹം ചെയ്തുകൊള്ളുക" ഒരു യുവതിയുടെ ക്രൈസ്തവജീവിതമാണു് വിലമതിക്കപ്പെടേണ്ടതു്. ഈ അടിസ്ഥാനത്തിലാണു് യുവാക്കന്മാർ തങ്ങളുടെ ഭാവിഭാര്യമാരെ തെരഞ്ഞെടുക്കേണ്ടതും നിർണ്ണയിക്കേണ്ടതും. ഈ തത്വമാണു് ലോകത്തിൽ വിവാഹത്തിൻെറ ജയാപജയങ്ങളെ തീർച്ചപ്പെടുത്തുന്നതു്.

സ്ത്രീയുടെ സൗന്ദര്യവും പുരുഷൻെറ ശക്തിയും തീർച്ചയായും ദൈവത്തിൻെറ ദാനങ്ങൾതന്നെ. എന്നാൽ അതിലും വലിയ ദാനങ്ങൾ മനുഷ്യനിൽ കുടികൊള്ളുന്നുണ്ടു്. തന്മൂലം ഭാര്യയുടെ സൗന്ദര്യവും ഭർത്താവിൻെറ ശക്തിയും അവരുടെ വിവാഹജീവിതത്തിലെ വിജയത്തിനു നിദാനങ്ങളായിരിക്കണമെന്നില്ല. ജീവിതവിജയത്തിനു് വിദ്യാഭ്യാസത്തിനും ധനത്തിനും സ്ഥാനമാനങ്ങൾക്കും ഗണ്യമായ ഒരു പങ്കു് പക്ഷെ ഉണ്ടെന്നുവന്നേക്കാം. എന്നാൽ ജീവിതവിജയത്തെ സംബന്ധിച്ചിടത്തോളം പരിപൂർണ്ണമായ ഉറപ്പു നൽകുന്നതിനു് തീർച്ചയായും അവ അപ്രാപ്തങ്ങളാണു്. പരസ്പരമുള്ള ആകർഷണത്തിനും ജീ

വിതവിജയത്തിൽ ഗണ്യമായ സ്ഥാനമുണ്ടാവാം. എന്നാൽ അതും ജീവിതത്തെ പൂർണ്ണവിജയത്തിലെത്തിക്കുന്നില്ല. രോഗം, വാർദ്ധക്യം, പ്രകൃതിദോഷങ്ങൾ മുതലായവ ആകർഷണശക്തിയെ കുറച്ചെന്നുവരാം. അപ്പോൾ ആകർഷണശക്തിയെമാത്രം ആധാരമാക്കി നടന്നിട്ടുള്ള വിവാഹം സ്വാഭാവികമായി പരാജയമടഞ്ഞെന്നുവരും. ആകയാൽ ബാഹ്യപ്രകൃതിയിൽമാത്രം അധിഷ്ഠിതമായിട്ടുള്ള ഗുണവിശേഷങ്ങളെ അടിസ്ഥാനമാക്കി വിവാഹജീവിതത്തിൽ പ്രവേശിക്കാതിരിക്കാൻ യുവതീയുവാക്കന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സമാധാനപൂർണ്ണവും സന്തോഷപ്രദവുമായ ഒരു ക്രൈസ്തവ പരിതഃസ്ഥിതിയിൽ ജീവിക്കുവാൻ വേണ്ട കഴിവുകൾ പ്രദാനംചെയ്യുന്നതിനു പറ്റിയ ഗുണങ്ങൾ തന്റെ ഭാവി ഭാര്യയിൽ [illegible] യുവാവു [illegible]ക്കണം. അവർ എങ്ങനെ മാതാപിതാക്കന്മാരോടും സഹോദരങ്ങളോടും വർത്തിക്കുന്നു? അവർ വീട്ടിൽ മററുള്ളവർക്കു ഒരു സഹായമാണോ, അതോ ഉപദ്രവകാരണമാണോ? വിശ്വാസചൈത-



For favours receiver
P. K Vavco'
Vadakanchery

ന്യത്താൽ പ്രേരിതയായിട്ടാണോ അവർ ജീവിക്കുന്നത്? തന്റെ മതാചാരങ്ങൾ അവർ എങ്ങനെ വിലമതിക്കുകയും അനുഷ്ഠിക്കുകയും ചെയ്യുന്നു? അവർ ഒരു യഥാർത്ഥ കുടുംബപാലകയാണോ അതോ കുടുംബസംഹാരകയാണോ? ഇത്യാദി കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഭാര്യമാരായി സ്വീകരിക്കപ്പെടാനുള്ള യുവതികളെപ്പററി യുവാക്കന്മാർ സൂക്ഷ്മമായി പര്യന്വേഷണം നടത്തേണ്ടതാണ്.

### ഒരു കുഴഞ്ഞ പ്രശ്നം

ശരിയായ അന്വേഷണത്തിനുശേഷം ഒരു യുവാവ് തനിക്കനുരൂപയായ ഒരു യുവതിയെ കണ്ടെത്തുന്നു. ആ യുവതിയുമായി വിവാഹാഭ്യർത്ഥനയും നടത്തി അവർ സമ്മതിക്കുകയും ചെയ്തു. പക്ഷെ കരുത്തേറിയ ഒരു വിലങ്ങുതടി അവരുടെ പുരോഗമനത്തിന്റെ വഴിത്താരയിൽ അങ്ങനെ തള്ളിയലച്ചു കിടക്കുകയാണ്. അവരെന്തുചെയ്യും. ലോകമെന്തുപറയുമെന്നൊരു ഭയം. "ഓമന" ധനികനായ ഒരു മുതലാളിയുടെ ഏക അരുമസന്താനമാണ്. "ജോണി"യാകട്ടെ കേവലം ഒരു ദരിദ്രൻ. തെണ്ടിനടന്നിരുന്ന അനാഥയായ ഏലിയുടെ മകനാണവൻ. തന്റെ അരുമക്കുഞ്ഞിനെ നിസ്സഹായതയുടെ മണലാരണ്യത്തിലിട്ടിട്ട് അവൾ മൺമറഞ്ഞു. നിയതി അവനെ ഏററം സ്നേഹിയായ ഒരു വൈദികന്റെ കാരുണ്യകരങ്ങളിലേല്പിച്ചുകൊടുത്തു. അല്ലലറിയാതെ അവൻ വളർന്നുവന്നു. ഓമനയുടെ പിതാവിന്റെ മാനേജുമെൻറിൽ നടക്കുന്ന ഒരു വിദ്യാലയത്തിലെ അദ്ധ്യാപകനായി ജോണി നിയമിക്കപ്പെട്ട ഈ കാലസന്ധിയിലാണ് ജോണിയും ഓമനയും തമ്മിലുള്ള വിവാഹാഭ്യർത്ഥന നടക്കുന്നത്. ഓമന സമ്മതിക്കുന്നുവെന്നു മാത്രമല്ല. ലോകസാഗരത്തിന്റെ കോളിളക്കമോർത്ത് ഭയപ്പെട്ട പിന്നോട്ടുമാറുന്ന ജോണിയെ ഓമനയുടെ ഉറച്ചമനസ്ഥിതിയും സഹനസന്നദ്ധതയും മുന്നോട്ടു വലിക്കുന്നു. എന്നിട്ടും, ജോണി ചിന്തിച്ചിട്ട് സമാധാനമില്ല. ഓമന ഒരു കുബേരപുത്രി. താനോ കേവലം തെണ്ടിയായ മത്തായിയുടെ മകൻ. ഈ വിഷമസന്ധിയിൽ എന്താണവൻ ചെയ്യുക. ആധുനികലോകത്തിൽ ഇങ്ങനെയുള്ള വിഷമപ്രശ്നങ്ങൾ ചില യുവതീയുവാക്കന്മാരേയും അഭിമുഖീകരിച്ചേക്കാം. പരിശുദ്ധമായ സ്നേഹം, സ്വഭാവൈക്യം, പരസ്പരബോധ്യം, തുല്യസമ്മതം എല്ലാം ഒത്തിണങ്ങിയിട്ടുണ്ട്. പക്ഷെ ഒരു ശല്യം. സാമുദായിക ഉച്ചനീചത്വം. അല്ലെങ്കിൽ സാമ്പത്തികവിടവ്. എന്തു ചെയ്യും. തന്റെ ഭാവിഭർത്താവാകുന്നതിനു പററിയ യുവാവിനു പണമില്ലെന്നുള്ള കാരണത്താൽ ഒരു യുവതി തനിക്കനുരൂപനല്ലാത്ത അപരന്റെ ഹസ്തങ്ങളിലേക്കു സ്വയം എറിയപ്പെട്ടിട്ട് തന്റെ ജീവിതത്തെ നരകിപ്പിക്കണമോ? അതോ അനുരൂപനായ യുവാവിന്റെ ദരിദ്രഹസ്തങ്ങളിൽ തന്നെ അർപ്പിക്കണമോ? സ്വഭാവശുദ്ധിയുള്ള യുവതീയുവാക്കന്മാർക്കിവിടെ എന്താണ് കരണീയമായിട്ടുള്ളതെന്ന്. ഓമനയും ജോണിയും ഈ പ്രശ്നത്തിന് നിഷ്പ്രയാസം സമാധാനം നൽകിക്കൊണ്ട് "സ്നേഹസീമ"യെ മുന്നേറുന്നു.

തനിക്കനുരൂപയെന്ന് ബോദ്ധ്യപ്പെട്ട ഓമനയുടെ ഭാര്യാപദത്തിനുവേണ്ടി ജോണി തന്റെ മാന്യമായ ജോലിപോലും ഉപേക്ഷിച്ചു. കൂലിവേലയ്ക്കു സന്നദ്ധനായി മാതൃകാകുടുംബത്തിന്റെ സുസ്ഥിതിക്കുവേണ്ടി വലിയ ഒരു ത്യാഗം തന്നെ അനുഷ്ഠിച്ചുകൊണ്ട് — തന്റെ പ്രാണപ്രിയയെ താല്ക്കാലികമായി വിട്ടുപിരിഞ്ഞുകൊണ്ട് — അപകടപൂരിതമായ സൈന്യസേവനത്തിനു തന്നെ ഇറങ്ങിത്തിരിക്കുന്നു. ജീവൻതന്നേയും അപകടത്തിലാക്കുന്ന ഓമനയോ, അനുരൂപനായ ജോണിയുടെ ഭർത്തൃപദത്തിനുവേണ്ടി എന്തു ത്യാഗവും സഹിച്ച് മുന്നോട്ടുവരുന്നു. പിതാവിന്റെ അവകാശം അവൾക്കു നഷ്ടപ്പെട്ടു. പിതൃകോപം സ്വഭവനത്തിൽനിന്നും അവളെ ബഹിഷ്കരിച്ചു. അല്ലലെന്തെന്നറിഞ്ഞുകൂടപോലുമില്ലാത്ത ഓമന അദ്ധ്വാനത്തിന്റെ പരുപരുത്ത മേല്പരപ്പിലേക്കു നീങ്ങിത്തുടങ്ങി. പക്ഷെ ഇതൊന്നും അവളെ കുലുക്കുന്നതിനു പര്യാപ്തമായില്ല. വിവാഹമെന്ന കൂദാശയുടെ ശക്തിയേറിയ ബന്ധത്തിൽ അവയെല്ലാം ജോണിക്കുവേണ്ടി ഈശോയെപ്രതി അവൾ സഹിച്ചു. ആ ഇണപ്രാക്കൾ തങ്ങളുടെ വിവാഹവല്ലരിയിൽ മൊട്ടിട്ടു വികസിച്ച കോമളസൂനമാസ്വദിച്ചങ്ങനെ കഴിഞ്ഞുകൂടുകയാണ്. പക്ഷെ ഇനിയും അവരുടെ വിവാഹബന്ധത്തെ താറുമാറാക്കുന്നതിനുള്ള പ്രലോഭനങ്ങൾ അവരുടെ ജീവിതനൗകയെ ആഞ്ഞടിച്ചെന്നു വന്നേക്കാം. എങ്ങനേയുമാകട്ടെ ഓമനയുടെ വിപതിധൈര്യവും ജോണിയുടെ പരിശുദ്ധ സ്നേഹവും ഇന്നത്തെ യുവലോകത്തിനൊരനുഗ്രഹമാണെന്നാണ് എനിക്കു തോന്നുന്നത്. പണംമാത്രം നോക്കിയിരുന്നുവെങ്കിൽ, കുലീനത്വംമാത്രം നോക്കിയിരുന്നുവെങ്കിൽ, ബാഹ്യസൗന്ദര്യംമാത്രം നോക്കിയിരുന്നുവെങ്കിൽ, മാതാപിതാക്കന്മാരുടെ അഭീഷ്ടംമാത്രം നോക്കിയിരുന്നുവെങ്കിൽ ആ യുവഹൃദയങ്ങൾ ഒരിക്കലും ഒന്നിച്ചുകൂടുകയില്ലായിരുന്നു. എന്നാൽ അവർ ആന്തരികസൗന്ദര്യത്തിൽ, സ്വഭാവശുദ്ധിയിൽ ശ്രദ്ധിച്ചു. അവർ പരസ്പരം കണ്ടു, പഠിച്ചു, അങ്ങനെ അവർ ഒന്നായിത്തീരുകയും ചെയ്തു. അതിന്റെ ഭവിഷ്യത്തും അവർതന്നെ അനുഭവിച്ചുകൊള്ളട്ടെ.


## ബോംബെ മരിയൻകോൺഗ്രസ്സ് സോവനീർ

ബോംബെയിൽ നടത്തപ്പെട്ട മരിയൻജൂബിലിസമാപന കോൺഗ്രസ്സിന്റെ സ്മാരകമായി ധാരാളം ചിത്രങ്ങൾ ചേർത്തു മനോഹരമാക്കിയും പ്രസംഗങ്ങളും സന്ദേശങ്ങളും റിപ്പോർട്ടുകളും ഉൾക്കൊള്ളിച്ചും മാർച്ചുമാസത്തിൽ പ്രസിദ്ധംചെയ്യുന്ന വിലപ്പെട്ട സോവനീർ ഗ്രന്ഥം ആവശ്യമുള്ളവർ ഉടനെ അപേക്ഷിച്ചു പേരു രജിസ്റ്റർ ചെയ്യുക. ഗ്രന്ഥത്തിനു വില 5ക. യാണ്. അപേക്ഷിക്കേണ്ട മേൽവിലാസം:-

Rev. Fr. Theodore Pereira, Examiner Press,
Medows Street, Bombay-1


(10 ാംപേജ് തുടർച്ച)

ണ്ടു നമ്മൾ പരസ്പരം ബന്ധിതമാകണം.

കുറേനാളായി ഉത്തരേന്ത്യൻ മിഷൻ താല്പര്യങ്ങൾ നമ്മൾക്കു പ്രിയങ്കരമായിത്തീർന്നിട്ടുണ്ട്. പലരും ഈ വിഷയത്തിൽ കാര്യമായി പ്രവർത്തിച്ചുപോരുന്നതായി കാണുന്നു. പാലായിലെ മിഷൻഹോമും ചെറുപുഷ്പമിഷൻലീഗും, നമ്മുടെ മിഷനറിവൈദികരും സഹോദരരും വിദേശമിഷനുവേണ്ടി ലഘുവായ തോതിലെങ്കിലും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നമ്മുടെ വീട്ടുകാര്യം അന്വേഷിക്കുന്നതിൽ അനാസ്ഥ വരുന്നുണ്ടോ എന്നു പരിശോധിക്കുവാൻ ജനുവരിമാസത്തിലെ മിഷൻനിയോഗം നമുക്ക് ഒരുത്തേജനം നൽകുന്നുണ്ട്.

കേരളത്തിൽ തഴച്ചുവളരുന്ന കമ്മ്യൂണിസത്തേയും നമ്മുടെ ഇടയിൽത്തന്നെയുള്ള ഭിന്നതകളേയും ക്രൈസ്തവമിഷൻവേലയെ തടസ്സപ്പെടുത്തുന്ന സംഘാതമായ ചില കേന്ദ്രങ്ങളിലെ പരിശ്രമങ്ങളേയും അതിജീവിച്ച ക്രിസ്തീയപരിഷ ഇവിടെ പരിപുഷ്ടി പ്രാപിക്കണമെങ്കിൽ ഉൽബുദ്ധതയും ചുറുചുറുപ്പുമുള്ള ക്രിസ്തീയപ്രവർത്തകരുണ്ടാകണം. പ്രസ്തുത ലാക്കോടുകൂടെ പ്രവർത്തിക്കുന്ന വിവിധസംഘടനകളും സർവ്വോപരി ഈ പ്രവർത്തനങ്ങളുടെയെല്ലാം താങ്ങും തണലുമായ വൈദികസമൂഹവും ചേർന്നുനിന്നു വീറോടെ പ്രവർത്തിച്ചാൽ മാത്രം പുരോഗമനസൂര്യന്റെ കിരണങ്ങൾ കേരളത്തിൽ വീശുകയുള്ളൂ.

തലശ്ശേരി രൂപതയുടെ സ്ഥാപനവും അടുത്തുവരുന്ന പുനരൈക്യരജതജൂബിലിമഹാമഹവും കേരളക്രിസ്ത്യാനികളുടെ ഐക്യത്തിനും വർദ്ധനവിനും പററിയ രണ്ടു മഹാസംഭവങ്ങളാണ്. ദക്ഷിണമലബാറിൽ കുടിയേറിപ്പാർക്കുന്ന ക്രൈസ്തവർ അവിടങ്ങളിലെ ക്രിസ്തീയ പുളിമാവായിത്തീരണം. മാർ ഇവാനിയോസ്, മാർ തെയോഫിലസ്, മാർ ഡയനീഷ്യസ്സ്, മാർ സേവേറിയോസ് തുടങ്ങിയ തിരുമേനിമാരും പല വൈദികശ്രേഷ്ഠരും അൽമായജനങ്ങളുംകൂടി കരുപ്പിടിപ്പിച്ചിരിക്കുന്ന മലങ്കരസുറിയാനിറീത്തു കേരളക്രൈസ്തവരുടെ ഐക്യത്തിനുള്ള ആണിക്കല്ലാണ്. ആ പുനരൈക്യപ്രസ്ഥാനത്തിന്റെ രജതജൂബിലിവത്സരം മലബാർ ക്രിസ്ത്യാനികളുടെ ഐക്യത്തിനും ചർച്ചകളുമായുള്ള സാർവ്വത്രികസഭയുടെ പ്രാർത്ഥനാശക്തിയോടുകൂടെ സമാരംഭിക്കുന്നതു ഭാവിക്കു ശുഭശകുനമാണ്. നമ്മളെല്ലാവരും യോജിച്ചുനിന്നു പുനരൈക്യപ്രസ്ഥാനത്തെ സഹായിക്കണം.

ദൈവാനുഗ്രഹങ്ങൾ നമുക്ക് അതിനാൽ സുലഭമായുണ്ടാകും. എന്നാൽ കേരളക്രൈസ്തവർ പ്രസ്തുത അനുഗ്രഹത്തോടു സഹകരിക്കുമോ? നമുക്കുവേണ്ടി അഖിലകത്തോലിക്കാലോകം ചെയ്യുന്ന പ്രാർത്ഥനകളോടുകൂടെ നമ്മുടെ പ്രാർത്ഥനകളും പ്രവർത്തനങ്ങളും ചേരുകയാണെങ്കിൽ മലയാളരാജ്യം ക്രിസ്തീയമാകും.

## ഇടവകവാർത്തകൾ

**എറണാകുളം:** സ്ഥലത്തെ കാർമ്മൽ റിട്രീററ് കപ്പേളയിൽ തിരുക്കുടുംബതിരുനാൾ ജനുവരി 7-ാംനു വെള്ളിയാഴ്ച ആരംഭിച്ചു ഞായറാഴ്ച അവസാനിച്ചു.

ശനിയാഴ്ച നാലുമണിക്കു വരാപ്പുഴ മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് അട്ടിപ്പേററി തിരുമനസ്സുകൊണ്ട് ദേവാലയത്തിൽ എഴുന്നള്ളി വി: പത്താം പീയൂസ്സ് പാപ്പായുടെ സ്വരൂപം വെഞ്ചരിച്ചു. ശ്രീ ഫ്രെഡിമെയിനിന്റെ സംഭാവനയാണ് ഈ സ്വരൂപം. രണ്ടുമണിക്കൂർ ദീർഘിച്ച പട്ടണപ്രദക്ഷിണത്തിൽ വലിയ ഒരു ജനക്കൂട്ടം അകമ്പടിസേവിച്ചു കപ്പേളയിൽവച്ചു റവ: ഫാദർ ജോസഫ് ഇല്ലിപ്പറമ്പിൽ ബി.എ. ബി. ടി. വി. പത്താം പീയൂസിനെക്കുറിച്ചു ഒരു പ്രസംഗം ചെയ്തു. കാർമ്മൽറിട്രീററ് ഡിറക്ടർ ജനങ്ങളോടു കൃതജ്ഞത പ്രകാശിപ്പിച്ചു.

ഞായറാഴ്ച പെരുന്നാൾ ആഘോഷപൂർവ്വം നടത്തപ്പെട്ടു. ബ: പീററർ വടശ്ശേരി അവർകളാണ് പ്രസംഗിച്ചത്.

**കോതമംഗലം:** സ്ഥലം സെന്റ് വിൻസെന്റ് ഡീപോൾ സഖ്യത്തിന്റെ വാർഷികയോഗം ജനുവരി 9-ാംനു റവ: ഫാദർ അലക്സാണ്ടർ ഇരവിമംഗലം അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്രസംഗകനായ ശ്രീ കെ. സി. ചാക്കോ എം. എ., ബി. ഇ., എം. എസ്. അവർകൾ വിൻസെന്റുഡീപോൾ സഖ്യത്തിന്റെ ആദർശത്തേയും അതിനെ പ്രായോഗികമാക്കേണ്ട മാർഗ്ഗങ്ങളെയും സംബന്ധിച്ച ശക്തിയുക്തം സുദീർഘം പ്രതിപാദിച്ചു. യോഗസാധാരണമായ ഇതര ചടങ്ങുകളോടുകൂടി വാർഷികം സമംഗളം സമാപിച്ചു.

**കുണ്ടന്നൂർ:** സ്ഥലം സെന്റ് വിൻസെന്റ് ഡീപോൾ സഖ്യത്തിന്റേയും, മരിയൻ സഖ്യത്തിന്റേയും, ആൾട്ടർ ബോയ്സ് അസോഷിയേഷന്റേയും വാർഷികയോഗം പള്ളി അങ്കണത്തിൽവച്ച് 1954 ഡിസമ്പർ 26-ാം തീയതി റവ: ഫാ: തോമസ് അടമ്പുകുളം അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൊണ്ടാടുകയുണ്ടായി. ഇതു സംബന്ധിച്ച് ഒരു ജപമാല പ്രദക്ഷിണവും, ഇ-ന്നു സഖ്യാംഗങ്ങളുടെ "സാമ്പത്തികചക്രം" എന്ന നാടകാഭിനയവും ഉണ്ടായിരുന്നു. അനന്തരം Mrs. അച്ചാമ്മജോസഫ് & പാർട്ടിയുടെ മഗ്ദലനാമറിയം, അൽഫോൻസാ ചരിത്രം എന്നിവയെ പുരസ്കരിച്ചുകൊണ്ടുള്ള കഥാപ്രസംഗവും നടന്നു.

**ഭരണങ്ങാനം:** രോഗികളായ വൈദികർക്ക് രോഗശുശ്രൂഷയ്ക്കും താമസത്തിനും വേണ്ട സൗകര്യങ്ങളോടുകൂടി ഒരു പ്രത്യേക വാർഡ് ഭരണങ്ങാനം മെഡിക്കൽ മിഷ്യൻ ആശുപത്രിയോടനുബന്ധിച്ചു പണികഴിക്കപ്പെട്ടിരിക്കുന്നു. ഈ വാർഡ് ഒരു "മരിയൻ വത്സരദാന"മായി ആശുപത്രിക്കു പണിയിച്ചുകൊടുത്തതു വെരി റവ. ഡോക്ടർ സി. ററി കൊട്ടാരം അവർകളാണ്. പാലാ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് ജനുവരി 4-ാംനു അതിന്റെ വെഞ്ചരിപ്പും ഉൽഘാടനവും നിർവഹിച്ചു.

**കവീക്കുന്നു:** ചെറുപുഷ്പമിഷൻലീഗ് കവീക്കുന്നു ശാഖയുടെ നേതൃത്വത്തിൽ കാർഷികോല്പന്നങ്ങൾ ശേഖരിച്ച് ലേലം ചെയ്യുകയും മിഷൻ ലോട്ടറി നടത്തുകയും ചെയ്തതിന്റെ ഫലമായി ലഭിച്ച 101 രൂപാ തലശ്ശേരിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാ തിരുമേനിക്ക് നൽകുകയുണ്ടായി. അഡ്മിനിസ്ട്രേറ്റർ തിരുമേനി പ്രവർത്തകരേയും പ്രവർത്തനത്തേയും അനുഗ്രഹിച്ചാശീർവ്വദിച്ചു.

**പൂവത്തോട്:** ഈ ഇടവകയിൽ പ്രവർത്തനം നടത്തിപ്പോരുന്ന മിഷൻലീഗിന്റേയും മൂന്നാംസഭയുടേയും സംയുക്തവാർഷികം ജനുവരി 2-ാംനു പള്ളിമൈതാനത്തുവച്ച് സമഘോഷം കൊണ്ടാടി. യോഗത്തിൽ ഫാ. ജോൺ മററം എം. എ. അദ്ധ്യക്ഷതവഹിച്ചു. ബ്രദർ പീററർ ററസ്സി എം. എ, ശ്രീ എം. വി. ദേവസ്യൻ എന്നിവർ പ്രസംഗിച്ചു.

**കോടഞ്ചേരി:** സ്ഥലത്തെ മരിയസഖ്യത്തിന്റെ ഒരു അസാധാരണയോഗം എ. ജെ. മാത്യു ഏഴാനിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽക്കൂടി. എ. എസ്. ജോസഫ്, കെ. എം. മത്തായി എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധവിനോദപ്രകടനങ്ങളും ഉണ്ടായിരുന്നു.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 | ERNAKULAM, JANUARY 19 || No. 22


## ഐക്യവാരാചരണം

ഈ മാസം 18-ാംനു മുതൽ 25-ാംതീയതിവരെയുള്ള ദിവസങ്ങളാണെല്ലാം ഐക്യവാരപ്രാർത്ഥനയ്ക്കായി നീക്കിവച്ചിട്ടുള്ളത്. പ്രത്യേകിച്ചു ഇക്കൊല്ലം പരിശുദ്ധസിംഹാസനത്തിൽനിന്നു ജനവരിമാസത്തെ വേദപ്രചാരനിയോഗമായി നിർദ്ദേശിച്ചിട്ടുള്ളത് "കേരളത്തിലെ ക്രിസ്ത്യാനികളുടെ ഐക്യവും സംഖ്യാവർദ്ധനവും" എന്നുള്ള വിഷയമാണ്. പ. മാർപ്പാപ്പായുടെ അഭിലാഷവും നിർദ്ദേശവും അനുസരിച്ചു കത്തോലിക്കാലോകം മുഴുവനും കേരളക്രിസ്ത്യാനികളായിരിക്കുന്ന നമുക്കുവേണ്ടി അവരുടെ പ്രാർത്ഥനകളും പുണ്യകൃത്യങ്ങളും ദൈവസന്നിധിയിൽ സമർപ്പിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ സമാഗതമാകുന്ന ഐക്യവാരം ഏററവും അധികം ഫലദായകമാക്കുന്നതിനു ഓരോരുത്തർക്കുമുള്ള കർത്തവ്യത്തെ ശക്തിയുക്തം ഉൽബോധിപ്പിച്ചുകൊള്ളട്ടെ.

### പ്രത്യേകകാരണങ്ങൾ

പരിശുദ്ധമാർപ്പാപ്പാ ഏവംവിധം ഒരു പ്രത്യേകനിയോഗം കേരളീയരായ നമുക്കുവേണ്ടി നൽകുന്നതിനു തിരുമേനിയെ പ്രേരിപ്പിച്ച കാരണങ്ങൾ നമുക്കു അജ്ഞാതമാണ്. ഏതായാലും അവിടുത്തെ പൈതൃകമായ ശ്രദ്ധ നമ്മിലേക്കു എത്രമാത്രം തീവ്രമായി തിരിച്ചുവിടപ്പെട്ടിരിക്കുന്നു എന്നുള്ളതിനു ഇതു ഉത്തമമായ ഒരു തെളിവാണ്. രണ്ടുകൊല്ലം മുമ്പു നാം ആചരിച്ച നമ്മുടെ അപ്പസ്തോലന്മാരുടെ ശതാബ്ദപൂർത്തിയാഘോഷങ്ങൾ നമ്മുടെ സ്ഥിതിഗതികളെപ്പററി കൂടുതൽ ശ്രദ്ധാവധാനനാകുന്നതിനു തിരുമേനിയെ പ്രേരിപ്പിച്ചിരിക്കാം. ഇന്ത്യയിലെ വേദപ്രചാരപരമായ പ്രശ്നങ്ങളും വിദേശമിഷനറിമാരെ സംബന്ധിക്കുന്ന നിയന്ത്രണങ്ങളും ഭാരതത്തിലെ ക്രൈസ്തവകേന്ദ്രവും മിഷൻപ്രവർത്തനത്തിന്റെ പിള്ളത്തൊട്ടിലുമായ കേരളത്തെപ്പററി പ്രത്യാശാപൂർവ്വം സ്മരിക്കുന്നതിനു അവിടുത്തെ പ്രചോദിപ്പിച്ചിരിക്കാം. കഴിഞ്ഞകൊല്ലം കർദ്ദിനാൾസംഘത്തിന്റെ ഡീനും പൗരസ്ത്യറീത്തുകളുടെ തിരുസംഘം സെക്രട്ടറിയുമായ അത്യുന്നതകർദ്ദിനാൾ തിസരാങ്ങ് തിരുമേനി കേരളം മുഴുവൻ സന്ദർശിച്ചു പരിശുദ്ധപിതാവിനെ ഇവിടത്തെ സ്ഥിതിഗതികൾ വിശദമായി ധരിപ്പിച്ചതിന്റെ ഫലമായിട്ടായിരിക്കാം നമ്മുടെ ഉൽക്കർഷത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നതിനു തിരുമേനി ഉൽസുകനായത്. മലബാറിൽ കുടിയേറിപ്പാർക്കുന്ന അനേകായിരം കത്തോലിക്കരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ യഥാവിധി നിർവ്വഹിക്കുന്നതിനു ഒരു പുതിയ രൂപത നിർമ്മിക്കുവാൻ കാരണമായതും വസ്തുതകളെപ്പററിയുള്ള വ്യക്തമായ ഈ അറിവുകൊണ്ടായിരിക്കണമല്ലോ. കൂടാതെ ഇപ്പോൾ സമാരബ്ധമായിരിക്കുന്ന പുനരൈക്യജൂബിലിയെപ്പററിയുള്ള വാർത്ത പരിശുദ്ധ മാർപ്പാപ്പായെ ഈ കാര്യത്തിൽ ശക്തിയായി പ്രേരിപ്പിച്ചിരിക്കണമെന്നുള്ളതും അവിതർക്കിതമാണ്.

ഏതുവിധത്തിലും പരിശുദ്ധസിംഹാസനവുമായി കേരളക്രൈസ്തവസഭ അവാച്യം ബന്ധപ്പെട്ടും ആ ബന്ധത്തെപ്പററിയുള്ള സ്മരണകൾ ശക്തിപ്പെട്ടും കഴിഞ്ഞുപോരുന്ന ഒരു കാലമാണ് നമ്മുടെ മുമ്പിലുള്ളത്. പണ്ടുകാലത്തു ഈ ബന്ധം പരിപൂർണ്ണമായി പുലർത്തുന്നതിനു അന്നത്തെ പരിതസ്ഥിതികളിൽ അസാദ്ധ്യമായി വന്നതുകൊണ്ടു ഏതെല്ലാം കെടുതികളും ഭിന്നതകളും തെററിദ്ധാരണകളും വന്നുഭവിപ്പാനിടയായോ അവയെല്ലാം പാടെ നിർമ്മാർജ്ജനം ചെയ്തു ആ ആദ്ധ്യാത്മികകേന്ദ്രത്തോടുള്ള കേരളസഭയുടെ സമ്പർക്കം ദൃഢവത്കരിക്കുന്നതിനുള്ള സുവർണ്ണഘട്ടമാണ് ഇപ്പോൾ സമാഗതമായിരിക്കുന്നത്.

### കേരളസഭ

ക്രിസ്തുവർഷത്തിന്റെ ആദ്യനൂററാണ്ടിൽ സ്ഥാപിതമായ കേരളത്തിലെ ക്രിസ്തുസഭ ഏതെല്ലാം പതിനെട്ടു ശതകങ്ങൾക്കുള്ളിൽ കടന്നു എത്രയെത്ര ദുസ്തരങ്ങളായ പ്രതിബന്ധങ്ങളെ അതിജീവിച്ചു. ഏതെല്ലാം ഹൃദയഭേദകമായ കഷ്ടനഷ്ടങ്ങൾ സഹിച്ചു! അന്ധകാരാവൃതമായ അതിന്റെ ചരിത്രഭാഗങ്ങളെ പിന്നിട്ടുകൊണ്ടു വിജയശ്രീലാളിതമായി, ഭാരതത്തിന്റെ പ്രത്യാശാകേന്ദ്രമായി ഇന്നു നിലകൊള്ളുന്നതെന്നു അനുസ്മരിക്കുമ്പോൾ നമ്മുടെ സനാതനക്രിസ്തീയവിശ്വാസത്തെ സംരക്ഷിച്ചു ജീവിക്കുന്നതിനുള്ള അത്ഭുതവരം പ്രദാനം ചെയ്ത ദിവ്യരക്ഷകനു കലക്കു നാമറിയാതെതന്നെ നമ്മുടെ കൃതജ്ഞതാഞ്ജലി ഉയരുന്നതിൽ അതിശയിപ്പാനില്ല. ഇരുളടഞ്ഞ അക്കാലഘട്ടമെല്ലാം കഴിഞ്ഞു. നവചൈതന്യത്തിന്റെ പൊൻപുലരിയിൽ ഭാവിപരിപാടികളെ കരുപ്പിടിക്കുന്നതിനുള്ള കാലഘട്ടമാണ് നമ്മുടെ മുമ്പിലുദിച്ചിരിക്കുന്നത്. അതീതകാലത്തെ മുറിവുകളെ പൊറുപ്പിക്കുന്നതിനും, ഭിന്നതകളെ കൂട്ടിയിണക്കുന്നതിനും, ദുർബലതകളെ നിവാരണം ചെയ്യുന്നതിനും, പുതിയ പുതിയ പദ്ധതികളെ പ്രായോഗികമാക്കുന്നതിനും അങ്ങിനെ അപ്പസ്തോലവര്യനായ നമ്മുടെ പിതാവ് മാർത്തോമ്മാശ്ലീഹായാൽ ബീജാവാപം ചെയ്യപ്പെടുകയും രണ്ടാമത്തെ അപ്പസ്തോലനായ വിശുദ്ധ സേവ്യറിനാൽ നനച്ചുവളർത്തപ്പെടുകയും ചെയ്ത വിശ്വാസവൃക്ഷത്തിനു ക്രിസ്തീയജീവിതത്തിന്റെയും കത്തോലിക്കാപ്രവർത്തനത്തിന്റെയും വളം ചേർത്തു രക്ഷകനായ ക്രിസ്തുവിന്റെ അഭീഷ്ടം ഭാരതഭൂമിയിൽ സഫലമാക്കുന്നതിനുമാണ് ഒരോ ക്രിസ്ത്യാനിയും ഇന്നത്തെ ജീവിതനാകേണ്ടതു്. അതിനുള്ള പൈതൃകവും പ്രേരകവുമായ ആഹ്വാനമാണ് ക്രിസ്തുവിന്റെ പ്രതിനിധിയായ പരിശുദ്ധമാർപ്പാപ്പാ നൽകിയിരിക്കുന്നതു്.

കേരളത്തിൽ ആകെ ജനസംഖ്യ 1 കോടി 10 ലക്ഷത്തിൽപരമാണ്. അതിൽ 1/3 ക്രിസ്ത്യാനികളുണ്ട്. കത്തോലിക്കർ ആകെ ജനസംഖ്യയിൽ 1/5വരും. ഇന്ത്യയിൽപെടുത്തി കണക്കാക്കിയാൽ കത്തോലിക്കർ ആകെ ജനസംഖ്യയിൽ $1\frac{1}{4}\%$ മാത്രമേ വരികയുള്ളു. കേരളീയകത്തോലിക്കർ ഇന്നു മൂന്നു റീത്തുകളിൽപെടുന്നവരാണ്: സീറോ മലബാർ റീത്ത്; സീറോ മലങ്കരറീത്ത്; ലത്തീൻ റീത്ത്. സീറോ മലബാർ അഥവാ കൽദായ സുറിയാനി റീത്തിൽ 11 ലക്ഷത്തോളം വിശ്വാസികളും ആയിരത്തി ഒരുനൂറിൽപരം വൈദികരുമുണ്ട്. മാർത്തോമ്മാശ്ലീഹായുടെ കാലംമുതൽ സത്യവിശ്വാസത്തെ അഭംഗം പാലിച്ചുപോരുന്ന പാരമ്പര്യമാണ് ഈ വിഭാഗത്തിനുള്ളതു്. കാലാന്തരത്തിൽ സഭയിലുണ്ടായ സംഘട്ടനങ്ങളുടെ ചില സമ്മർദ്ദങ്ങൾമൂലം ഭിന്നിച്ചുപിരിയുകയും പിന്നീടു യാക്കോബായവിശ്വാസം സ്വീകരിക്കുകയും ചെയ്ത സഹോദരവിഭാഗത്തിൽനിന്നും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പുനരൈക്യശ്രമങ്ങളുടെ ഫലമായി 1930-ൽ തിരുസഭയിലേക്കു പ്രത്യാഗമിച്ച വിഭാഗമാണ് സീറോമലങ്കരറീത്തെന്നപേരിൽ അറിയപ്പെടുന്നതു്. പരിശുദ്ധസിംഹാസനത്തിൽനിന്നും അവർ ശീശ്മസഭയിൽ ഉപയോഗിച്ചിരുന്ന ആരാധനക്രമങ്ങൾതന്നെ അതിലെ പ്രമാദങ്ങൾ നീക്കി ഉപയോഗിക്കുന്നതിനനുവദിക്കുകയും ഒരു പ്രത്യേക ഹയരാർക്കിയായി ആ വിഭാഗത്തെ അംഗീകരിക്കുകയുമാണുണ്ടായതു്. പുനരൈക്യപ്പെട്ട ഈ വിഭാഗത്തിൽ ഇപ്പോൾ 70,000ത്തിൽപരം വിശ്വാസികളും 170-ൽപരം വൈദികരുമുണ്ട്. 16-ാംനൂററാണ്ടിൽ പോർത്തുഗീസുകാരുടെ ആഗമനത്തോടുകൂടി വിശുദ്ധ ഫ്രാൻസിസ് സേവ്യർ കേരളത്തിൽ വരികയും അദ്ദേഹത്തിന്റെയും തുടർന്നു വന്നുകൊണ്ടിരുന്ന മിഷ്യനറിമാരുടേയും പ്രേഷിതയത്നത്തിന്റെ ഫലമായി കേരളത്തിൽ ലത്തീൻറീത്തു പ്രാബല്യത്തിൽ വരികയുമാണുണ്ടായതു്. ലത്തീൻറീത്തിൽ ഇപ്പോൾ 10 ലക്ഷത്തിൽപരം വിശ്വാസികളും 500 ഓളം വൈദികരുമുണ്ട്. ഈ 3 റീത്തുകളിലുംപെട്ട കത്തോലിക്കരുടെ ഏകോപിച്ചുള്ള പരിശ്രമത്തിന്റെ ഫലമായിട്ടുവേണം കേരളക്രിസ്ത്യാനികൾ ഇനിയും ശീശ്മസഭകളിൽനില്ക്കുന്നസഹോദരലക്ഷങ്ങളെ സത്യസഭയിലേക്കാനയിക്കുന്നതിനും, ക്രിസ്തുവിനെ അറിയാതെയും അംഗീകരിക്കാതെയും കഴിഞ്ഞുകൂടുന്ന ഭൂരിപക്ഷം വരുന്ന അക്രൈസ്തവസഹോദരങ്ങളെ സത്യദൈവമാകുന്ന നല്ലിടയന്റെ ആലയിലേക്കാനയിക്കുന്നതിനും, ഇരുളടഞ്ഞ ഭാരതാന്തരീക്ഷത്തിൽ നടന്നുകൊണ്ടിരിക്കുന്ന മിഷ്യനറിപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനും ഫലപ്രദമാക്കുന്നതിനും അതിഗൗരവമായ ഈ കർത്തവ്യങ്ങളുടെ നിർവ്വഹണത്തിനുള്ള പദ്ധതികളാണ് നാം സജ്ജീകരിക്കേണ്ടതു്. പ്രസ്തുതപദ്ധതികളെപ്പററി ഓരോ അവസരത്തിൽ സുദീർഘം ഈ പംക്തികളിൽ പ്രതിപാദിച്ചിട്ടുള്ളതുകൊണ്ട് അവയെ വീണ്ടും ആവർത്തിക്കണമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ കത്തോലിക്കാജീവിതം ചൈതന്യപൂർണ്ണമാക്കുക. കത്തോലിക്കാപ്രവർത്തനത്തിന്റെ ആദർശത്തിനനുസരിച്ചു വൈദികരും അൽമായരും ഏകയോഗമായി ക്രിസ്തുവിന്റെ രാജ്യം പ്രചരിപ്പിക്കുന്നതിനും അവിടുത്തെ ഭരണം ജനഹൃദയങ്ങളിൽ സുസ്ഥാപിതമാക്കുന്നതിനും യത്നിക്കുക. തിരുസഭയ്ക്കു പുറത്തുനില്ക്കുന്ന നമ്മുടെ അകത്തോലിക്കാസഹോദരങ്ങളും അക്രൈസ്തവസഹോദരങ്ങളെയും നിത്യരക്ഷാമാർഗ്ഗമായ സത്യസഭയിലേക്കാനയിക്കുന്നതിനു ക്രിസ്തീയമായ മനോഭാവത്തോടും സ്നേഹാർദ്രമായ സൗഹൃദത്തോടുംകൂടി സമീപിക്കുക. സ്നേഹസ്വരൂപനായ ക്രിസ്തുവിനെ ഓരോ ക്രിസ്ത്യാനിയിലും ലോകം ദർശിക്കുന്നതിനും ക്രിസ്തുവിന്റെ അനുഗ്രഹം അവരെ പ്രചോദിപ്പിക്കുന്നതിനും നാം ഉപകരണമാവുക. യാക്കോബായക്കാരാദിയായ അകത്തോലിക്കാസഹോദരന്മാരുടെ പുനരൈക്യം സമ്പൂർണ്ണമായി സഫലമാകുന്നതിനു ഈ പുനരൈക്യജൂബിലിമഹാമഹം ഒരു പ്രത്യേകാവസരമാകട്ടെ. നമ്മുടെ കുടുംബത്തിലെ നവശിശുവായ തലശ്ശേരിരൂപതയ്ക്കു സർവ്വവിധമായ പരിലാളനകളും നിർലോഭം ചെയ്യുക. ഐക്യവാരം അന്വർത്ഥമാകട്ടെ!

## തിരുനാൾ മംഗളം





പാലാ മെത്രാൻ റൈററ് റവ: ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയും, തലശ്ശേരി രൂപതാ അഡ്മിനിസ്ട്രേറ്റർ റൈററ് റവ. മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയും. തിരുമേനിമാരുടെ നാമകരണതിരുനാൾ ജനുവരി 20

## പ്രസാധകക്കുറിപ്പുകൾ

### ഇൻഡ്യയെ പുലിവാലുപിടിപ്പിക്കാനുള്ള ശ്രമം

പൂനായിൽനിന്നു പ്രസിദ്ധീകരിക്കുന്ന "സോഷ്യൽ ആക്ഷൻ" എന്ന മാസികയുടെ ജനുവരിലക്കത്തിൽ കമ്മ്യൂണിസ്റ്റുകളുടെ സമാധാനാഹ്വാനങ്ങളെ വിശകലനം ചെയ്തെഴുതിയിരിക്കുന്ന ഭാഗങ്ങൾ എല്ലാവരുടേയും സവിശേഷമായ ശ്രദ്ധയിൽ പെടേണ്ടതാണ്. അതിപ്രകാരമാണ്:-

ഏതവസരത്തിലും ഇന്ത്യാക്കാർ നെഹ്റുവിന്റെ വിദേശനയത്തെ പ്രകീർത്തിക്കുന്നതിൽ ബദ്ധശ്രദ്ധരാണ്. "ഡിനമിക്ക് ന്യൂട്രാലിററി"—ശക്തിപ്രണേഷ്പക്ഷത—എന്നാണ് അദ്ദേഹം അതിനു നാമകരണം ചെയ്തിട്ടുള്ളതു്. ഈ നയമാണ് ഇന്ത്യയെ രക്ഷിക്കുവാനുള്ളതു് എന്ന വിശ്വാസത്തിലത്രേ രാജ്യത്താകമാനം ഭൂരിപക്ഷവും അതിനെ സ്വാഗതം ചെയ്യുന്നതും. മഹാത്മജി ഇന്നു ജീവിച്ചിരുന്നെങ്കിൽ അദ്ദേഹവും ഈ നയംതന്നെയായിരിക്കും സ്വീകരിക്കുകയെന്നും ഘോഷിക്കപ്പെടുന്നുണ്ട്.

മഹാത്മജിക്കു സമ്മാനിക്കുവാൻ നമ്മുടെ കമ്മ്യൂണിസ്റ്റ് സഖാക്കൾക്കു രണ്ടു "ക്ലൂ"കൾ മാത്രമാണുള്ളതു് ഇതുമനസ്സിലാക്കുവാൻ അദ്ദേഹത്തെപ്പററി സോവ്യററ് എൻസൈക്ലോപീഡിയാ എന്തു പറയുന്നുവെന്നു പരിശോധിച്ചാൽമതി. പോരെങ്കിൽ, കുറച്ചുമുമ്പു മധുരയിൽവച്ചു നടന്ന അവരുടെ സമ്മേളനത്തിൽ മഹാത്മജിയുടെ പാവനനാമത്തിന്റെ നേർക്കു എത്ര സ്ഥിരബുദ്ധിയില്ലാത്ത രീതിയിലാണ് ചെളിവാരി എറിഞ്ഞതു് എന്നനുസ്മരിച്ചാലും മതി. ഇത്രപോലും അക്കൂട്ടർ മാനിക്കാത്ത ഒരു കാര്യമാണ് ഇന്ത്യയുടെ രക്ഷയും അതിന്റെ പ്രശസ്തിയും. ഇതിനുള്ള തെളിവ് അക്കൂട്ടരുടെ അനുദിനപ്രവർത്തനതന്ത്രങ്ങൾതന്നെ. അതുകൊണ്ട് നമ്മുടെ സഖാക്കൾ "വെകിളി"പിടിച്ചു പണിയുകയാണ്, വല്ലവിധത്തിലും ഇന്ത്യയെ സോവ്യററ്സാമ്രാജ്യത്തിന്റെയോ ചൈനീസ് സാമ്രാജ്യത്തിന്റെയോ വാലിൽ കെട്ടിയിടുന്നതിനു്. ഇതിനുവേണ്ടി ഒരു വമ്പിച്ച പരിപാടിതന്നെ അവർ പ്രയോഗിക്കുവാൻ പോവുകയാണ്. ഇന്ത്യാഗവർമ്മെന്റിനെക്കൊണ്ട് സോവ്യററ് റഷ്യയോടും, ചൈനയോടും, മററു "സമാധാനകാംക്ഷികളാ"യ രാജ്യങ്ങളോടും സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും ഉടമ്പടികൾ ചെയ്യിക്കുക എന്നതാണ് ഈ "മേജർ പദ്ധതി".

### മൂന്നാമത്തെ ട്രോജൻ കുതിര

ഇരുമ്പുമറയ്ക്കു പുറകിൽ എല്ലാ സ്ഥലത്തും വളരെ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നതും അവരുടെ കിങ്കരന്മാർ പുറത്തുവരുമ്പോൾ ആക്രോശിച്ചുകൊണ്ടിരിക്കുന്നതുമായ "സമാധാന"രഹസ്യം എന്തായിരിക്കാം? ബിഷപ്പ് ഫുൾട്ടൻ ഷീനിന്റെ ഭാഷയിൽ പറഞ്ഞാൽ ഈ സമാധാനപ്രസ്ഥാനം കമ്മ്യൂണിസ്റ്റുകളുടെ മൂന്നാമത്തെ ട്രോജൻ കുതിരയാണ്. ഇതിനുമുമ്പ് അവർ രണ്ടെണ്ണം ജനാധിപത്യരാജ്യങ്ങളിൽ രംഗപ്രവേശം ചെയ്യിക്കുകയും അവരുടെ ഉദ്ദേശ്യം ഏറെക്കുറെ നേടുകയും ചെയ്തിട്ടുണ്ട്. ഒന്നാമത്തേതു ഫാസിസ്റ്റുവിരുദ്ധപ്രസ്ഥാനമായിരുന്നു. അതുവഴിയായി കമ്മ്യൂണിസം സ്വാതന്ത്ര്യാധിപത്യവിരുദ്ധമാണെന്നു ലോകത്തെ വിശ്വസിപ്പിച്ചു ജനതയെ വഞ്ചിക്കുന്നതിനു അവർക്കു സാധിച്ചു. പക്ഷെ അടുത്ത നിമിഷത്തിൽ മൊളോട്ടോവും റിബൺട്രോപ്പും പരസ്പരം കൈകൊടുത്തുകൊണ്ടു പറഞ്ഞു: നമ്മുടെ മൈത്രി രക്തത്തിൽ മുദ്രിതമാണ് എന്നു്. നാസ്സിസവുമായി അവർ ഐക്യപ്പെട്ടുകഴിഞ്ഞു. എന്നാൽ ഈ മൈത്രീബന്ധം മുദ്രയടിക്കുന്നതിനുപയോഗിച്ചതു് രണ്ടാമത്തെ ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ട അവസരത്തിൽ കലിനയായ പോളണ്ടുരാജ്യത്തെ മുറിപ്പെടുത്തിയെടുത്ത രക്തമായിരുന്നെന്നുമാത്രം. ആധുനികസംസ്കാരത്തിന്റെ പ്രാകാരങ്ങൾക്കുള്ളിലേക്കു തള്ളിക്കയററിയ അവരുടെ രണ്ടാമത്തെ മരക്കുതിരയുടെ പേർ "ജനാധിപത്യം" എന്നാ

ണ്. ലോകത്തിലുള്ള ജനാധിപത്യശക്തികളുടെ സംരക്ഷികയായിട്ടാണ് കമ്മ്യൂണിസം ഇവിടെ വേഷമണിഞ്ഞതു്. കമ്മ്യൂണിസ്റ്റുകൾക്കു എവിടെയെല്ലാം അവരുടെ പൈശാചികമായ ഭരണം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ അവിടെയെല്ലാം അതിന്റെ പേരു ജനാധിപത്യമെന്നാണ്. ജനലക്ഷങ്ങൾക്കു ഈ നിഷ്ഠുരഭരണംകൊണ്ടുണ്ടാകുന്ന അടിമത്തത്തിനു ഈ നല്ലപേരുകൊണ്ടു പ്രതിവിധിയായിരിക്കൊള്ളുമെന്നാണ് അവരുടെ വ്യാമോഹമെന്നു തോന്നുന്നു. സ്വതന്ത്രലോകം ഈ "പെരുനുണ"യെപ്പോലും വെട്ടിവിഴുങ്ങുന്നു എന്നതാണു് കഷ്ടം!

ഇപ്പോൾ മോസ്കോയുടെ സ്റ്റുജിയൻലായത്തിൽനിന്നിറക്കുന്ന മൂന്നാമത്തെ കുതിരയാണ് "സമാധാനം." കുറച്ചുമുമ്പ് ശ്രീമതി ഇന്ദിരാഗാന്ധി റഷ്യാസന്ദർശനം കഴിഞ്ഞു മടങ്ങിവന്നപ്പോൾ അവിടെ ജനങ്ങളെല്ലാം സമാധാനത്തിനുവേണ്ടി മുറവിളികൂട്ടുന്ന സ്വരം കേട്ടുവെന്നു സാക്ഷ്യപ്പെടുത്തി. ജനങ്ങൾ മുറവിളികൂട്ടി എന്നുള്ളതു വാസ്തവമാണ്. ലീലാഷി അവരോടു പറഞ്ഞു അതു സമാധാനത്തിനുവേണ്ടിയുള്ള മുറവിളിയായിരുന്നുവെന്നു്. ആരറിഞ്ഞു അതു വിശപ്പുകൊണ്ടു് അപ്പത്തിനുവേണ്ടിയുള്ള മുറവിളിയായിരുന്നില്ലായെന്നു്! ഏതായാലും അതേപ്പററി ഒരിന്ത്യൻപത്രം അന്നു പ്രസ്താവിച്ചതു രസാവഹമായിരുന്നു: ഇത്ര വളരെ ജനങ്ങൾ മുറവിളി കൂട്ടിയതു സമാധാനത്തിനുവേണ്ടിത്തന്നെ ആയിരുന്നെങ്കിലും അതു ഒരു രാജ്യത്തിന്റെ സമാധാനജീവിതത്തെ ഭഞ്ജിക്കത്തക്കവണ്ണമുള്ള ഒരു ശല്യമായിരുന്നു! ഈയിടെ ശ്രീ പണ്ഡിററു് നെഹ്റു ഇന്തോചൈന സന്ദർശിക്കുകയും ഹോ ചി മിനുമായി സംഭാഷണം നടത്തുകയും ചെയ്തശേഷം മടങ്ങിയെത്തിയപ്പോൾ ഹോ ഒരു സമാധാനപ്രേമിയാണ് എന്നു പ്രഖ്യാപിച്ചതായി ചില റിപ്പോർട്ടുകൾ കണ്ടു. എന്നാൽ നെഹ്റുപോലും കമ്മ്യൂണിസ്റ്റുകളുടെ സമാധാനത്തിനുവേണ്ടിയുള്ള ഈ മുറവിളിയും പ്രകടനങ്ങളും കൊണ്ടു മടുത്തുപോയതോ? ഒരു പരസ്യത്തിൽ ഒരിടത്തു അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: കമ്മ്യൂണിസ്റ്റുകൾ സമാധാനത്തിനുവേണ്ടി ഉച്ചത്തിൽ മുറവിളികൂട്ടുന്നു; പക്ഷെ അവരുടെ മുറവിളിയിൽ യാതൊരു സമാധാനവുമില്ല എന്നു്. പാവപ്പെട്ടജനങ്ങളെ അടിച്ചുകൂട്ടി സമാധാനകോൺഫറൻസുകൾ നടത്തുന്നതിനു കമ്മ്യൂണിസ്റ്റുകൾക്കു സാധിച്ചിട്ടുള്ളിടത്തെല്ലാം അതുവെറും പ്രകടനങ്ങളായിരുന്നുവെന്നു തെളിഞ്ഞിട്ടുണ്ടു്. മി. ആററ്ലി ഒരിക്കൽ പ്രസ്താവിച്ചതിപ്രകാരമാണ്: അവർ (കമ്മ്യൂണിസ്റ്റുകൾ) സ്വാതന്ത്ര്യത്തെപ്പററി പ്രസംഗിക്കുന്നു. എന്നാൽ അതിനെ നിഗ്രഹിക്കുകയാണു ചെയ്യുന്നതു്. ആക്രമണത്തെ പിൻതാങ്ങിക്കൊണ്ടു് അവർ സമാധാനത്തെപ്പററി പ്രസംഗിക്കും. അവരുടെ തത്വസംഹിത പാടെ നിരാകരിക്കുന്ന ഗുണങ്ങളെ അവർ ചെയ്യുന്നുവെന്നു വിശ്വസിപ്പിക്കത്തക്കവണ്ണം അവർ അത്രയ്ക്കു മനസ്സാക്ഷിയില്ലാത്തവരും നിർദ്ദയന്മാരുമായ കപടവേഷധാരികളുമാണ്.

### യഥാർത്ഥ

## സമാധാനം

കമ്മ്യൂണിസ്റ്റുകളുടെ ഭാഷയിൽ സമാധാനമെന്ന വാക്കിന്റെ അർത്ഥമെന്തായിരിക്കും? കമ്മ്യൂണിസത്തിന്റെ പ്രയോഗത്തിൽ ആ വാക്കിന്റെ ഉദ്ദിഷ്ടാർത്ഥം യുദ്ധമെന്നാണ്. സമാധാനം എന്നതു ഒരു സ്വരം മാത്രമായിരുന്നെങ്കിൽ ലോകത്തിലുള്ളതിൽ ഏററം വലിയ സമാധാനപ്രേമികൾ കമ്മ്യൂണിസ്റ്റുകളായിരുന്നേനെ. പക്ഷെ അതു ശബ്ദത്തിലല്ല നിലകൊള്ളുന്നതു്. ക്രമപാലനത്തിൽനിന്നു ളവാകുന്ന ശാന്തതയാണ് സമാധാനം എന്നത്രെ സിസറോ അതിനെ നിർവ്വചിച്ചിട്ടുള്ളതു്. അതുകൊണ്ടു് ഓരോ സ്വതന്ത്രമനുഷ്യനും ദൈവത്തിന്റെ സംവിധാനത്തിൽ അവനർഹമായതു നൽകപ്പെടണം. മനുഷ്യൻ ദൈവത്തിനർഹമായതു അവിടുത്തേക്കും നൽകണം: അതായതു് ആരാധന, ശുശ്രൂഷ, സ്നേഹം.

സമാധാനപ്രേമികളായ രാജ്യങ്ങളെന്നു കമ്മ്യൂണിസ്റ്റുകൾ വ്യവഹരിക്കുന്ന രാജ്യങ്ങൾ ഏതാണെന്നു നോക്കുക. യഥാർത്ഥത്തിലുള്ള സമാധാനത്തിനുവേണ്ടി പരിശ്രമിക്കുന്നവയല്ല അതു് പ്രത്യുത, ഒന്നുകിൽ കമ്മ്യൂണിസ്റ്റുനുകത്തിലമർന്നു കഴിഞ്ഞിട്ടുള്ളവ. അല്ലെങ്കിൽ കമ്മ്യൂണിസ്റ്റ് വ്യാഘ്രത്തിന്റെയോ ചൈനീസ് സർപ്പത്തിന്റെയോ വായിൽ ചാടാൻ സന്നദ്ധതയുള്ളവ എന്നിവമാത്രമാണ്. ചുമപ്പുസമാധാനത്തിന്റെ അനുഗ്രഹങ്ങൾ അനുഭവിച്ചു നശിച്ചവയാണ് കൊറിയായും ഇന്തോചൈനായും. ടിബെററിലും ഈ അനുഗ്രഹവർഷമാണനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതു്. നാം വേണ്ടത്ര ശ്രദ്ധാലുക്കളായിരിക്കുന്നില്ലായെങ്കിൽ സോവ്യററു് സമാധാനത്തിന്റെ ഒരു പ്രവാഹം അനതിവിദൂരമായ ഭാവിയിൽ ഡൽഹിയേയോ, കൽക്കട്ടയേയോ, ബോംബെയേയോ അടിച്ചമറിച്ചുവെന്നു വരാൻ പാടില്ലായ്കയില്ല. പ്രാവു് മൂങ്ങയായി മാറും; സമാധാനത്തിന്റെ അർത്ഥം ആക്രമണമെന്നാകും. കാരണം, ഫാസിസ്സവിരുദ്ധമെന്നാൽ നാസ്സിസഐക്യമെന്നും, ജനാധിപത്യമെന്നാൽ അടിമത്തമെന്നുമാണ് അവരുടെ അർത്ഥഗണനയെന്നു തെളിഞ്ഞുകഴിഞ്ഞതാണ്. ഈയിടെ മോസ്കോ സന്ദർശിച്ച ബ്രിട്ടീഷ് ലേബർപാർട്ടി അംഗങ്ങൾക്കു മനസ്സിലായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതുപോലെ, കമ്മ്യൂണിസ്റ്റ് സ്വാതന്ത്ര്യം എന്ന വാക്കിന്റെ വിവക്ഷ തിരഞ്ഞെടുക്കുന്നതിനുള്ള നിർബന്ധത്തിൽനിന്നുള്ള സ്വാതന്ത്ര്യം എന്നാണത്രെ. ആകയാൽ റഷ്യയിലേയോ ചൈനയിലേയോ അടിമക്യാമ്പുകളിലോ, തുറുങ്കുകളിലോ, നരകിക്കുന്ന ലക്ഷോപലക്ഷങ്ങളുടെ സ്വാതന്ത്ര്യത്തെ ചോദ്യംചെയ്യുന്നതിനു ആർക്കും അവകാശമില്ല. ലോകം മനസ്സിലാക്കുന്ന സ്വാതന്ത്ര്യമെന്നതു് അവരുടെ ഭാഷയിൽ ഒരു "ബൂർഷ്വാവ്യാമോഹ" മാത്രമാണത്രെ.

* * *

Cordial Thanks For Favours Received



Mrs. & Mr. K. P. Varghese, Manimala

## ഏതു വ്യവസ്ഥിതിയാണ് ഇന്ത്യയുടെ ലക്ഷ്യം?


സ്വതന്ത്രഭാരതത്തിൽ എല്ലാ ജനവിഭാഗങ്ങളുടേയും സഹകരണത്തിന്റേയും കഠിനമായ പ്രയത്നത്തിന്റേയും ഫലമായി ഐശ്വര്യപൂർണ്ണമായ ഒരു വ്യവസ്ഥിതി പടുത്തുയർത്തണമെന്നഭിലഷിക്കുന്നവരാണ് സ്വരാജ്യസ്നേഹമുള്ള ഭാരതീയരെല്ലാം. ഈ ലക്ഷ്യം വ്യക്തമായി കാണേണ്ടതും അതിന്റെ സാഫല്യത്തിനുവേണ്ടി സുനിശ്ചിതമായ മാർഗ്ഗങ്ങളിൽക്കൂടി ഒന്നൊരുമിച്ചു മുമ്പോട്ടുനീങ്ങേണ്ടതും ഏവരുടേയും കടമയാണ്. എന്നാൽ ഈ രംഗത്തു ഒന്നാംകിടയിലുള്ള നേതാക്കന്മാരിൽതന്നെ ഗണ്യമായ അഭിപ്രായാന്തരങ്ങൾ നിലകൊള്ളുന്നുവെന്നുള്ളതു് ശുഭസൂചകമല്ല. ഒരു സോഷ്യലിസ്റ്റു് വ്യവസ്ഥിതിക്കുവേണ്ടിയുള്ള വാദകോലാഹലങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. എന്താണു ഈ സോഷ്യലിസ്റ്റു് വ്യവസ്ഥിതിമൂലം ഉദ്ദേശം ചെയ്യപ്പെടുന്നതു്? അമൂല്യമായ പൗരസ്വാതന്ത്ര്യത്തേയും വ്യക്തിയുടെ അവകാശതാല്പര്യങ്ങളേയും അതെങ്ങനെ ബാധിക്കും? സ്വേച്ഛാധിപത്യ കമ്മ്യൂണിസ്റ്റാദർശങ്ങളിലേക്കു അതു വഴുതിപ്പോകുമോ? എന്നിത്യാദി പ്രശ്നങ്ങൾ സശ്രദ്ധം ഓരോ പൗരനും തക്കസമയത്തു പരിചിന്തിക്കേണ്ടതാണ്. ഈ വിഷയത്തെക്കുറിച്ചു മധുരയിൽനിന്നു പ്രസിദ്ധീകരിക്കുന്ന "ഡെമോക്രസി" എന്ന വാരിക ജനുവരി 9-ാം തീയതിയിലെ ലക്കത്തിൽ പ്രസ്താവിച്ചിട്ടുള്ള ചില കാര്യങ്ങൾ സമീചീനമായിരിക്കുന്നുണ്ടു്. അതിൽ ഇപ്രകാരമാണ് പ്രസ്തുത വിഷയത്തെ പ്രതിപാദിക്കുന്നതു:—

പാർലമെന്റിന്റെ അവസാന സമ്മേളനാവസരത്തിൽ സഭയ്ക്കകത്തും പുറത്തുംവച്ചു പണ്ഡിററു് നെഹ്റു പ്രസ്താവിച്ചുകാണുന്നതു് അദ്ദേഹത്തിന്റെ ഭരണനയം ഇന്ത്യയിൽ ഒരു സോഷ്യലിസ്റ്റു് സ്റ്റേററു് സ്ഥാപിക്കുന്നതിനാണെന്നത്രെ. പാർലമെന്ററി പാർട്ടിയും, ഐ. എൻ. ടി. യു. സി. മുതലായ ഇതര കോൺഗ്രസ്സുപാർട്ടി സംഘടനകളും ഈ ലക്ഷ്യത്തെ പിന്താങ്ങുന്നതായും കാണുന്നു. ഈ സോഷ്യലിസ്റ്റു് സമുദായവും അതിന്റെ മാതൃകയും ആസന്നഭാവിയിൽ സൃഷ്ടിച്ചുകളയാമെന്നു മി. നെഹ്റുവിനു വിശ്വാസമില്ലത്രെ. അതെന്തുകൊണ്ടാണെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. ഇന്നത്തെ ഒരു ഗവൺമെന്റിനു ഒരു കാര്യം സാധിക്കണമെങ്കിൽ അതിനുള്ള മനസ്സും ശക്തിയുംമാത്രം മതി; എല്ലാകാര്യവും ഇഷ്ടംപോലെ നടത്താം. പ്രത്യേകിച്ചും ഇന്ത്യയിലെപ്പോലെ ഇത്ര ദരിദ്രരും, ശാന്തമനസ്കരും, സാമൂഹികജീവിതത്തിൽ പരിചയിച്ചുവരുമായ ഒരു ജനതയിൽ അതു ക്ഷണസാദ്ധ്യമാണ്. പക്ഷെ വ്യവസായപരമായി കുറേക്കൂടി അഭിവൃദ്ധി അതിനാവശ്യമാണെന്നു മി നെഹ്റു വിചാരിക്കുന്നു. എന്നാൽ റഷ്യയിലെ അനുഭവം പഠിപ്പിക്കുന്നതു് സോഷ്യലിസത്തിന്റേയും അതിന്റെ ന്യായയുക്തവികാസമായ കമ്മ്യൂണിസത്തിന്റേയും ആവിർഭാവത്തിനു വ്യാവസായികമായ പിന്നാക്കസ്ഥിതി ഒരു പ്രതിബന്ധമല്ലെന്നാണ്. സാധുകർഷകരുടെ ബാഹുല്യം സോഷ്യലിസത്തിനും കമ്മ്യൂണിസത്തിനും വിളഭൂമിയായി നെഹ്റു കാണുന്നു. എന്നാൽ ചൈന ഈ അഭിപ്രായത്തെ ഖണ്ഡിച്ചുകഴിഞ്ഞിട്ടുണ്ടു്. അവിടെ കമ്മ്യൂണിസം നടപ്പാക്കപ്പെട്ടു. നിർബന്ധപൂർവ്വകമായ സഹകരണത്തിന്റെ ഇടക്കാലഘട്ടത്തെ കടന്നു വയലുകളെല്ലാം കൂട്ടുകൃഷി ക്രമത്തിലേക്കു കൊണ്ടുവരപ്പെടുന്നതിനു കുറച്ചുകാലം വേണമെന്നു മാത്രമേയുള്ളു. തെക്കേ അമേരിക്കയിലെ പെറുവെന്ന രാജ്യത്തിന്റെ ചരിത്രത്തിലും ഇതിനുദാഹരണമുണ്ടു്. സ്പെയിൻകാർ ആ രാജ്യത്തെ കൈയടക്കുന്നതിനുമുമ്പു അവിടത്തെ നിരക്ഷരകുക്ഷികളും അധഃകൃതരുമായ കർഷകജനത ഒരു സോഷ്യലിസ്റ്റു് സ്റ്റേററിനെ പിൻതാങ്ങിക്കൊണ്ടിരുന്നു. അതുകൊണ്ടു് ഒരു സോഷ്യലിസ്റ്റോ കമ്മ്യൂണിസ്റ്റോ ഭരണസമ്പ്രദായം സംസ്ഥാപിക്കുന്നതിനു ജനങ്ങളുടെമേൽ അതു അടിച്ചേല്പിക്കുന്നതിനുള്ള ദൃഢനിശ്ചയവും കൈയൂക്കും മാത്രമേ ആവശ്യമുള്ളുവെന്നു ചുരുക്കം. എന്നാൽ ഇപ്രകാരമുള്ള ഒരു സമ്പ്രദായം നടപ്പാക്കുന്നതിനു ഒരു പ്രതിബന്ധമുണ്ടു്: അതായതു് വ്യക്തിസ്വാതന്ത്ര്യത്തോടും, വ്യക്തിഗതമായ പ്രവർത്തനങ്ങളോടും, വ്യക്തിപരമായ പരിശ്രമത്തിന്റെ പ്രയോഗത്തോടുമുള്ള ജനങ്ങളുടെ സ്നേഹം. ശ്രീ നെഹ്റു അദ്ദേഹം വിശ്വസ്തത പ്രഖ്യാപിച്ചിട്ടുള്ള പാർലമെന്ററി ഡെമോക്രസിയോടുള്ള ഉത്തരവാദിത്വത്തിൽ ഉറച്ചുനില്ക്കുകയാണെങ്കിൽ സോഷ്യലിസത്തിലേക്കും കമ്മ്യൂണിസത്തിലേക്കുമുള്ള യാത്ര തടയപ്പെടുന്നില്ലെങ്കിൽതന്നെ കൂടുതൽ ദീർഘിക്കാതെ നിവൃത്തിയില്ല. സൈന്യത്തിന്റേയും പോലീസിന്റേയും മേലുള്ള അധികാരവും ഗതാഗതമാർഗ്ഗങ്ങളിന്മേലുള്ള നിയന്ത്രണവുമുള്ള ഒരു ശക്തമായ ഗവമ്മെന്റിനു ജനങ്ങളുടെമേൽ അതിനിഷ്ടമുള്ള ഭരണരീതി അടിച്ചേല്പിക്കാൻ കഴിയുന്നതാണല്ലോ. അതുകൊണ്ടു് വ്യവസായങ്ങളുടേയും മററു സമൂഹികസംരംഭങ്ങളുടേയും ക്രമാനുഗതമായ ദേശീകരണം ഒരു നയമായി അംഗീകരിച്ചിട്ടുള്ള കോൺഗ്രസ്സ് പാർട്ടിക്കും ഗവമ്മെന്റിനും അതിന്റെ പുരോഗതിയെ ത്വരിപ്പിക്കാനും വിഷമമില്ല.

### സോഷ്യലിസം ഇവിടെ ആവശ്യമാണോ?


സോഷ്യലിസ്റ്റു് വ്യവസ്ഥിതിയെ ലക്ഷ്യമാക്കുകയും അതിന്റെ ആവിർഭാവത്തെ ത്വരിപ്പിക്കുകയും ചെയ്യേണ്ട ആവശ്യം ഇന്ത്യക്കുണ്ടോ എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. സോഷ്യലിസത്തിന്റെ വികസനവും കമ്മ്യൂണിസത്തിലേക്കുള്ള അതിന്റെ പരിണാമവും വ്യക്തികളുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കുമെന്നുള്ളതു് സ്വാഭാവികമാണ്. ഇപ്രകാരം വ്യക്തിസ്വാതന്ത്ര്യം ഹനിക്കപ്പെടുന്നതിനു്, സാവധാനത്തിൽ അതിനെ നിയന്ത്രിച്ചു അവസാനം നശിപ്പിക്കണമെന്നു് ഇന്ത്യയിലെ ജനങ്ങൾക്കു സമ്മതമുണ്ടോ? ഇന്ത്യൻഭരണഘടന ഇന്ത്യാക്കാർക്കു് അനുവദിച്ചുനൽകുന്ന അവരുടെ വ്യക്തിപരമായ പല സ്വാതന്ത്ര്യങ്ങളും അങ്ങനെ പാലിക്കപ്പെട്ടുകാണണമെങ്കിൽ അവർ തന്നെ അവയെ സംരക്ഷിക്കുന്നതിനും അവയ്ക്കുവേണ്ടി പോരാടുന്നതിനും തയ്യാറാകണം. എന്തുകൊണ്ടെന്നാൽ എത്രപൂർണ്ണമായി ഒരു സോഷ്യലിസ്റ്റു് സ്റ്റേററു് രൂപം പ്രാപിക്കുമോ അത്ര കൂടുതലായി ആ സ്വാതന്ത്ര്യങ്ങൾ നിയന്ത്രിക്കപ്പെടുകയും അവസാനം നശിപ്പിക്കപ്പെടുകയും ചെയ്യുമെന്നുള്ളതു് നിസ്സംശയമാണ്. ഈയിടെ മാർഷൽ ടിറേറായോടു് ഒരു പ്രസ് കോൺഫറൻസിൽവച്ചു്, യൂഗോസ്ലാവിയായിൽ എന്തുകൊണ്ടാണ് ഒരു കപാർട്ടി മാത്രമുള്ളതെന്നു ചോദിച്ചപ്പോൾ അദ്ദേഹം ചെയ്തതു് ആ രാജ്യത്തെ സമ്പത്തികപുരോഗതിയെപ്പററി ഒരു പ്രഭാഷണം നടത്തുകയായിരുന്നു. സമ്പത്തികാഭിവൃദ്ധി—അതായതു കാർഷികവും വ്യാവസായികവുമായ ഉൽപന്നങ്ങളുടെ വർദ്ധനവു്, രാജ്യത്തിന്റെ കോശസ്ഥിതിയിലുള്ള ഉയർച്ച, പ്രബലമായ കരസൈന്യത്തിന്റേയും നാവികവകുപ്പിന്റേയും വമ്പിച്ചവ്യവസായങ്ങളുടെയുംപുരോഗതി മുതലായവ—സോഷ്യലിസം വഴിക്കോ കമ്മ്യൂണിസം വഴിക്കോ സാധിക്കാവുന്നതാണ്. പക്ഷെ അതിനു കൊടുക്കേണ്ട വിലയെന്താണു്? സ്വാതന്ത്ര്യനഷ്ടം! ഇന്ത്യയിലെ ജനങ്ങൾ ഈ നഷ്ടം സഹിക്കാൻ തയ്യാറുണ്ടോ? ദേശീയസ്വാതന്ത്ര്യവും സ്വയംഭരണാവകാശവും നേടിയതിനുശേഷം അവരുടെ വ്യക്തിസ്വാതന്ത്ര്യത്തെ, സ്വജനങ്ങൾതന്നെ നടത്തുന്നതാണെങ്കിലും, സർവ്വശക്തമായ ഒരു സ്വേച്ഛാധിപത്യഭരണത്തിനു അടിയറവയ്ക്കുവാൻ ഭാരതീയജനത സന്നദ്ധമാണോ എന്നാണറിയേണ്ടതു്.

സ്വാതന്ത്ര്യം സംരക്ഷിച്ചുകൊണ്ടുതന്നെ സാമ്പത്തികാഭിവൃദ്ധി കൈവരുത്താവുന്നതാണ് എന്നുകൂടി അനുസ്മരിക്കണം. ലോകത്തിലുള്ള സ്വതന്ത്രരാഷ്ട്രങ്ങൾ ഇതു തെളിയിക്കുന്നുണ്ടു്. ഇംഗ്ലണ്ടും അമേരിക്കൻ ഐക്യനാടുകളും



മാത്രമല്ല, ഫ്രാൻസ്, ഇററലി, ബെൽജിയം, ഹോളണ്ടു മുതലായ താരതമ്യേന ചെറിയ രാജ്യങ്ങളും ഇതിനുദാഹരണങ്ങളാണ്. വ്യക്തിപരമായ സംരംഭങ്ങൾക്കു ഗവൺമെണ്ടു വിപുലവും സ്വാതന്ത്ര്യവുമായ പ്രവർത്തനമനുവദിക്കണം. ഇന്നുവരെ ഗവൺമെണ്ടു ദേശീകരിച്ചിട്ടുള്ള വ്യവസായങ്ങൾകൊണ്ടു മാത്രം തൃപ്തിപ്പെടുകയും, ദേശീകരിക്കപ്പെട്ട ഈ വ്യവസായങ്ങളെ പാടുള്ളിടത്തോളം പരമാവധി അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യട്ടെ. ഇതു സാധിക്കുന്നതിനുതന്നെ ഗവൺമെണ്ടിന്റെ സ്വാധീനത്തിലുള്ള മുഴുവൻ കഴിവുകളും—കായികവും, സാങ്കേതികവും, സാമ്പത്തികവുമായ കഴിവുകളെല്ലാം—വിനിയോഗിക്കപ്പെടേണ്ടിവരും. ബാക്കിയുള്ളതു് സ്വകാര്യവിഭാഗത്തിനു വിട്ടുകൊടുക്കട്ടെ. ഈയിടെ സൂറത്തിൽവച്ചു്, ബോംബെയിലെ ഒരു പ്രസിദ്ധ വ്യവസായിയായ മി. എം. എ. മാസ്റ്റർ ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചതുപോലെ, ഗവൺമെണ്ടു ഒരു തലമുറ കഴിയുന്നതുവരെ ദേശീകരണം നടത്തുകയില്ല എന്നു പ്രഖ്യാപിക്കട്ടെ. മി. നെഹ്റുവും അദ്ദേഹത്തിന്റെ ഗവൺമെണ്ടും ഒരു കാര്യം മനസ്സിലാക്കണം: എല്ലാം മൂലധനവും ബലമായി കൈയടക്കുക, അധ്വാനം മുഴുവനായി നിയമവിധേയമാക്കുക, പൗരജീവിതത്തിൽ എല്ലാ രംഗങ്ങളിലും, ആവശ്യമില്ലാത്ത കൺട്രോൾനിയമങ്ങൾ നിർബന്ധിതമാക്കുക എന്നിങ്ങനെയുള്ള സ്വേച്ഛാധിപത്യനടപടികൾ അവലംബിക്കുന്നതിനു അവർ ഉദ്ദേശിക്കുന്നില്ലായെങ്കിൽ ഒരു തലമുറകൊണ്ടു സോഷ്യലിസം നടപ്പിലാക്കാൻ അവർക്കു സാധ്യമാകുകയില്ല. അങ്ങിനെയെങ്കിൽ എന്തിനു വൃഥാ സോഷ്യലിസ്റ്റുമതത്തെപ്പററി പ്രസംഗിക്കുന്നു? അതുകൊണ്ടു അവർ പ്രായോഗികബുദ്ധിയില്ലാത്ത "നക്ഷത്രം നോക്കിക"ളെന്നുള്ള പേരു സമ്പാദിക്കുന്നതല്ലാതെ മറെറാരു സുകൃതവും നേടുന്നില്ല. പക്ഷെ ഈ പ്രസ്ഥാനത്തിനു പൊതുജനങ്ങളുടെ സാമ്പത്തികജീവിതത്തിൽ ഒരു ഗൗരവമായ പ്രത്യാഘാതമുണ്ടു്. ഒരു സ്വതന്ത്രജനതയുടെ ആത്മവിശ്വമായി നിലകൊള്ളുന്ന സ്വകാര്യ സംരംഭവ്യഗ്രതയെ അതുവഴി മന്ദീഭവിപ്പിക്കുകയും നശിപ്പിക്കുകയും ചെയ്യും.

ഇന്ത്യയെ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിലേക്കും തൽഫലമായി കമ്മ്യൂണിസത്തിലേക്കും വലിച്ചിഴച്ചുകൊണ്ടുപോകുന്നതിനുള്ള സംഘടിതശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയും ഇന്ത്യൻഭരണമേധാവികൾ ഏതാദൃശമായ ചില വ്യാമോഹങ്ങളാൽ നയിക്കപ്പെടുന്നു എന്നു സന്ദേഹം ശങ്കിക്കപ്പെടുകയും ചെയ്യുന്ന ഈ അവസരത്തിൽ വിദഗ്ദ്ധമായ ഈ വിശകലനം മാർഗ്ഗദർശകമായിരിക്കുമെന്നു വിശ്വസിക്കുന്നു.




സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കുപുറമെ " 8—12—0

# വിവിധവൃത്താന്തങ്ങൾ

### മതപഠനം ഉപേക്ഷിന്നതു് കമ്മ്യൂണിസത്തിനു വളം ചേർക്കലാണ്

വത്തിക്കാൻ ദിനപ്പത്രമായ ഒസ്സെർവത്തോരെ റൊമാനോയിൽ മുഖവരത്തുതന്നെ ചേർത്തിരുന്നതും മോൺ: വിത്തോറിയോ ബർടൊ ചേററി എഴുതിയിരുന്നതുമായ ഒരു ലേഖനത്തിൽ, "ഗൃഹത്തിലും വിദ്യാലയത്തിലുമുള്ള വിദ്യാഭ്യാസസ്വാതന്ത്ര്യം" എന്ന പേരിൽ ഒരു അമേരിക്കൻ വൈദികൻ രചിച്ച ഗ്രന്ഥത്തെ പരാമർശിച്ചുകൊണ്ടു് പ്രസ്താവിച്ചിരിക്കുന്നതു്, അമേരിക്കൻ ഐക്യനാടുകളുടെ ഗവൺമെൻറിന്റെ റഷ്യൻ വിരുദ്ധനയം ഗവൺമെൻറു സ്കൂളുകളിൽ മതപഠനം നടത്താത്ത കാരണംകൊണ്ടു് ദുർബലപ്പെട്ടിരിക്കുകയാണു് എന്നത്രെ. അദ്ദേഹം ഇങ്ങനെ തുടന്നു:- അമേരിക്കയിൽ എല്ലാ ജനങ്ങൾക്കും ഗൃഹത്തിലും ദൈവാലയത്തിലും പരിപൂർണ്ണമായ മതസ്വാതന്ത്ര്യമുണ്ടു്. സോവ്യറ്റ് വിദ്യാലയങ്ങൾ ദൈവമില്ലായെന്നു പഠിപ്പിക്കുകയും മതപഠനത്തെ രൂക്ഷമായി എതിർക്കുകയും ചെയ്യുന്നു. ഗവർമ്മെൻറുവക സ്കൂളുകളിൽ മതം പഠിപ്പിക്കാതിരിക്കുന്നതു് ഏതുവിധത്തിൽ നോക്കിയാലും സോവ്യററ് സ്കൂളുകളുടെ നയംതന്നെ അനുഗമിക്കുന്ന ആദ്യത്തെ കാൽവെപ്പാണെന്നുള്ളതു് നിർഭാഗ്യകരമായ ഒരു യാഥാർത്ഥ്യമാണു്. നിരീശ്വരത്വം ജനങ്ങളിൽ കുത്തിവയ്ക്കുന്നതിനു അനുവദിക്കപ്പെടുന്നിടത്തോളംകാലം ഐക്യരാജ്യങ്ങളിലെ സ്വതന്ത്രജനതയെ, നിരീശ്വരരാഷ്ട്രക്കെതിരായുള്ള അവരുടെ സമരത്തിൽ നയിക്കുന്നതിനു വളരെ വിഷമതകൾ ഗവൺമെൻറു നേരിടേണ്ടിവരും. അണുബോംബുകളുണ്ടാക്കി സ്വസ്ഥരാകുന്നതിനേക്കാൾ കൂടുതലായി മതവിരുദ്ധവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ ധാർമ്മികാധഃപ്പതനത്തെപ്പററി ശ്രദ്ധിക്കയാണാവശ്യം. യുവലോകം വഷളാകുക, മദ്യപാനാസക്തി വർദ്ധിക്കുക, വിവാഹമോചനംമൂലം കുടുംബങ്ങൾ ശിഥിലമാവുക എന്നിതെല്ലാം നമ്മ തവിദ്യാഭ്യാസത്തിന്റെ അനന്തരഫലങ്ങളാണു്.

### കമ്മ്യൂണിസ്റ്റ് രാജ്യത്തിനുവേണ്ടി

## മാതൃസ്വരൂപം

റോമയുടെ വികാരിയായ അത്യുന്നത കർദ്ദിനാൾ മിക്കാറാ തിരുമനസ്സുകൊണ്ടു് മറിയത്തിന്റെ ഒരു തിരുസ്വരൂപം ഉണ്ടാക്കിച്ചു ആഘോഷമായി ആശിർവദിക്കുകയുണ്ടായി. ഈ തിരുസ്വരൂപം ഉണ്ടാക്കിയിട്ടുള്ളതു് 1918-ൽ ചെമ്പ കമ്മ്യൂണിസ്റ്റുകാർ പ്രേഗിൽവച്ചു നശിപ്പിച്ചുകളഞ്ഞ മാതൃസ്വരൂപത്തിന്റെ മാതൃകയിലാണു്. ആ മാതൃനിന്ദനകൃത്യം നടന്ന അവസരത്തിൽ കർദ്ദിനാൾ മിക്കാറാ തിരുമേനി പ്രേഗിലെ നൺസിയേച്ചറിൽ ജോലി നോക്കുകയായിരുന്നു. പുതിയ സ്വരൂപം പഴയസ്ഥാനത്തുതന്നെ ആഘോഷമായി പ്രതിഷ്ഠിക്കപ്പെടുന്നതിനുവേണ്ടിയാണു് നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. പക്ഷെ തല്ക്കാലം അതു സാദ്ധ്യമല്ലാത്തതുകൊണ്ടു് അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടാകുന്നതുവരെ തിരുസ്വരൂപം അമേരിക്കയിൽ ഇല്ലിനോയിസിൽ ലിസ്ലയിലുള്ള വിശുദ്ധ പ്രൊക്കോപ്പിയൂസിന്റെ ബനഡിക്റ്റൈൻ ആബിയിൽ സൂക്ഷിക്കപ്പെടുന്നതിനാണു നിശ്ചയിച്ചിരിക്കുന്നതു്.

## മരിയനഗരം

ഇററലിയിലുള്ള മാത്തേരാ നഗരം മരിയജൂബിലിയുടെ ദേശീയപര്യവസാന പരിപാടികൾ അവിടെവച്ചു നടത്തപ്പെട്ട അവസരത്തിൽ "മരിയനഗരം"—Civitas Mariae എന്നു നാമകരണം ചെയ്യപ്പെട്ടു. ടൗൺഹാളിനു മുൻവശത്തു സമ്മേളിച്ച പൊതുയോഗത്തിൽവച്ചാണു് മേയർ ഈ പ്രഖ്യാപനം നടത്തിയതു്. തുടന്നു പലംബെല്ലാ മെത്രാപ്പോലീത്താ തിരുമേനി പരിശുദ്ധ മാർപ്പാപ്പായുടെ ഒരു കമ്പിസന്ദേശം വായിച്ചു. നഗരത്തിന്റെ ഔദ്യോഗികമുദ്രയിൽ മേലിൽ "മരിയനഗരം" എന്ന വാക്കുകൾ ഉല്ലേഖനം ചെയ്യപ്പെടുന്നതായിരിക്കും.

### തൊഴിൽ രംഗത്തുനിന്നു മാർപ്പാപ്പായ്ക്കു

## സമ്മാനം

ഡബ്ലിനിലെ തൊഴിലുടമകളും തൊഴിലാളികളും സഹകരിച്ചു് അവരുടെ സംഭാവനയായി 3053 പവൻ ശേഖരിച്ചു് ഒരു മരിയവത്സരസമ്മാനമായി മാർപ്പാപ്പായ്ക്കു സമർപ്പിച്ചിരിക്കുന്നു. ഈ തുകയ്ക്കുള്ള ചെക്ക് ഡബ്ലിൻ മെത്രാപ്പോലീത്താ മാക് ക്വെയ്ഡ് തിരുമേനി അവിടുത്തെ നൺഷിയോയായ ലെവേം മെത്രാപ്പോലീത്താ തിരുമേനിയെ ഏല്പിച്ചിരിക്കുകയാണു്. ജീവകാരുണ്യപരമായ ഏതെങ്കിലും കാര്യങ്ങൾക്കു പയോഗിക്കുന്നതിനുവേണ്ടി അതു മാർപ്പാപ്പാ തിരുമേനിക്കയച്ചുകൊടുക്കപ്പെടും. ഈ നിധി ഉണ്ടാക്കുന്നതിനുവേണ്ടി ഓരോ തൊഴിലാളിയും അയാളുടെ ഒരു മണക്കൂർ ജോലിയുടെ കൂലി സംഭാവനചെയ്തു.

## അടുത്തയാഴ്ചയിൽ

ജാനുവരി

20 വ്യാ: വി. സെബസ്ത്യാനോസ്
21 വെ: വി. എപ്പിഫാനിയൂസ്
22 ശ: വി അനസ്താസി
23 ഞാ: ദനഹാ 3-ാംഞായർ തിരുക്കുടുംബം
24 തി: വി. തിമോത്തി
25 ചൊ: വി. പൗലോസ് (മാനസാന്തരം)
26 ബു: വി. പൊലിക്കാപ്പ്

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam—I



# മാർ ഈവാനിയോസ് തിരുമേനിയെപ്പററിയുള്ള ഒരു അനുസ്മരണ

(ഫാദർ തോമ്മസ് മണ്ണൂരാഞ്ചേരി)

അന്നു് മാന്നാനം ഹൈസ്ക്കൂളിൽ ഒരു മഹോത്സവദിനമായിരുന്നു. ഹൈസ്ക്കൂളിനോടു സംബന്ധിച്ചു് ഒരു മഹായോഗം നടത്തപ്പെട്ടു. ആ യോഗത്തിൽ അനേകം മഹാന്മാരും പൂർവ്വവിദ്യാർത്ഥികളും സംബന്ധിച്ചിരുന്നു. ആ മഹായോഗത്തിൽ പ്രസംഗകന്മാരായി നിശ്ചയിക്കപ്പെട്ടവർ പരേതനായ ബ: വെട്ടിക്കാപ്പള്ളിലച്ചനും കയ്യാളശ്ശേരിൽ ബ: തോമ്മാച്ചനും (പിന്നീടു് കയ്യാളശ്ശേരിൽ മെത്രാനച്ചൻ തിരുമേനി) ആയിരുന്നു. ബ: വെട്ടിക്കാപ്പള്ളിലച്ചൻ (Monasticism in the Church) "കത്തോലിക്കാസഭയിലെ സന്യാസസ്ഥാപനങ്ങൾ" എന്ന വിഷയത്തെ അധികരിച്ചു് പ്രൗഢഗംഭീരമായ ഒരു പ്രസംഗം ഇംഗ്ലീഷിൽ പറഞ്ഞു. പിന്നീടു് പ്രസംഗിച്ചതു് കയ്യാളശ്ശേരിൽ ബ: തോമ്മാച്ചനായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗവിഷയം "ആധുനികപരിഷ്കാരത്തിന്റെ ചില ദുഷിച്ച വശങ്ങൾ" എന്നതായിരുന്നു. ആ പ്രസംഗം ആദ്യന്തം ഫലിതസമ്മിശ്രമായിരുന്നതുകൊണ്ടും അതു മലയാളത്തിലായിരുന്നതുകൊണ്ടും സദസ്യരെ വളരെ ആകർഷിക്കുകയും ഉന്മേഷഭരിതരാക്കുകയും ചെയ്തു.

ഇതിന്റെശേഷം ഒരു പുതിയ പ്രസംഗകൻ രംഗപ്രവേശം ചെയ്തു. ആ പ്രസംഗകൻ യാക്കോബായസഭയിലെ ഒരു പ്രസിദ്ധ പണ്ഡിതനായി അറിയപ്പെട്ടിരുന്ന പി. ററി. ഗീവർഗീസു് ശെമ്മാശൻ എം. എ. അവർകളായിരുന്നു. അദ്ദേഹത്തിന്റെ പേർ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നതുകൊണ്ടു് അദ്ധ്യക്ഷന്റെ പ്രത്യേകാനുമതിയോടുകൂടിയാണു് അദ്ദേഹം പ്രസംഗിച്ചതു്. ശെമ്മാശൻ അവർകൾ സ്വതസിദ്ധമായ വാഗ്ധാടിയോടുകൂടി സദസ്യർ എല്ലാവരേയും പുളകംകൊള്ളിക്കത്തക്കവണ്ണം ഒരു താത്വികൻ എന്ന നിലയിൽ അരമണിക്കൂർ നേരത്തോളം പ്രസംഗിച്ചു. അദ്ദേഹത്തിന്റെ പ്രസംഗവിഷയം "കത്തോലിക്കാസഭയും ചില പ്രവചനങ്ങളുടെ പൂർത്തീകരണവും" എന്നതായിരുന്നു. "സൂര്യോദയം മുതൽ അസ്തമനം വരെയും എന്റെ നാമത്തിൽ ഒരു പരിശുദ്ധമായ ബലി അർപ്പിക്കപ്പെടും" എന്നുള്ള വി. മലാഖിയാ പ്രവാചകന്റെ പ്രവചനം കത്തോലിക്കാസഭയിൽ മാത്രമാണു് പൂർത്തിയായിട്ടുള്ളതെന്നും വേറെ ഒരു സഭയിലും ഇതു പൂർത്തിയായിട്ടില്ലെന്നും അദ്ദേഹം യുക്തിപൂർവ്വം വിശദീകരിച്ചു് സ്ഥാപിക്കുകയുണ്ടായി. യാക്കോബായക്കാരുടെ കൂട്ടത്തിൽ ഒരു മഹാ പണ്ഡിതനായി അറിയപ്പെട്ടിരുന്ന ഈ ശെമ്മാശൻ, (പിന്നീടു് ആർച്ചുബിഷപ്പു് മാർ ഈവാനിയോസു തിരുമേനി) ഇവിധം കത്തോലിക്കാസഭയുടെ സത്യത്തെ പരസ്യമായി ഒരു മഹാ സദസ്സിൽവെച്ചു സമ്മതിച്ചു് പ്രസംഗിച്ചതിനെപ്പററി പലരും അത്ഭുതം പ്രകടിപ്പിക്കുകയുണ്ടായി.

യാക്കോബായക്കാരുടെ കണ്ണിലുണ്ണിയും അവരുടെ കൂട്ടത്തിൽ വേദശാസ്ത്രം സംബന്ധിച്ചു് ഏററം പാണ്ഡിത്യമുള്ളയാൾ എന്നു് പ്രസിദ്ധനുമായ "എം. എ. ശെമ്മാശൻ" കത്തോലിക്കാസഭയാണു്, സാക്ഷാൽ ക്രിസ്തുവിന്റെ സത്യസഭയെന്നു് വിശ്വസിച്ചിരുന്നുവെന്നാണു് അദ്ദേഹത്തിന്റെ മന്നാനം പ്രസംഗം തെളിയിക്കുന്നതു്. 1930 സെപ്ററംബറിൽ മാർ ഈവാനിയോസ് തിരുമേനി കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെട്ട വാർത്ത കേട്ടപ്പോൾ ഇതെഴുതുന്നയാൾ അദ്ദേഹത്തിന്റെ മാന്നാനം പ്രസംഗത്തിന്റെ കാര്യം സ്മരിക്കുകയുണ്ടായി. മാന്നാനം പ്രസംഗവും അദ്ദേഹത്തിന്റെ പുനരൈക്യവും തമ്മിൽ സാരതരമായ ബന്ധം ഉണ്ടെന്നുള്ള കാര്യം വിസ്മരിക്കത്തക്കതല്ല. അദ്ദേഹത്തോടൊരുമിച്ചു് യാക്കോബായസഭയിലെ പ്രമുഖന്മാരായ പലേ വ്യക്തികളും കത്തോലിക്കാസഭയിലേക്കു് ചേരാമെന്നു സമ്മതിച്ചിരുന്നതാണു്. എങ്കിലും പുനരൈക്യം സംബന്ധിച്ചുള്ള നടപടികൾ എല്ലാം പൂർത്തിയാക്കിയും പുനരൈക്യത്തെ അനുകൂലിച്ചു് റോമിൽനിന്നും മുറപ്രകാരം കല്പനസിദ്ധിക്കയും ചെയ്തുകഴിഞ്ഞപ്പോൾ പുനരൈക്യാലോചനയിൽ പങ്കുകൊണ്ടവരും അതിലേക്കു് പ്രേരണ നൽകിയവരുമായ ആളുകളുടെ കൂട്ടത്തിൽ പ്രമുഖന്മാർ പലരും പിന്മാറുകയാണു ചെയ്തതു്. പുനരൈക്യാലോചനയുടെ ആരംഭത്തിൽ അനേകം പ്രമുഖന്മാർ കത്തോലിക്കാസഭയിലേക്കു ചേർന്നുകൊള്ളാമെന്നു സമ്മതിച്ചിരുന്ന സ്ഥിതിക്കു്, ഇവരോടൊരുമിച്ചു് ഒരു വമ്പിച്ച ജനപ്രവാഹം കത്തോലിക്കാസഭയിലേക്കു് ഉണ്ടാകുമെന്നു മാർ ഈവാനിയോസു് തിരുമേനി ന്യായമായി പ്രതീക്ഷിച്ചിരിക്കണം. എന്നാൽ തിരുമനസ്സിലെ പ്രതീക്ഷ അസ്ഥാനത്തായി ഭവിക്കുകയാണല്ലോ ചെയ്തതു്. പുനരൈക്യത്തിന്റെ കാര്യത്തിൽ തന്നോടു സഹകരിക്കാമെന്നു സമ്മതിച്ചിരുന്ന "ഗണനീയന്മാർ" അവരുടെ നിശ്ചയത്തെ വ്യത്യാസപ്പെടുത്തി പിന്മാറിയതിൽ തിരുമനസ്സിലേക്കു് അനല്പമായ കുണ്ഠിതവും ഇച്ഛാഭംഗവും നേരിട്ടിരിക്കുമെന്നതിനു് സംശയമില്ല. മാർ ഈവാനിയോസു് തിരുമേനിയെ സംബന്ധിച്ചിടത്തോളം ഇതു് അത്യന്തം ഗുരുതരവും നിർണ്ണായകവുമായ ഒരു ഘട്ടമായിരുന്നു. ഈ അവസരത്തിൽ തിരുമേനി, തന്റെ സഹപ്രവർത്തകന്മാരായിരുന്ന യാക്കോബായസഭയിലെ പ്രമുഖനേതാക്കന്മാരോടുകൂടി പുനരൈക്യാലോചനയിൽ നിന്നും പിന്മാറുകയായിരുന്നുവോ ചെയ്യേണ്ടിയിരുന്നതു്? അങ്ങനെ ചെയ്യുന്നതു് ഒരിക്കലും ശരിയല്ലെന്നാണു് തിരുമനസ്സുകൊണ്ടു തീരുമാനിച്ചതു്. തന്റെ വിശ്വാസത്തിനും മനസ്സാക്ഷിക്കും അനുസരണമായി യാക്കോബായസഭയെ എന്നേക്കുമായി പരിത്യജിച്ചിട്ടു് കത്തോലിക്കാസഭയുടെ ഐക്യത്തിൽ വന്നുചേരുക എന്നുതന്നെ തിരുമനസ്സുകൊണ്ടു് ധൈര്യസമേതം തീരുമാനിച്ചു. മാർ ഈവാനിയോസു് തിരുമേനി സ്വീകരിച്ച സുധീരമായ നടപടിക്കു് അദ്ദേഹത്തെ പ്രേരിപ്പിച്ചതു് കത്തോലിക്കാസഭയുടെ സത്യത്തെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന ഉറച്ച വിശ്വാസം ഒന്നുമാത്രമായിരുന്നുവെന്നു് അനുമാനിക്കാനേ തരമുള്ളു. ഇന്നത്തെ ക്രൈസ്തവസഭകളുടെ കൂട്ടത്തിൽ കത്തോലിക്കാസഭ മാത്രമാണു് ക്രിസ്തുവിന്റെ സത്യൈകസഭയെന്നു് തിരുമനസ്സുകൊണ്ടു ഗ്രഹിക്കയും വിശ്വസിക്കയും ചെയ്തിരുന്നുവെന്നതു് തർക്കമററ കാര്യമത്രെ. ഇതിനാലത്രെ വളരെയധികം ത്യാഗങ്ങൾ സഹിച്ചുകൊണ്ടും ഒട്ടുവളരെ പ്രതിബന്ധങ്ങളെ നേരിട്ടുകൊണ്ടും താൻ ജനിച്ചുവളർന്ന യാക്കോബായസഭയേയും ആ സഭയിലെ തന്റെ പൂർവ്വസുഹൃത്തുക്കളേയും അനേകം ബന്ധുമിത്രങ്ങളേയും വിടപ്രേക്ഷിച്ചുകൊണ്ടും കത്തോലിക്കാസഭയുടെ ഒരു അംഗമായിത്തീർന്നിട്ടുള്ളതു്.

സ്വസമുദായാംഗങ്ങളുടെ ഹൃദ്യമായ പിൻതുണ ഉണ്ടാകുമെന്നുള്ള പ്രതീക്ഷയോടുകൂടിയാണു് തിരുമേനി പുനരൈക്യത്തിനായുള്ള ശ്രമങ്ങൾ ആരംഭിച്ചതു്. എന്നാൽ തിരുമനസ്സിലെ പുനരൈക്യത്തിനുശേഷം അവരിൽനിന്നും അനുഭവപ്പെട്ടതു് അതികഠിനമായ വെറുപ്പും വിദ്വേഷവും മാത്രമാണു്. അവർ തിരുമേനിയെ ഒരു മഹാവഞ്ചകനും സമുദായദ്രോഹിയുമായിട്ടാണു ചിത്രീകരിച്ചതു്. കത്തോലിക്കാസഭയിലേക്കു് പുനരൈക്യപ്പെട്ടകനിമിത്തം അവർ അദ്ദേഹത്തിന്റെ പേരിൽ ചൊരിഞ്ഞ ശകാരവർഷങ്ങൾക്കും അധിക്ഷേപത്തിനും കണക്കില്ല. എങ്കിലും, പ്രകൃത്യാ ധീരനും, മഹാ ദൈവഭക്തനുമായ തിരുമേനി ദൈവമഹത്വത്തിനും ദൈവരാജ്യമായ സത്യസഭയുടെ വളർച്ചയ്ക്കുംവേണ്ടി, ഈ അധിക്ഷേപങ്ങളെല്ലാം ക്ഷമാപൂർവ്വം സഹിക്കുകയാണു ചെയ്തതു്.

പുനരൈക്യപ്രസ്ഥാനത്തിനു് ഈ നാട്ടിലെ കത്തോലിക്കരിൽനിന്നും അദ്ദേഹം പ്രതീക്ഷിച്ചതുപോലെയുള്ള പിൻതുണ ലഭിച്ചില്ല എന്നതു് മറച്ചുവയ്ക്കാൻപാടില്ലാത്ത ഒരു പരമാർത്ഥമാണു്. എങ്കിലും ഇതുകൊണ്ടൊന്നും തിരുമനസ്സിലേക്കു് ഒട്ടുംതന്നെ അധൈര്യം ഉണ്ടായില്ല. ഇൻഡ്യയിലെ "ന്യൂമാൻ" എന്നു് അപരനാമം അർഹിക്കുന്ന തിരുമനസ്സിലെ മാനസാന്തരവാർത്ത വിദേശങ്ങളിലെ കത്തോലിക്കരുടെ പ്രത്യേകശ്രദ്ധയ്ക്കു വിഷയീഭവിക്കുകയുണ്ടായി. തന്മൂലം തിരുമനസ്സിലേക്കു് ആവശ്യമായ സഹായസഹകരണങ്ങൾ നൽകുന്നതിൽ അവർ വളരെ ഉത്സാഹം പ്രദർശിപ്പിച്ചുകൊണ്ടിരുന്നു.

മഹാധീരനും കർമ്മപടുവും ആയ തിരുമേനി കത്തോലിക്കാസഭയിലെ തന്റെ ഔദ്യോഗികജീവിതം മുഴുവനും സഭയ്ക്കുവേണ്ടി നിഷ്കളങ്കവും ആത്മാർത്ഥവും ആയ സേവനം നടത്തിക്കൊണ്ടിരുന്നുവെന്നും ഈ കാര്യത്തിൽ അദ്ദേഹം വിജയം കൈവരിച്ചുവെന്നും ഉള്ളതു് ശത്രുക്കൾപോലും സശിരഃകമ്പം സമ്മതിക്കുന്ന ഒരു വാസ്തവമാണു്. അദ്ദേഹം കത്തോലിക്കാവിശ്വാസം സ്വീകരിച്ചതു സദുദ്ദേശ്യത്തോടും ആത്മാർത്ഥതയോടുംകൂടിയായിരുന്നുവെന്നു് മതപരിവർത്തനത്തിനുശേഷം അദ്ദേഹം കത്തോലിക്കാസഭയ്ക്കുവേണ്ടി നിർവ്വഹിച്ചിട്ടുള്ള തിക്ഷ്ണതാപൂർവ്വകമായ പ്രവർത്തനങ്ങളും മഹത്തായ സേവനങ്ങളും നിസ്സംശയമായി തെളിയിച്ചു. തിരുവനന്തപുരം രൂപതയുടെ ആർച്ചുബിഷപ്പായി പരിശുദ്ധറോമാസിംഹാസനത്തിൽനിന്നും നിയമിക്കപ്പെട്ടതിനുശേഷം തിരുമനസ്സിലെ നിസ്തന്ദ്രപരിശ്രമഫലമായി ആ രൂപതയിൽ സ്ഥാപിക്കപ്പെട്ട അനേകം കത്തോലിക്കാദേവാലയങ്ങൾ, സ്കൂളുകൾ, ആതുരശാലകൾ, കന്യകാമഠങ്ങൾ, സന്യാസാശ്രമങ്ങൾ, സർവ്വോപരി ഏററം പ്രശസ്തമായ രീതിയിൽ നടത്തപ്പെടുന്ന മാർ ഈവാനിയോസ് കോളേജു്, ആദിയായ സ്ഥാപനങ്ങൾ മാർ ഈവാനിയോസു് തിരുമനസ്സിലെ സുദൃഢമായ കത്തോലിക്കാവിശ്വാസത്തിനു് ശാശ്വതസ്മാരകങ്ങളായി നിലകൊള്ളുന്നു.

യാക്കോബായ സഭയിലെ ഇന്നത്തെ സംഭവവികാസങ്ങളുടെ മദ്ധ്യേ മാർ ഈവാനിയോസു് തിരുമേനി സ്വസഹോദരങ്ങളായ യാക്കോബായക്കാർ എല്ലാവർക്കും അനുകരണീയമായ ഒരുത്തമദൃഷ്ടാന്തമാണു് കാണിച്ചുകൊടുത്തിരിക്കുന്നതു്. കഴിഞ്ഞ നാല്പതുകൊല്ലക്കാലമായി ഇടവിടാതെയുള്ള വ്യവഹാരങ്ങളും കക്ഷിമത്സരങ്ങളുംകൊണ്ടു് നട്ടംതിരിയുന്ന യാക്കോബായസഹോദരങ്ങൾ യഥാർത്ഥമായ സമാധാനം അഭിലഷിക്കുന്നവെങ്കിൽ എന്തുചെയ്യണമെന്നു് മാർ ഈവാനിയോസ് തിരുമനസ്സിലെ ഉദാഹരണം വെളിപ്പെടുത്തിയിരിക്കുന്നു. കത്തോലിക്കാസഭയിലേക്കുള്ള പുനരൈക്യംമാത്രമാണു്, യാക്കോബായക്കാർക്കു് ഈ തീരാവ്യവഹാരവിപത്തിൽനിന്നും ഉള്ള രക്ഷാ


രക്തദൂഷ്യം
രക്തവാതം
രക്തസ്രാവം
രക്തസമ്മർദ്ദം
(ബ്ലഡ് പ്രഷർ)
നെഞ്ചിടിപ്പു്
(അമിതമായ ഹൃദയസ്പന്ദനം)
ഋതുകാലങ്ങളിലെ
വയറുവേദന
തലവേദന
നെഞ്ചുവേദന
പള്ളവേദന
ഛർദ്ദി
തലചുററൽ
വാതം

ഈ രോഗങ്ങൾക്കുവേണ്ടി ചികിത്സിച്ചു ചികിത്സിച്ചു നിരാശരായിത്തീർന്നിട്ടുള്ളവർ താഴെകാണുന്ന വിലാസത്തിലെഴുതുക:

കാളൻ, നെല്ലായി



## കാഞ്ഞൂർ ഫൊറോനാപള്ളിയിൽ വി. സെബസ്ത്യാനോസിന്റെ തിരുനാൾ

1955 ജനുവരി 19, 20 (ബുധൻ, വ്യാഴം)

ഈ തീയതികളിൽ സാഘോഷം കൊണ്ടാടപ്പെടുന്നതാണു്.

ജനുവരി 27-ാംനു- എട്ടാമിടവും ആഘോഷിക്കുന്നതാണു്.

വികാരി






## സത്യദീപം

1955 ജനുവരി 1 മുതൽക്കുള്ള

### പരസ്യനിരക്കു്

കാഷ്വൽ

| | | |
|---|---|---|
| സിങ്കിൾകോളം ഒരിഞ്ചിനു ഒരു പ്രാവശ്യം | ക. | 3—8—0 |
| ഏററവുംകുറഞ്ഞ പരസ്യക്കൂലി (1½ ഇഞ്ചുവരെ) | ക. | 5—0—0 |
| ചെറിയ ബ്ലോക്കുവെച്ച കൃതജ്ഞത | ക. | 10—0—0 |
| ബ്ലോക്കു വെയ്ക്കാതെ കൃതജ്ഞത | ക. | 5—0—0 |

കോൺട്രാക്ററ്

| | | |
|---|---|---|
| ഒരു വർഷത്തിൽ 100 ഇഞ്ചുവരെ ഇഞ്ചൊന്നിനു് | ക. | 3—0—0 |
| ഒരു വർഷത്തിൽ 100 ഇഞ്ചിൽ കൂടുതൽ ഇഞ്ചൊന്നിനു് | ക. | 2—8—0 |

N. B. എല്ലാ മുൻനിരക്കുകളും ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

മാനേജർ

മാർഗ്ഗം എന്നു് മാർ ഈവാനിയോസ് തിരുമേനി സ്വാനുഭവത്താൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചിരിക്കുന്നു.

അദ്ദേഹം കത്തോലിക്കാ സഭയിൽ ചേർന്നതു് പണത്തേയോ, ഉദ്യോഗത്തേയോ, ബഹുമാനത്തേയോ മോഹിച്ചല്ല, പ്രത്യുത കത്തോലിക്കാസഭ മാത്രമാണു് സത്യമായിട്ടുള്ള ഏകസഭയെന്നുള്ള ബോദ്ധ്യത്താലും സമാധാനത്തോടുകൂടിയുള്ള ക്രിസ്തീയജീവിതം നയിക്കുന്നതിനു് ശരിയായമാർഗ്ഗം കത്തോലിക്കാ സഭയാണെന്നു ഗ്രഹിച്ചതുകൊണ്ടും മാത്രമാണു്. യാക്കോബായക്കാർ പുനരൈക്യത്തിന്റെ ആവശ്യത്തെ നിഷേധിച്ചുകൊണ്ടു് യാക്കോബായസഭയിൽതന്നെ നിന്നു രക്ഷപ്രാപിക്കാമെന്നും അവിടെനിന്നുകൊണ്ടു് സമാധാനം ആസ്വദിക്കാമെന്നും ആശിക്കുന്നുവെങ്കിൽ അതു തികച്ചും അബദ്ധമാണെന്നു് ഇനിയെങ്കിലും ഗ്രഹിക്കേണ്ടതാണു്. കമ്മ്യൂണിസ്റ്റുകാർ ക്രിസ്തീയമതത്തെ നശിപ്പിക്കാൻ തീവ്രയത്നം ചെയ്തുകൊണ്ടിരിക്കുന്ന ഇക്കാലത്തു് യാക്കോബായക്കാർ കത്തോലിക്കാസഭയോടു യോജിച്ചു കമ്മ്യൂണിസത്തിനെതിരായി ഒരു ഐക്യമുന്നണി സ്ഥാപിക്കുന്നതു് എത്രയോ അഭിലഷണീയമാണെന്നു് പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. യാക്കോബായക്കാർ, മാർത്തോമ്മാക്കാരോടും, സി. എം. എസ്. കാരോടും യോജിക്കാമെന്നുവെച്ചാൽ അവരുടെ വിശ്വാസം മുഴുവൻ നഷ്ടപ്പെടുത്തേണ്ടിവരും. നേരെ മറിച്ചു്, കത്തോലിക്കാസഭയോടു യോജിക്കുന്നപക്ഷം അവരുടെ വിശ്വാസത്തിനു് സാരമായവിധത്തിൽ മാററംവരുത്തേണ്ട ആവശ്യം നേരിടുന്നതല്ല. ഇതും ഒരു ചിന്താവിഷയമായിരിക്കേണ്ടതാണു്.

പതിനേഴാംനൂററാണ്ടിലെ മതവിപ്ലവത്തിനുശേഷം സത്യൈകസഭയായ കത്തോലിക്കാസഭയുടെ ഐക്യത്തിൽനിന്നും പിരിഞ്ഞുപോയ പുത്തൻകൂർ സഹോദരങ്ങൾ (ഇവർ പിന്നീടാണു് യാക്കോബായക്കാർ ആയതു്) മാതൃസഭയായ കത്തോലിക്കാസഭയിലേക്കു് തിരികെ വരാൻ ഇതിനുമുമ്പു് പലപ്പോഴും ശ്രമിച്ചിട്ടുള്ളതാണെങ്കിലും ആ ശ്രമങ്ങൾ പരാജയപ്പെടുകയാണല്ലോ ചെയ്തതു്. എന്നാൽ മാർ ഈവാനിയോസ് തിരുമേനിയുടെ പരിശ്രമഫലമായി, പുനരൈക്യപ്രസ്ഥാനത്തിനു് ഇതിനുമുമ്പുണ്ടായിരുന്ന പ്രതിബന്ധങ്ങൾ എല്ലാം നീങ്ങിയിരിക്കുന്നുവെന്നതു് ആശ്വാസജനകം തന്നെ. യാക്കോബായ സഹോദരങ്ങൾ തങ്ങളുടെ അഭിവന്ദ്യനേതാവും കേരളത്തിന്റെ അഭിമാനവിഷയവും ആധുനികകാലത്തെ മഹാന്മാരുടെ കൂട്ടത്തിൽ അദ്വിതീയസ്ഥാനം അർഹിക്കുന്നവനുമായ മാർ ഈവാനിയോസ് തിരുമേനിയുടെ മഹനീയദൃഷ്ടാന്തം അനുകരിച്ചു കത്തോലിക്കാ സഭാമാതാവിന്റെ മടിയിലേക്കു് തിരിച്ചുവരേണ്ടതു് ഇന്നത്തെ പരിതസ്ഥിതിക്കു് എത്രയോ ആവശ്യവും അഭിലഷണീയവുമാണെന്നു് വിശേഷ്യം പ്രസ്താവിക്കണമെന്നില്ലല്ലോ. ഇതു് യാക്കോബായസഹോദരങ്ങൾക്കും കേരളത്തിലെ കത്തോലിക്കാ സഭയ്ക്കും ശ്രേയസ്കരമായ ഒരു ഭാവിയെ സംജാതമാക്കുന്ന മഹാ സംഭവമായിരിക്കും. ഇതിലേക്കു് വേണ്ട ധൈര്യവും സന്മനസ്സും അവർക്കു സിദ്ധിക്കുന്നതിനും തന്മൂലം ക്രിസ്ത്യാനികൾ എല്ലാവരും അഭിലഷിക്കുന്ന ക്രിസ്തീയ പുനരൈക്യം നമ്മെ സംബന്ധിച്ചിടത്തോളം സാധിതപ്രായമാകുന്നതിനു നമുക്കു് പ്രാർത്ഥിക്കാം.

(11-ാംപേജു് തുടർച്ച)

ഷ്ടാവിങ്കലേക്കു അടുപ്പിക്കുകയും ചെയ്തെങ്കിൽ മാത്രമേ ഈ ദുർഘടസന്ധി തരണം ചെയ്യുന്നതിനു സാധിക്കയുള്ളൂ. തൊഴിലാളിവർഗ്ഗോദ്ധാരണം, ജീവനക്കൂലി വിതരണം, ദാരിദ്ര്യനിവാരണം, ആതുരശുശ്രൂഷ, അനാഥസംരക്ഷണം ആദിയായ പ്രസ്ഥാനങ്ങളുടേയും സംഘങ്ങളുടേയും അത്യാവശ്യകത ഇവിടെ നിഷേധിക്കുന്നില്ല. പ്രത്യുത സജീവമായ ദൈവവിശ്വാസവും തീക്ഷ്ണമായ ദൈവസ്നേഹവും ഉള്ളടത്തു മററു സൽപ്രസ്ഥാനങ്ങളൊക്കെയും താനെ മുളച്ചുവളർന്നു ശക്തിപ്പെട്ടുകൊള്ളുമെന്നു പ്രതീക്ഷിക്കുകയാണു ചെയ്യുന്നതു്. വിശ്വാസമാണല്ലോ സകല പുണ്യങ്ങളുടേയും അടിസ്ഥാനം. അതു പ്രചരിപ്പിച്ചു ദൃഢമൂലമാക്കി, ഭാരതത്തെ ക്രിസ്തുവിലും ക്രിസ്തുവിനെ ഭാരതത്തിലും ലയിപ്പിക്കുന്നതിനു സമർത്ഥവും കാലോചിതവുമായ മതപ്രബോധനം കൂടിയേ കഴിയൂ. "മാത്താ, മാത്താ, നീ വളരെ കാര്യങ്ങളെപ്പററി വിചാരപ്പെട്ടും കലങ്ങിയുമിരിക്കുന്നു. എന്നാൽ ഒരു കാര്യമാണു ആവശ്യമായിരിക്കുന്നതു്." "നമ്മുടെ കർത്താവിന്റെ പാദങ്ങളുടെ സമീപത്തിരുന്നു അവന്റെ വചനങ്ങൾ" കേൾക്കുക, എന്നുള്ളതുതന്നെ. "നിങ്ങൾ ഇവ ചെയ്യുകയും അവ വിട്ടുകളയാതിരിക്കയും ചെയ്യേണ്ടിയിരുന്നു" എന്നു ദിവ്യരക്ഷകൻ മറെറാരു സന്ദർഭത്തിൽ അരുളിച്ചെയ്തതു ഇവിടെയും തികച്ചും പ്രസക്തമായിരിക്കുന്നു.

ആകയാൽ, പുണ്യശ്ലോകരും പൂജ്യപാദരുമായ വൈദികാധികാരികളുടേയും, ഊർജ്ജസ്വലരും ഉദാരമതികളുമായ ബഹുമാന്യ അൽമായനേതാക്കന്മാരുടേയും, വിവിധ കത്തോലിക്കാ പ്രവർത്തനരംഗങ്ങളിൽ ഉൽകൃഷ്ടസേവനമനുഷ്ഠിച്ചുപോരുന്ന അനവധി സഖ്യസമാജങ്ങളുടേയും സവിശേഷമായ ശ്രദ്ധ ഈ വിഷയത്തിലേക്കു ക്ഷണിച്ചുകൊണ്ടും, സ്വർഗ്ഗരാജ്ഞിയും ക്രിസ്ത്യാനികളുടെ സഹായവും ലോകൈകജനനിയുമായ മരിയാംബികയുടെ അനർഗ്ഗളമായ അനുഗ്രഹവർഷം ഭാരതസമുദ്ധാരണത്തിനുവേണ്ടിയുള്ള നമ്മുടെ പ്രവർത്തനപരിപാടികളിന്മേൽ പ്രാർത്ഥിച്ചുകൊണ്ടും, അനന്തവല്ലഭയായ ആ സ്വർഗ്ഗീയമദ്ധ്യസ്ഥയുടെ അതിരററ കാരുണ്യാതിരേകത്താൽ നിരീശ്വരകമ്മ്യൂണിസത്തിന്റെ കരാളദംഷ്ട്രങ്ങളിൽനിന്നു ഭാരതം നിശ്ശേഷം മോചിക്കപ്പെടുമെന്നു ദൃഢമായി വിശ്വസിച്ചുകൊണ്ടു്, ക്രൈസ്തവഭാരതത്തെ അതിന്റെ സകല വിഷമപ്രശ്നങ്ങളോടും പ്രത്യാശകളോടും പ്രതീക്ഷകളോടുംകൂടി അവളുടെ അമലോത്ഭവഹൃദയത്തിനു സമർപ്പിച്ചുകൊണ്ടും ഈ ലേഖനം ഉപസംഹരിച്ചുകൊള്ളുന്നു.

'Veritas Vos Liberabit.'

മലബന്ധം
അർശസ്സ് (മൂലക്കുരു)
വായുസ്തംഭനം (ഗ്യാസ്ട്രബിൾ)
നീർവീഴ്ച (നീരിറക്കം)
ചുമ
ഏങ്ങൽ
ക്ഷയം
പ്രമേഹം
വയറുവേദന
അസ്ഥിസ്രാവം
രക്തക്ഷയം
ഈ രോഗങ്ങൾക്കു വേണ്ടി ചികിത്സിച്ചു ചികിത്സിച്ചു നിരാശരായിത്തീർന്നിട്ടുള്ളവർ താഴെ കാണുന്ന വിലാസത്തിൽ എഴുതുക:
കാളൻ, നെല്ലായി

# മലബാർ ക്രിസ്ത്യാനികളുടെ ഐക്യവും വർദ്ധനയും

## ജനുവരിമാസത്തിലെ മിഷൻനിയോഗം

(റവ. ഫാദർ തോമസ് മൂത്തേടൻ എം. ഏ., ഡി. ഡി.)

ജനുവരിമാസത്തിലെ മിഷൻ നിയോഗത്തിനു് അതർഹിക്കുന്ന പ്രാധാന്യം ഇതുവരേയും നമ്മുടെ പ്രസിദ്ധീകരണങ്ങളിൽ ലഭിച്ചിട്ടില്ല. മലയാളനാട്ടിലെ ക്രിസ്ത്യാനികളുടെ ഐക്യവും വർദ്ധനയുമാണു് ഈ മാസത്തിലെ മിഷൻ നിയോഗം. ലോകമാസകലമുള്ള കത്തോലിക്കരുടേയും പ്രാർത്ഥനാനിയോഗമായി നമ്മുടെ ഐക്യവും വർദ്ധനയും തിരുസിംഹാസനത്തിൽ നിന്നു നിശ്ചയിച്ചതു് നമുക്കു എത്രയും ആനന്ദസംദായകമായ ഒരു സംഗതിയാണു്. അതിനാൽ ഈ നിയോഗം തിരഞ്ഞെടുത്ത തിരുസിംഹാസനത്തോടുള്ള കൃതജ്ഞതകൊണ്ടു തുടിക്കുന്ന ഹൃദയത്തോടെയാണു് ഈ തൂലിക ഈയുള്ളവൻ കൈയിലെടുത്തിരിക്കുന്നതു്.

കേരളത്തിൽ കത്തോലിക്കാസഭയ്ക്കു പുറമെ, യാക്കോബായക്കാർ പാത്രിയർക്കീസുകക്ഷി, കാതോലിക്കാകക്ഷി അങ്ങനെ രണ്ടു വിഭാഗം. അവരിൽത്തന്നെ തെക്കുംഭാഗം വടക്കുംഭാഗം. മാർത്തോമ്മാസഭ അഥവാ നവീകരണസഭ ഒന്നു വേറെ. പ്രോട്ടസ്റ്റന്റുകാരായി സി. എം. എസ്., എൽ. എം. എസ്., പെന്തക്കോസ്തു, അഞ്ചരവേദക്കാർ തുടങ്ങി നിരവധി വിഭാഗങ്ങളും മലയാളത്തുണ്ടു്. ഈ വിഭാഗങ്ങളെല്ലാം പൊതുവെ ഐക്യത്തിലാണു കഴിയുന്നതെന്നുവരുകിലും ഒരുമിച്ചു പ്രവർത്തിക്കുന്ന സന്ദർഭങ്ങൾ വളരെ കുറവാണെന്നു ചരിത്രം പലപ്പോഴും വിശദമാക്കിയിട്ടുണ്ടു്.

1952 ലെ ശതാബ്ദാഘോഷം പ്രമാണിച്ചു് പരിശുദ്ധ പിതാവു നമ്മളോടുചെയ്ത റേഡിയോപ്രഭാഷണത്തിലെ ഒരു ഭാഗം ഈ സന്ദർഭത്തിൽ സ്മർത്തവ്യമാണു്. ആ ഭാഗം ദീർഘമായി ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു: "ഈ അടുത്തുകഴിഞ്ഞ കൊല്ലങ്ങൾ ഇന്ത്യാ അവളുടെ ചരിത്രത്തിന്റെ ഒരു പുതിയ യുഗത്തിലേക്കു പ്രവേശിക്കുന്നതു കാണുകയുണ്ടായി. ഉയർന്നുവരുന്ന രാഷ്ട്രത്തിന്റെ അസ്തിവാരമുറപ്പിക്കുന്നതിനു് അവളുടെ ജനങ്ങളിൽ സുബുദ്ധിയും യോഗ്യതയുമുള്ള ഘടകങ്ങളുടെയെല്ലാം സഹകരണം ആവശ്യമായിരിക്കുന്നു. ആ സഹകരണം ലഭിക്കുവാൻ അവൾക്കു് അവകാശമുള്ള ഏഷ്യയുടെ ആത്മാവിനുവേണ്ടി നന്മയുടേയും തിന്മയുടേയും ശക്തികൾ രൂക്ഷമായ ഒരു സംഘട്ടനത്തിലേർപ്പെട്ടുകൊണ്ടിരിക്കയാണു്. ആ സംഘട്ടനത്തിന്റെ പരിണതഫലം ആശ്രയിച്ചിരിക്കുന്നതെന്താണെന്നു നിങ്ങൾക്കറിയാം. ഈ സംഘട്ടനത്തിലും രാഷ്ട്രം കെട്ടിപ്പടുക്കുന്നതിലും മതവും സത്യവിശ്വാസവും വഹിക്കേണ്ട സുപ്രധാനവും പരമവും വിട്ടുവീഴ്ചയില്ലാത്തതുമായ ഭാഗം എന്താണെന്നു നിങ്ങൾ അറിയുകയും ചെയ്യുന്നുണ്ടു്.

"ഉന്നതോദ്ദേശമായ ഒരു ഘട്ടത്തിൽ നാം നിങ്ങളെ ആഹ്വാനം ചെയ്യുന്നു: ഒന്നാമതായി അഭിപ്രായഭേദങ്ങൾ ഉപേക്ഷിച്ചു ഒന്നിച്ചുനില്പുവിൻ. രീതിയും മററു ബാഹ്യാചാരങ്ങളും ജീവിതരീതിയും സംബന്ധിച്ചു നിങ്ങളിൽ വ്യത്യാസങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ നിങ്ങൾ എല്ലാവരും ഒരേ വിശ്വാസം അനുസരിക്കുന്നവരാകുന്നു. നിങ്ങൾ എല്ലാവരും ഈശോമിശിഹായിൽ സഹോദരീസഹോദരന്മാരും, അവിടുത്തെ സഭയാകുന്ന ഒരേ മാതാവിന്റെ സന്താനങ്ങളുമാകുന്നു. നിങ്ങൾ സമ്പന്നരോ ദരിദ്രരോ ഉന്നതസ്ഥിതിയിലുള്ളവരോ താഴ്ന്നനിലയിലുള്ളവരോ ആരു തന്നെയായിരുന്നാലും നിങ്ങളെല്ലാവരും മഹത്തായ കത്തോലിക്കാ കുടുംബത്തിലെ തുല്യനിലയിലുള്ള അംഗങ്ങളും നിങ്ങളുടെ ആത്മാവിൽ അധിവസിക്കുന്ന വരപ്രസാദംവഴി ഇപ്പോൾത്തന്നെ സ്വർഗ്ഗരാജ്യത്തിലെ പൗരന്മാരായിട്ടുള്ളവരുമാണു്. ഈ



P. T. Emmanuel, Quilon

ഐക്യത്തിലും സൗഹാർദ്ദതയിലുമാണു നിങ്ങളുടെ ശക്തി നിക്ഷിപ്തമായിരിക്കുന്നതു്.

"എവിടെയെല്ലാം ആവശ്യമുണ്ടോ അവിടെയെല്ലാം നിങ്ങൾ സഹായം നൽകേണ്ടതാണു്. വിശ്വാസത്തിൽ നമ്മോടുകൂടെ ഒരു കുടുംബമായിരിക്കുന്നവർക്കു പ്രത്യേകിച്ചും ഈ സഹായം നൽകണം. സർവ്വോപരി സത്യവിശ്വാസത്തിന്റെ അനുഗ്രഹത്തിലേക്കും ഈശോമിശിഹായെപ്പററിയുള്ള വിജ്ഞാനത്തിലേക്കും സ്നേഹത്തിലേക്കുമുള്ള വഴി തുറക്കുകയെന്ന അവളുടെ ചുമതല അപ്രകാരമുള്ള ഒരു സഹായം കൂടാതെ നിർവ്വഹിക്കുക സാദ്ധ്യമല്ല. ആ സർവ്വപ്രധാന ചുമതലകൾക്കുവേണ്ടി സഭതന്നെ നിങ്ങളുടെ സഹായം അഭ്യർത്ഥിക്കുമ്പോൾ പ്രത്യേകിച്ചും പ്രസ്തുത സഹായം നൽകേണ്ടതാണു്. ഇതു നിങ്ങളെ അനുസ്മരിപ്പിക്കുന്നതോടുകൂടെത്തന്നെ നിങ്ങൾ ഇതേവരെ ഈ ചുമതല നിർവ്വഹിക്കുന്നതിൽ കാണിച്ച ശുഷ്കാന്തിയെ അഭിനന്ദിക്കുവാൻ നമുക്കു് അതിയായ സന്തോഷമാണുള്ളതു്.

"പരസ്പരം ആദരവും ബഹുമാനവും പ്രകടിപ്പിക്കുന്നതിലും നിങ്ങളുടെ ആത്മാക്കളെ സൂക്ഷിക്കുന്നതിനായി പരിശുദ്ധാത്മാവിനാൽ നിയമിക്കപ്പെട്ടിട്ടുള്ളവർ അർഹിക്കുന്ന വിശ്വസ്തമായ അനുസരണം അവർ കണക്കുകൊടുക്കുവാൻ ബാദ്ധ്യസ്ഥരാണെന്നുള്ള ബോധത്തോടുകൂടി നിങ്ങളുടെ മെത്രാന്മാർക്കു നൽകുന്നതിലും നിങ്ങളുടെ ഇടയിൽ പരിശുദ്ധമായ ഒരു മത്സര്യമുണ്ടായിരിക്കട്ടെ.

"തിന്മയുടെ ശക്തികൾ തിങ്ങിയ അണികളായി സമരം നടത്തുകയും ദൈവത്തിന്റെ ഭാഗത്തുള്ളവരുടെ ഇടയിൽ ഐക്യമുണ്ടാകേണ്ടതിന്റെ ആവശ്യകത കൂടുതൽ അനുപേക്ഷണീയമായിത്തീരുകയും ചെയ്യുന്ന ഇന്നു് ഭിന്നിച്ചുപോയ സഹോദരങ്ങളെപ്പോലും ആഹ്വാനം ചെയ്യുവാൻ നാം ധൈര്യപ്പെടുന്നു. ഭിന്നത അവസാനിക്കട്ടെ. പത്രോസും അവിടുത്തെ പിൻഗാമികളുമാകുന്ന പാറമേൽ ക്രിസ്തു തെററുകൂടാത്ത വാക്കുകളിൽ നിർമ്മിച്ചിട്ടുള്ള ഭവനം നിങ്ങൾക്കായി ഇതാ തുറക്കപ്പെട്ടിരിക്കുന്നു.

"ഈശോമിശിഹായുടെ ഉജ്ജ്വലമായ അഭ്യർത്ഥനയും പ്രധാനപുരോഹിതനടുത്ത പ്രാർത്ഥനയും നിങ്ങൾ എല്ലാവരിൽനിന്നും മുഴുഹൃദയത്തോടുകൂടി പ്രത്യുത്തരം ലഭിക്കുമാറാകട്ടെ. "പരിശുദ്ധപിതാവേ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കേണ്ടതിനു് അങ്ങു് എനിക്കു നൽകിയവരെ അങ്ങയുടെ നാമത്തിൽ വിശ്വസ്തമായി സൂക്ഷിക്കണമെ."

പരിശുദ്ധപിതാവിന്റെ വാക്കുകൾ സ്വയം വിശദമാണു്. നമ്മളെല്ലാവരും കൈകോർത്തുനിന്നു കേരളഭൂമിയുടെ ആത്മാവുനേടാനായിട്ടു നാം പരിശ്രമിക്കണം. അഭിപ്രായഭിന്നതകൾ തകരണം; എന്നിട്ടു് ക്രിസ്തുവിന്റെ താങ്ങളാകുന്ന പൊന്നനൂലുകൾ

(ശേഷം 5-ാംപേജിൽ)



## ബാറാബാസ്

(2-ാം പേജ് തുടർച്ച)

താകുമ്പോൾ അവരിൽ പലരും മുട്ടുംതല്ലി നിലത്തുവീഴും. ചങ്ങലകണ്ണിയമായിരുന്നെങ്കി അവർക്ക് പാദം വെക്കാമായിരുന്നുവെങ്കിലും തന്നിയെ നിവർന്നുനില്ക്കുവാൻ അവർക്ക് കഴിഞ്ഞില്ല.

മേൽവിചാരകന്മാർ ചങ്ങലകളെ സമീപിച്ച് ഉടൽ അഴിച്ച് തടവുകാരെ കാവൽഭടന്മാർക്ക് ഏല്പിച്ചുകൊടുക്കുകയാണ് അടുത്ത ചടങ്ങ്. ഭടന്മാർ പതിനാറാളുകളുള്ള ഓരോ സംഘത്തെ ജയിൽ മുറികളിലേക്ക് നയിക്കുന്നു. വായുവും വെളിച്ചവുമില്ലാതെ ദുർഗന്ധം വമിക്കുന്ന പൊത്തുകളായിരുന്നു ഈ മുറികൾ. ചക്രാലയിലെ പൊടിപടലത്തിനിടയിലെന്നപോലെ ഇവിടെയും ശ്വാസോച്ഛ്വാസത്തിന് സൗകര്യം കുറവായിരുന്നു.

എസ്രാ, യോനാ, രൂബൻ, ശിമയോൻ ഇവരുടെ ചങ്ങലകൾ അഴിക്കുന്നതിനിടയിൽ എസ്രായ്ക്കു വിചാരിപ്പുകാരനിൽ നിന്നു കുറെ പ്രഹരപ്പെരുമഴവും ലഭിക്കാതിരുന്നില്ല. ജയിലിലേക്കുള്ള യാത്രക്കായി ഇവർ അടുത്തടുത്തു നിന്നിരുന്നു കാവൽഭടന്മാർ ഇവരെ കൊണ്ടുപോകാൻ ഒട്ടുംതന്നെ ധൃതികൂട്ടിയില്ല. അവർ ഏതോ കാര്യത്തെപ്പറ്റി വിവാദം നടത്തുകയായിരുന്നു. ഒരു നിമിഷത്തേക്ക് ഇവരുടെമേലുള്ള നോട്ടം ശരിക്കില്ലാതെ പോയി ഒരു നിമിഷത്തേക്കുമാത്രമായിരുന്നുവെങ്കിലും അത് കാര്യത്തിനു പകരിച്ചു.

"നിങ്ങളുടെ ആദരം ഞാൻ ബാറബാസിനെ അറിയിച്ചുകൊള്ളാം" എന്നു കൂട്ടുകാർ മുന്നറപ്പെരോട്ടമായി മന്ത്രിച്ചുകൊണ്ട്, അയാളുടെ ഉദ്ദേശ്യമെന്തെന്നു അവർ ചിന്തിക്കുവാനിടയാകുന്നതിനുമുമ്പ്, എസ്രാ ഒരു വശത്തേക്കു ചാടി പിൻഭാഗം അവന്റെ നേരെ തിരിച്ചുനിന്ന ഒരു വിചാരിപ്പുകാരനെ കടന്നു, ഉന്നതിയിൽ ഹിന്നോംതാഴ്വരയിലേക്കു പായുന്നതായി കാണപ്പെട്ടു. വമ്പിച്ച തോതിൽ പിലാത്തോസ് പണിനടത്തിക്കൊണ്ടിരുന്ന പുതിയ ജലമാർഗ്ഗത്തിനു സമീപം എവിടെയോ ഇരുട്ടാകുന്നതുവരെ ഒളിച്ചിരിക്കുന്നതിനു സൗകര്യം നോക്കിയുള്ള പാച്ചിൽ എന്നേ കാണികൾ ധരിക്കുമായിരുന്നുള്ളു.

എസ്രായുടെ പലായനം അതു നടന്ന നിമിഷത്തിൽതന്നെ അധികാരികൾ അറിഞ്ഞു. വിചാരിപ്പുകാർ കൂകിവിളിച്ചു എസ്രായുടെ ദൃഷ്ടാന്തം മററു തടവുകാർ അനുകരിക്കാതിരിക്കത്തക്കവണ്ണം അവരെവളഞ്ഞു കൊരടാവടികൾ കൂസൽകൂടാതെ മററു തടവുകാരുടെമേൽ പതിച്ചു. രക്ഷിവർഗ്ഗം ക്രമപരിപാലനത്തിനുള്ള ആജ്ഞകൾ നൽകി. അസ്ത്രങ്ങൾ പലതും എസ്രായെ ലക്ഷ്യമാക്കി പാഞ്ഞു ആയുധധാരികളായ നാലുപേർ അയാളെ അതിശീഘ്രം അനുധാവനം ചെയ്തു.

തടവുകാരുടെയിടയിലുണ്ടായ വിക്ഷോഭം അവർണ്ണനീയമായിരുന്നു. എസ്രായുടെ ഒളിച്ചോട്ടം തിത്തും അവിചാരിതമായിരുന്നു. അയാളുടെ രക്ഷ അസംഭാവ്യമെന്നു അവർക്ക് തോന്നുകയും ചെയ്തു. ആകയാൽ പ്രഹരവും ക്ഷീണവും ഒക്കെ അഗണ്യമാക്കി, വിവരമറിഞ്ഞവരെല്ലാം അതെപ്പററി മാത്രം ചിന്തിച്ചു ആയുധപാണികളായ ഭടന്മാർ എസ്രായെ പിടിക്കുമെന്നുള്ള ഭയവും അവരെ ഗ്രസിച്ചു.

"എസ്രാ, എസ്രാ, അതു എസ്രായാണ്" എന്നിങ്ങനെ അവരിൽ ചിലർ താണസ്വരത്തിൽ ഉച്ചരിച്ചു. മറെറാന്നും ഉരിയാടു

വാൻ അവർക്ക് കഴിഞ്ഞില്ല. വളരെ കുറച്ചുപേർക്ക് മാത്രമേ അഗ്നിദ്യോതകങ്ങളായ നയനങ്ങളോടുകൂടിയ ഈ തടവുകാരന്റെ പേരറിയാമായിരുന്നുള്ളു. എന്നാൽ തടവുകാരിൽ ഓരോരുത്തനും പലായനം ചെയ്യുന്നതു താൻതന്നെയെന്ന നിലയിൽ ചിന്തിച്ചു, ഓടിപ്പോയവന്റെ സൽഗതിയോ ദുർഗതിയോ സ്വന്തമെന്നു നിരൂപിച്ചു, ഹിന്നോം താഴ്വരയുടെ പ്രാന്തത്തിൽ നടക്കുവാനിരുന്ന സംഭവത്തിന്മേൽ അവരുടെയെല്ലാം ആയുസ്സ് ആശ്രയിച്ചിരിക്കുന്നതായി പരിഗണിച്ചു കൊരടാവിന്റെ ആഘാതം അഗണ്യമാക്കി അവർ ഏകയോഗമായി എല്ലാവരും പുറത്തുനിന്നായിരുന്ന തുറന്ന സ്ഥലത്തേക്കു കടന്നു എസ്രാ ചെയ്തുപോലെ ഓടിപ്പോകുവാനായിരുന്നില്ല അയാളുടെ ഓട്ടം വിജയിച്ചോ എന്നു ബോധ്യമാകുവാനായിരുന്നു. പുതിയ രക്ഷികർ ആഗതരായി, ഊരിയ വാളോടുകൂടി തടവുകാരെ ഭീഷണിപ്പെടുത്തുകയും അരഡസനോളം തടവുകാർ കുന്തമുന ചലിപ്പിച്ചുകൊണ്ട് നിലംപതിക്കുകയും ചെയ്തതിനുശേഷമേ അവർ പിൻവാങ്ങിയുള്ളു. ഇതിനിടയിൽ എസ്രായെ കണ്ടിച്ച് ഒരു നിമിഷത്തേക്ക് മിന്നൽപോലെ കാണുവാനെ അവർക്ക് സാധിച്ചുള്ളു. അയാളുടെ പിറകെ ഓടിയ ഭടന്മാർക്ക് വളരെ മുമ്പിലായി ഓടി എസ്രാ പാറക്കെട്ടുകൾ കയറി. അപ്പോഴേക്കും അന്തിയിരുൾ അടുത്തുകൂടി എസ്രായെയും അനുധാവകരെയും ആവരണംചെയ്തു.

മേൽവിചാരിപ്പുകാർ ക്രൗര്യോന്മത്തരായി, ഏതെല്ലാം വിധത്തിൽ നിഷ്ഠൂരതകൾ പ്രകടിപ്പിച്ചുവെന്നു പ്രസ്താവിപ്പാൻ പ്രയാസം. അവരുടെ കൈകാലുകൾ മരവിച്ചുതുവരെ തടവുകാരെ അടിക്കുകയും ഇടിക്കുകയും തൊഴിക്കുകയും മററുവിധത്തിൽ ബന്ധിപ്പിക്കുകയും ചെയ്തു. ചിലരുടെ വായിൽ കോപാവേശംകൊണ്ട് നുരയും പതയും കാണാറായി. മററുചിലർ ശാപവാക്യങ്ങൾ അലറിക്കൊണ്ടിരുന്നു. തടവുകാർക്ക് ഈ ശബ്ദങ്ങളുടെ അർത്ഥം മനസ്സിലായില്ലെങ്കിലും എസ്രാ മറഞ്ഞു കഴിഞ്ഞതിനുശേഷം ബന്ധനങ്ങളുടെ വേദന അവർ നല്ലവണ്ണം മനസ്സിലാക്കുകതന്നെ ചെയ്തു ജയിൽപ്പുരയിൽ തടവുകാരെ ചെറിയ അറകളിൽ കൂട്ടിയിടുകയായിരുന്നു പതിവ്. അവർക്കു ഈ അറകളിൽ നിവർന്നുകിടക്കാൻ പോലും ഇടമില്ലായിരുന്നു. ശ്വസിക്കുവാനുള്ള വായുവിന്റെ കാര്യം പറയാനുമില്ല. പകൽ മുഴുവനും കഠിനാദ്ധ്വാനം ചെയ്ത ഈ കുററപ്പുള്ളികൾ രാത്രിയിൽപോലും വിശ്രമമനുഭവിക്കരുതെന്നായിരുന്നു അധികാരികളുടെ നിശ്ചയം.

റോമന്മാരുടെ വിശ്വാധിപത്യകാലത്ത് യഹൂദസമുദായത്തിലെ താണതരക്കാരുടെ സ്ഥിതി ഇപ്രകാരമായിരുന്നു. ഓരോരോ തടവുകാരനും സ്വന്തം ഉദ്ദേശ്യത്തിന്റെ രാഷ്ട്രീയമായ പൊരുൾ എന്തെന്നു നല്ലവണ്ണം ധരിച്ചിരുന്നു. തങ്ങൾ ഏതു കാരണത്താൽ ഇവ്വിധം ദൂഷണവിധേയരും മൃഗങ്ങളെക്കാൾ കഷ്ടതരമായി ബന്ധിതരുമായി എന്നു തങ്ങളോടുതന്നെ ചോദിച്ചാൽ അവരിൽ ഓരോരുത്തനും ശരിയായ ഉത്തരം ലഭിക്കുമായിരുന്നു. മാരകങ്ങൾക്കുപോലും കമ്പോളത്തിൽ വിലയിടിവില്ലാത്ത ആ കാലത്ത് മനുഷ്യനു ഏതെങ്കിലും വിലകല്പിച്ചിരുന്നതായി അനുഭവപ്പെട്ടില്ല. ആവശ്യനിലധികം ആളുകളെ കിട്ടിയിരുന്നു. ചരക്കു സുലഭ

# ഭാരതീയാന്തരീക്ഷത്തിലെ കമ്മ്യൂണിസ്റ്റ് കാർമേഘം

(ഷെവലിയർ ജോസഫ് പെട്ട)

(തുടർച്ച)

### ശരീരത്തിൽകൂടി ആത്മാവിലേക്ക്

ഈ വിഷയത്തിൽ നമുക്കു മാർഗ്ഗദർശകമായിത്തീരേണ്ടതു നമ്മുടെ ദിവ്യരക്ഷകന്റെ ഉപദേശവും ദൃഷ്ടാന്തവുമാണെ, സംശയമില്ല "ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കുന്നില്ല" എന്നാണല്ലോ അവിടുന്നു അരുളിച്ചെയ്തിട്ടുള്ളത്. പരമകാരുണികനായ അവിടുന്നു ഇഹത്തിൽ വസിച്ചിരുന്ന നാളുകളിൽ എല്ലാവർക്കും നന്മചെയ്തുകൊണ്ടു സഞ്ചരിച്ചിരുന്നു, എന്നത്രെ സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നതു് അതെ, വിശന്നുവലഞ്ഞവർക്കു ഭക്ഷണവും കല്യാണവിരുന്നിനു വീഞ്ഞില്ലാതെ വന്നതു നിമിത്തം ധർമ്മസങ്കടത്തിൽ പെട്ടവർക്കു മധുരതരമായ വീഞ്ഞും, കുരുടർക്കു കാഴ്ചയും ചെകിടർക്കു കേൾവിയും മൂകന്മാർക്കു സംസാരശക്തിയും മുടന്തന്മാർക്കു കാൽസ്വാധീനവും കുഷ്ഠരോഗികൾക്കു ശുദ്ധിയും തളർവാതക്കാർക്കു തങ്ങളുടെ കട്ടിലുമെടുത്തുകൊണ്ടു വീട്ടിലേക്കു നടകൊള്ളുന്നതിനുള്ള പൂർണ്ണാരോഗ്യവും മരിച്ചവർക്കു ഉയിരും പ്രദാനംചെയ്തുകൊണ്ടു അവിടുന്നു സഞ്ചരിച്ചിരുന്നു. എന്നിരുന്നാലും, ശരീരത്തിനെന്നതിനേക്കാൾ ആത്മാവിനു നന്മചെയ്യുന്നതിലാണു് അവിടുന്നു കൂടുതൽ ശ്രദ്ധാലുവായിരുന്നതു്. "നിങ്ങളാദ്യം ദൈവത്തിന്റെ രാജ്യവും അവന്റെ നീതിയും ആദ്യമന്വേഷിക്കുവിൻ അപ്പോൾ ഇവയെല്ലാം കൂട്ടിച്ചേർത്തു നിങ്ങൾക്കു തരപ്പെടും" ഇതായിരുന്നു അവിടത്തെ പ്രബോധനം. പക്ഷവാതരോഗിയുടെ ആത്മീയരോഗമാണു അവിടുന്നു ആദ്യമേ ശമിപ്പിച്ചതു്: "എന്റെ മകനെ, ധൈര്യത്തോടിരിക്കുക; നിന്റെ പാപങ്ങൾ നിന്നോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു." 38 കൊല്ലം രോഗിയായിരുന്ന മനുഷ്യനെ സുഖപ്പെടുത്തിയശേഷം അവിടുന്നു അരുളിച്ചെയ്തു: "മുമ്പിലത്തേതിൽ തിന്മയായി എന്തെങ്കിലും നിനക്കു സംഭവിക്കാതിരിക്കുവാൻ ഇനി നീ പാപം ചെയ്യരുതു്." ശമറായസ്ത്രീയോടു അവിടുന്നു പറയുന്നു: "എന്നാൽ ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്ന ഒരുത്തനും ഒരിക്കലും ദാഹിക്കുകയില്ല. മറിച്ചു്, ഞാൻ അവനു കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവനായി പൊങ്ങിവരുന്ന നീരുറവയായിത്തീരും" വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ സമാശ്വസിപ്പിച്ചുകൊണ്ടു കാരുണ്യവാരിധിയായ ഈശോ അരുളിച്ചെയ്ത വചനങ്ങളിതാ: "ഞാനും നിന്നെ വിധിക്കുന്നില്ല. നീ പൊയ്ക്കൊൾക. ഇതു മുതൽ വീണ്ടും പാപം ചെയ്യരുതു്." രക്തസ്രാവക്കാരിസ്ത്രീക്കു അവിടുന്നു സ്വാഗതം നൽകി: "എന്റെ മകളേ, ധൈര്യത്തോടിരിക്കുക, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" എവിടെയും എപ്പോഴും വിശ്വാസത്തിനു പ്രതിസമ്മാനമായിട്ടാണു് അവിടുന്നു രോഗശാന്തിനൽകിയതു്. അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ചുകൊടുത്തു സംതൃപ്തരാക്കിയ ജനത്തോടു ഈശോ പറയുന്നു: "നിത്യജീവങ്കൽ വരെ നിലനിൽക്കുന്നതിനായി മനുഷ്യപുത്രൻ നിങ്ങൾക്കു തരുന്ന ആഹാരത്തിനായിട്ടല്ലാതെ നിങ്ങൾ അദ്ധ്വാനിക്കേണ്ട" ചുരുക്കത്തിൽ, ശരീരത്തിൽകൂടി ആത്മാവിലേക്കു പ്രവേശിക്കുക, എന്നുള്ളതായിരുന്നു ഈശോ അനുവർത്തിച്ച ദൈവികനയം. നമ്മുടെ വിൻസെന്റ് ഡി പോൾ സംഘാംഗങ്ങൾ ഈ സംഗതി സദാ ഓർത്തിരിക്കേണ്ടതാണു്.

"ശരീരത്തിനടുത്ത മനോഗുണപ്രവൃത്തികൾ" ഒരുൽകൃഷ്ടസേവനമത്രെ, വളരെ വളരെ ആവശ്യവുമാണു്. പക്ഷെ അവ ആദ്യപടി മാത്രമേ ആകുന്നുള്ളു. പരമലക്ഷ്യം എപ്പോഴും നിലകൊള്ളേണ്ടതു "ആത്മത്തിനടുത്ത മനോഗുണപ്രവൃത്തി"കളിലത്രെ. വിശക്കുന്നവർക്കു ഭക്ഷണവും നഗ്നർക്കു വസ്ത്രവും ഭവനരഹിതർക്കു കിടപ്പിടവും ഉണ്ടാക്കിക്കൊടുക്കേണ്ടതിന്റെ അടിയന്തിരാവശ്യകതയെപ്പററി ആർക്കും അഭിപ്രായവ്യത്യാസമില്ല. എന്നാൽ അതുപോലെതന്നെ, എന്നല്ല അതിലുമുപരി ആവശ്യമായിട്ടുള്ളതാണു അറിവില്ലാത്തവരെ — ദൈവബോധമില്ലാത്തവരെ — പഠിപ്പിക്കുന്നതും ആദ്ധ്യാത്മികവിഷയങ്ങളിൽ പങ്കുപ്പെട്ടവർക്കു ബുദ്ധിചെല്ലിക്കൊടുത്തു പകപ്പുതീർക്കുന്നതും. ആദിയുമന്തവുമില്ലാത്ത പരാപരപ്പൊരുളും, സകല ചരാചരങ്ങളുടേയും സൃഷ്ടിസ്ഥിതിസംഹാരകർത്താവുമായ ദൈവത്തിലുള്ള ദൃഢവിശ്വാസവും, നിത്യകാലത്തേക്കു നിലകൊള്ളുന്ന മരണാനന്തരജീവിതത്തെപ്പററിയുള്ള പ്രതീക്ഷയും, സനാതനങ്ങളും സർവ്വവിധശ്രേയസ്സിനാലംബവുമായ ധാർമ്മികമൂല്യങ്ങളോടുള്ള ആദരവും ഭാരതസഹോദരങ്ങളിൽ രൂഢമൂലമാക്കിയാൽ മാത്രമേ അവരുടെ അന്തരാത്മാവിൽ ഉൽഭൂതമായിട്ടുള്ള ആപൽക്കരമായ ഒഴിവു് അഥവാ വിടവു്, നികത്തുന്നതിനും അങ്ങനെ കമ്മ്യൂണിസത്തിന്റെ നുഴഞ്ഞുകയററം കാര്യമായി തടയുന്നതിനും സാദ്ധ്യമാകയുള്ളു. ദേവാലയങ്ങളും വിദ്യാലയങ്ങളും കലാശാലകളും ബഹുവിധ സഖ്യസമാജങ്ങളും നമുക്കാവശ്യമാണു്. പക്ഷെ, അവയെല്ലാം ജീവനും വെളിച്ചവുമായ ഈശ്വരവിശ്വാസവും ധാർമ്മികപ്രവണതയും ഇല്ലാതെ വന്നാൽ അവകൊണ്ടുള്ള പ്രയോജനമെന്തു്? സജീവമായ ഈശ്വരവിശ്വാസമുള്ളേടത്തു ചിരസ്ഥായിയും സ്വാർത്ഥരഹിതവുമായ ജീവകാരുണ്യചൈതന്യം താനെ വന്നുകൊള്ളും. മറിച്ചു്, ഈശ്വരവിശ്വാസമില്ലാത്തവരുടെ ജീവകാരുണ്യപ്രകടനം ക്ഷണികവും സ്വാർത്ഥപരവും ഫലശൂന്യവുമായിരിക്കും. ദൈവസ്നേഹത്തിൽ വേരൂന്നാത്ത പരസ്നേഹവും, പരസ്നേഹപുഷ്പം പുറപ്പെടുവിക്കാത്ത ദൈവസ്നേഹവും ഒരുപോലെ മിഥ്യയത്രെ. വിൻസെന്റ് ഡി പോൾ സംഘാംഗങ്ങളുടെ ജീവകാരുണ്യപ്രവർത്തന വേളകളിൽ, അവരുടെ നിസ്സ്വാർത്ഥസേവനത്തിനു വിഷയീഭവിക്കുന്നസാധു സഹോദരങ്ങളുടെ ഹൃത്തടങ്ങളിലേക്കു ദൈവവിശ്വാസത്തിന്റെയും ദൈവസ്നേഹത്തിന്റെയും പൊൽക്കതിരുകൾ പ്രവേശിപ്പിക്കുന്നതിനുള്ള സുവർണ്ണാവസരങ്ങൾ പലതും അവർക്കു ലഭ്യമാകാതിരിക്കയില്ല. അവ, വിവേകപൂർവ്വം ഫലപ്രദമായി വിനിയോഗിക്കുന്നപക്ഷം നാടിനും നാട്ടാർക്കും വലുതായ നേട്ടങ്ങളുണ്ടാകുമെന്നുള്ളതു തീർച്ചയാണു്.

### സമർത്ഥവും കാലോചിതവുമായ മതപ്രബോധനം

സംക്ഷേപിച്ചുപറഞ്ഞാൽ, അടിയന്തിരവും ആപൽശങ്കനിറഞ്ഞതുമായ ഈ പ്രതിസന്ധിഘട്ടത്തിൽ മതപ്രബോധനം, അതെ, വേദോപദേശം, ശാസ്ത്രീയമായും സമർത്ഥമായും കാലോചിതമായും നൽകുന്നതിനാണു നമ്മുടെ സർവ്വവിധ കഴിവുകളും പരമാവധി പ്രയോഗിക്കേണ്ടതു്. മതതത്വങ്ങളും ധർമ്മസിദ്ധാന്തങ്ങളും നാംതന്നെ നല്ലപോലെ പഠിച്ചറിയുകയും, നമ്മുടെ പരിപൂർണ്ണകഴിവുകൾ പ്രയോഗിച്ചു ഒററയ്ക്കും ഒററയ്ക്കും സ്ഥാപനങ്ങൾവഴിയും അവ മററുള്ളവരെ ഗ്രഹിപ്പിക്കുകയും അങ്ങനെ മനുഷ്യരാശിയെ സ്വ

(ശേഷം 10-ാംപേജിൽ)

ആയിരുന്നതിനാൽ സൂക്ഷിച്ചുപെരുമാറാൻ ശ്രദ്ധവെക്കേണ്ടിവന്നുമില്ല.

ദാഹിച്ചും ശ്വാസംമുട്ടിയും പനിച്ചും, മിതെമിതെ കയറികിടന്നും ഞെരിഞ്ഞും ആ രാത്രി മുഴുവനും ദുരിതമനുഭവിച്ച ആ മനുഷ്യശകലങ്ങൾക്കു് ഒരേയൊരു ചിന്തമാത്രമുണ്ടായിരുന്നു; എസ്രാ രക്ഷപ്പെട്ടുവോ എന്നു്. എസ്രായ്ക്കു വിജയമാശംസിക്കുവാൻ കഴിഞ്ഞവരെല്ലാം അപ്രകാരംചെയ്തു എന്നാൽ അയാൾ വിജയിക്കുമെന്നുള്ള ശരണം അവർക്കുണ്ടായില്ല. അത്യധികം ക്ഷീണിച്ചു വശംകെട്ട ഒരുവൻ, കൈകളിൽ ഇരിമ്പുചങ്ങലയുടെ ഭാരവുമായി ഓടി. വിശ്രമംകൊണ്ടു ഉന്മേഷം സിദ്ധിച്ചവരും ബലിഷ്ഠരുമായ നാലു ഭടന്മാരോടു് ഏതുവിധം ജയിക്കാനാണു്? ഒരുപക്ഷെ, തീപോലെ തിളങ്ങുന്ന കണ്ണുള്ള വിപ്ലവൻ അമ്പേററു നിലംപതിച്ചു കണ്ണുംമിഴിച്ചു കിടക്കുകയായിരിക്കും. അല്ല അയാളെ ജീവനോടുകൂടി ഭടന്മാർ പിടിച്ചു ബന്ധിച്ചുവെന്നും വരാം. അങ്ങനെയെങ്കിൽ അവൻ കുരിശിൽ തറയ്ക്കപ്പെട്ടും. അപ്രകാരമായിരുന്നു അടിമകൾക്കുള്ള മരണം.

അന്നത്തെ സംഘാതമായ അന്ധകാരത്തിൽ താഡിതരും ദാസ്യവൃത്തിയിൽ നിമഗ്നരുമായ ആ ദേഹങ്ങൾ, പൊട്ടിക്കരഞ്ഞു— താഡനമേററു ദാസ്യവൃത്തിയിൽ കഴിഞ്ഞ ദേഹികളുടെ കരച്ചിൽ തന്നെ.



Reg. M. No. 2293

# Sathya Deepam

Vol. 28 Ernakulam, January 19, 1955 No. 22

"ഇന്നത്തെ ബാലൻ
നാളത്തെ പൗരൻ"



# ബാലരംഗം

## ഈ ശില്പിയെ അറിയുമോ?

(വല്യേട്ടൻ)



**മുൻചരിത്രം**

മരണാസന്നനായ ഇളയരാജാവു അദ്ദേഹത്തിന്റെ കുടുംബകാര്യങ്ങളെല്ലാം ജ്യേഷ്ഠനെ ഭരമേല്പിച്ചു അവസാനമായി ഒരപേക്ഷകൂടി നിവേദിപ്പിച്ചു: തോമായെന്ന ശില്പി രാജകുടുംബത്തിനു വരുത്തിയ മാനഹാനിക്കു തക്ക മാതൃകാപരമായ കഠിനശിക്ഷ അയാളെ അനുഭവിപ്പിക്കണം!

മരിച്ചു ശവമഞ്ചത്തിൽ കിടത്തപ്പെട്ടിരുന്ന ഇളയരാജാവിന്റെ മൃതദേഹം അത്ഭുതമായി പുനർജ്ജീവിച്ചു തോമാ രാജാവിനുവേണ്ടി സ്വർഗ്ഗത്തിൽ പണികഴിച്ചിരുന്ന മനോഹരമായ കൊട്ടാരത്തെപ്പറ്റിയുള്ള വിവരണം എല്ലാവരുടേയും മുമ്പിൽ പ്രഖ്യാപനം ചെയ്തു. തുടർന്നെന്തു സംഭവിച്ചു എന്നു കാണുക.




ഗുണ്ടഫർ രാജാവും ഗാഡ് ഇളയരാജാവും രാജകുടുംബവും മാമ്മോദീസാ സ്വീകരിച്ചു. വളരെയേറെ ജനം അവരെ അനുഗമിച്ചു തോമാശ്ലീഹായുടെ സുവിശേഷവേല വളരെ ഫലപ്രദമായി. ശ്ലീഹാ കേരളത്തിൽ ഏഴു പള്ളികൾ സ്ഥാപിച്ചു. അവസാനം മൈലാപ്പൂരിൽവച്ചു കുന്തത്താൽ കുത്തി കൊല്ലപ്പെട്ടു.

## പ്രശ്നം നമ്പർ 5

എന്റെ പേരുപറയാമോ?

ഞാനൊരു പക്ഷിയാണു്. എന്റെ പേരിനു മൂന്നക്ഷരങ്ങളുണ്ടു്. 1-ം 3-ം അക്ഷരങ്ങൾ ചേർന്നാൽ ഒരു കളിക്കോപ്പാകും. 1-ം 2-ം അക്ഷരങ്ങൾ ചേർന്നാൽ അതൊരു രോഗമാകും.

(ഉത്തരം അടുത്തതിൽ)

## പ്രശ്നം നമ്പർ 6

ഞാൻ എല്ലാ മനുഷ്യരുടേയും കൂടപ്പിറപ്പാണു്. എന്റെ പേരിനു മൂന്നക്ഷരംമാത്രം. 1-ം 3-ം അക്ഷരങ്ങൾ ചേർന്നാൽ ഞാൻ പൂക്കളിലിരിക്കും. 1-ം 2-ം അക്ഷരങ്ങൾ ചേർന്നാൽ ഞാൻ യുദ്ധക്കളത്തിലിറങ്ങും.

(ഉത്തരം അടുത്തതിൽ)

മാത്യു ജോർജ്ജ് മങ്കാവിൽ
വയസ്സു് 13

## ഒരു സംഭവകഥ

### "അമ്മേ, ഞാൻ സ്കൂളിൽ പോകുന്നില്ല"

ബനഡിക്ടിന്റെ മാതാവു സപുത്രനെ ഒരിക്കൽ ആശ്ലേഷിച്ചുകൊണ്ടു്, "മകനെ! ദൈവം നിന്നെ സൃഷ്ടിച്ചതു് സ്വർഗ്ഗത്തിൽ പോകുന്നതിനായിട്ടാണു്" എന്നു പറയുകയുണ്ടായി. ഒന്നു രണ്ടു കൊല്ലം കഴിഞ്ഞു് മാതാവു് സുതനെ വിളിച്ചു "ഈ കുട്ടികളുടെ കൂടെ നീയും സ്കൂളിൽ പോകുക" എന്നാജ്ഞാപിച്ചു തൽക്ഷണം ബനഡിക്ട് അമ്മയുടെ ആജ്ഞയനുസരിച്ചു ആ കുട്ടികളുടെ കൂടെ സ്കൂളിലേക്കുപോയി വികൃതിബാലന്മാർ അന്നു വഴിയിൽ കാട്ടിക്കൂട്ടിയ വികൃതികൾ ബനഡിക്ടിനെ വല്ലാതെ വിഷമിപ്പിച്ചു സ്കൂളിലെനടപടികളും നമ്മുടെ ബാലനത്ര ഇഷ്ടപ്പെട്ടില്ല. വളരെ വിഷമിച്ചു് അന്നത്തെദിവസം സ്കൂളിൽ കഴിച്ചുകൂട്ടി. സന്ധ്യക്കു വീട്ടിൽ വന്നിട്ടു് ബാലനിൽ വലിയ പ്രസരിപ്പൊന്നും കണ്ടില്ല. അന്നു രാത്രിയിൽ കിടക്കാൻ പോയപ്പോൾ "എന്റെ ദൈവമേ, ഞാൻ ഈ കൂട്ടരുമായി സ്കൂളിൽ പോയാൽ എനിക്കു സ്വർഗ്ഗത്തിൽ പോകുവാൻ സാധിക്കുമോ" എന്നു തന്നോടുതന്നെ ചോദിക്കുകയുണ്ടായി. അന്നുരാത്രി ബാലനശേഷം ഉറങ്ങിയില്ല. രാവിലെ ഉണന്നു് പതിവുള്ള ദിനചര്യകളെല്ലാം കഴിഞ്ഞു് ആരും കാണാതെ ഒരു ചെറുമുറിയിൽ കയറി മാതാവിന്റെ രൂപത്തിൻ മുൻപിൽ മുട്ടുകുത്തി പ്രാർത്ഥനയാരംഭിച്ചു. മണി ഏകദേശം പത്താകാറായി. കൂട്ടുകാർ വീട്ടിനു ചുറ്റും വന്നു നിലയായി. ഇവരെ കണ്ടുകൊണ്ടു് അമ്മ ബനഡിക്ടിനെ വിളിച്ചിട്ടു മറുപടി ഒന്നും കിട്ടിയില്ല. തന്മൂലം അമ്മ ബാലനെവിടെയെന്നന്വേഷിച്ചു ചെന്നപ്പോൾ വീടിന്റെ ഒരു മൂലയിൽ മാതാവിന്റെ രൂപത്തിൻ മുൻപിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നതു കണ്ടു് "മകനെ, പ്രാർത്ഥന നിർത്തി സ്കൂളിൽപോകുക" എന്നു പറഞ്ഞപ്പോൾ തൊണ്ടയിടറിക്കൊണ്ടു് ബനഡിക്ട് "അമ്മേ! അമ്മ എന്നോടു പറഞ്ഞിട്ടുള്ളതു് ദൈവം എന്നെ സൃഷ്ടിച്ചതു് സ്വർഗ്ഗത്തിൽ പോകുവാനാണെന്നല്ലേ. എന്നാൽ ഈ കുട്ടുകാരുടെകൂടെ സ്കൂളിൽ പോയാൽ എനിക്കു സ്വർഗ്ഗത്തിൽ പോകുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ആകയാൽ ഞാൻ സ്കൂളിൽ പോകുന്നില്ല." ഇങ്ങനെയാണു് വിശുദ്ധ ബനഡിക്ട് ജീവിതമാരംഭിച്ചതു്.

## വിനോദവീഥി

ഹോട്ടൽമുറി വാടകയ്ക്കെടുത്തു താമസിച്ചിരുന്ന ഒരു മാന്യൻ ദിവസവും രാവിലെ എണീറ്റു ക്ഷൗരം ചെയ്തു, ബ്രഷെടുത്തു പല്ലു തേച്ചു്, മുഖം കഴുകി, കുളിച്ചു കണ്ണാടിയും ചീപ്പുംകൊണ്ടു ഭംഗിയായി തലചീകി, മീശ ബ്രഷ് ചെയ്തു, നഖം അരംകൊണ്ടു മിനുക്കി, ഡ്രെസ്ചെയ്തു മുറിതുറക്കുമ്പോഴേക്കു മണി ഏഴാകും. ബെഡ്കാഫിയുംകൊണ്ടു കാത്തുനിന്ന ബോയി രണ്ടുദിവസം കഴിഞ്ഞപ്പോൾ വിഷമിച്ചു് മാന്യനോടു്:—"എന്റെ സാറെ, സാറിന്റെ ഈ കഷ്ടപ്പാടു് എന്നു തീരും?"

* * *

സംഗീതവിദ്യാർത്ഥി:— "ഭാഗവതരേ, എന്റെ പാട്ടുകേട്ടിട്ടു് എന്താണഭിപ്രായം? എനിക്കൊരു പാട്ടുകാരനാവാനുള്ള സാമർത്ഥ്യമുണ്ടോ?"

ഭാഗവതർ:— "സ്വരം നല്ലതാണു്. വല്ല തീപിടുത്തമോ, അപകടമോ ഉണ്ടായാൽ ആളെ കൂട്ടാൻ അതു വളരെ പററിയതു തന്നെ."

* * *

ഒരു കള്ളൻ ഒരു സന്യാസിയുടെ മുറിയിൽ കയറി അപഹരിക്കാൻ എന്താണുള്ളതെന്നു് പരിശോധിക്കുകയായിരുന്നു. പെട്ടെന്നു സന്യാസി ഉണർന്നു.

കള്ളൻ:— (തോക്കുചൂണ്ടിക്കൊണ്ടു്) അനങ്ങിപ്പോകരുതു് എന്റെ പരിശോധന കഴിയുന്നതുവരെ. അല്ലെങ്കിൽ ജീവൻ പിരിഞ്ഞതുതന്നെ."

സന്യാസി:— "ഞാൻ എഴുന്നേററു വിളക്കു കത്തിച്ചു തരാം. പരിശോധിക്കാൻ സഹായിക്കുകയും ചെയ്യാം. ഫലമുണ്ടാകാൻ വഴിയില്ല."

* * *



"ഛെ! എന്താ ബേബി, നിന്റെ മുഖത്തും കുപ്പായത്തിലും കൈയിലുമൊക്കെ"

"അതേ! എനിക്കപ്പച്ചനൊരു പൗണ്ടൻപേന മേടിച്ചുതന്നു."